ജനുവരി 2022

Price ₹ 25

# ജീവനും വെളിച്ചവും



ക്രിസ്തുമസ് പുതുവത്സരാശംസകൾ


FAMILY
PLASTICS
Over 800 products in homes across the globe
FAMILY PLASTICS & THERMOWARE PVT. LTD.
T.C. 3/1148, Industrial Development Plots , Manvila, Kulathoor P.O,Thiruvananthapuram - 695 583, Kerala, India.
: info@familyplastics.com || : www.familyplastics.com

## ജീവനും വെളിച്ചവും

തിരുവനന്തപുരം
ലത്തീൻ അതിരൂപത
പ്രസിദ്ധീകരണം

2022 ജനുവരി
പുസ്തകം - 46 ലക്കം - 1
വില 25 രൂപ (വാർഷിക വരിസംഖ്യ: 300 രൂപ)

ആർച്ച്ബിഷപ്സ് ഹൗസ്
വെള്ളയമ്പലം, തിരുവനന്തപുരം-695 003.
ഫോൺ: 2724001.
www.latinarchdiocesetrivandrum.org
jeevanumvelichavum@gmail.com
www.archtvmnews.com

**രക്ഷാധികാരി**
മോസ്റ്റ് റവ. ഡോ. സൂസപാക്യം
**സഹ രക്ഷാധികാരി**
റൈറ്റ് റവ. ഡോ. ക്രിസ്തുദാസ്
മോൺ. ഡോ. സി.ജോസഫ്
ഡോ. തോമസ് ജെ. നെറ്റോ
**ഉപദേശക സമിതി**
ഫാ. ഫാ. ഡാർവിൻ പീറ്റർ
ഫാ. സുരേഷ് പയസ്
ഫാ. മെൽക്കൺ
ഫാ. സാബാസ് ഇഗ്നേഷ്യസ്
ഫാ. ജോൺ ഡാൾ
ഫാ. സന്തോഷ്കുമാർ പനിയടിമ
ഫാ. ജോൺ എ.ആർ.
ഫാ. ഷാജിൻ ജോസ്
ഫാ. ഫാ. നിജു അജിത്
പി. ശശിധരൻ
**പത്രാധിപർ**
ഫാ. ദീപക് ആന്റോ
**സഹ പത്രാധിപർ**
ഫാ. വിക്ടർ എവരിസ്റ്റസ് IVDei
അഗസ്റ്റിൻ കണിപ്പിള്ളി
**പത്രാധിപ സമിതി**
മോൺ. യൂജിൻ എച്ച് പെരേര
മോൺ. ജെയിംസ് കുലാസ്
അഡ്വ. എം.എ.ഫ്രാൻസിസ്
ഇഗ്നേഷ്യസ് തോമസ്
ഡോ. സീന ഫെലിക്സ്
**ആർട്ടിസ്റ്റ്**
വർഗീസ് ജോർജ്
**ഡിറ്റിപി & ലേ-ഔട്ട്**
സുനിൽകുമാർ
**ഓഫീസ് നിർവഹണം**
സിസ്റ്റർ റീന

*Account Details:*
State Bank of India
A/C No. 57027220934
IFSC : SBIN0070308
A/C Name : Editor, Jeevanum Velicahvum

## മുഖവിചാരം

# ആഘോഷമാണ്, ആർഭാടമല്ല

ജന്മം മുതൽ മരിച്ചടക്കുവരെ നീളുന്ന ആഘോഷ ചടങ്ങുകൾക്കിടയിലേക്കാണ് ക്രൈസ്തവരായ നമ്മിലെ നല്ലൊരുവിഭാഗം ജനങ്ങളും ജനിച്ചുവീഴുന്നത്. കൂദാശകൾ മുതൽ തുടങ്ങി നമ്മുടെ സർവ കൂടിവരവുകളും കൂട്ടായ്മകളും നമ്മുടെ സന്തോഷം മാത്രമല്ല, നമ്മുടെ സുഹൃത്തുക്കളുടെ എണ്ണവും സ്വാധീനവും പണവും സ്വർണവും പ്രദർശിപ്പിക്കാനുള്ള അവസരങ്ങളായി തന്നെയാണ് കരുതപ്പെടുന്നത്: "എത്രമാത്രം, പണം, എത്രമാത്രം അച്ചന്മാർ, എന്തുതരം വിഭവങ്ങൾ " - ഉത്തരങ്ങളിലടങ്ങിയിരിക്കുന്നു ആഘോഷത്തിന്റെ അളവുകൾ. ജന്മദിനം മുതൽ മരിച്ചടക്കുവരെ സർവവും ആഘോഷമാക്കിയിട്ടും, പോരാഞ്ഞ് 'ബേബി ഷവർ' പോലുള്ള ന്യൂജൻ ആഘോഷങ്ങൾവരെ 'കണ്ടെത്തി' നാം ആഘോഷിക്കുകയാണ്.

ക്രിസ്തുമസ് എന്ന സാർവജനീനമായ ആഘോഷത്തിന്റെ പ്രസക്തി ഇവിടെയാണ്. ഇതാ ദൈവം തന്റെ പ്രിയപുത്രന്റെ ജന്മദിനം ഏറ്റവും ലളിതമായി ആഘോഷിക്കുന്നു. എന്റെ ബന്ധുക്കളും സുഹൃത്തുക്കളും മാത്രമുള്ള 'എക്സ്ക്ലൂസീവ്' ആഘോഷങ്ങളെ നോക്കി അവിടുന്ന് പറയുന്നു 'ഇതാ സകല ജനത്തിനും വേണ്ടുള്ള സന്തോഷത്തിന്റെ സദ്വാർത്ത' എന്ന്. ദൈവത്തിന്റെ ബർത്ത്ഡേ ആഘോഷം അത്യാഡംബര റിസോർട്ടിലല്ല. വാടകയ്ക്കെടുത്തൊരു പശുത്തൊഴുത്തിലായിരുന്നു. ആ ആഘോഷത്തിന്റെ വിശിഷ്ടാതിഥികൾ ആടുമാടുകളെ മേയ്ക്കുന്നവരായിരുന്നു. ക്രിസ്തുമസിന്റെ സന്ദേശം ഈ പുൽത്തൊഴുത്തിലുണ്ട്, പുൽത്തൊട്ടിയിലുണ്ട്, പിള്ളക്കച്ചയിലുണ്ട്.

പൊടിപൊടിക്കുന്ന ആഘോഷങ്ങൾക്കിടയിലും വർണാഭമായ ഇലക്ട്രിക് വിളക്കുകൾക്കിടയിലും ബാൻഡുമേളങ്ങൾക്കും കരിമരുന്ന് പ്രയോഗങ്ങൾക്കിടയിലും നിറഞ്ഞുകവിഞ്ഞ തീൻ മേശയിലുമല്ല ക്രിസ്തുമസിന്റെ സന്ദേശം നാം തേടേണ്ടത്.

സാർവലൗകികമായതും ഈ സുദിനത്തിന്റെ ആശംസകളും പ്രതീക്ഷാ നിർഭരമായ പുതുവർഷത്തിന്റെ നന്മകളും ജീവനും വെളിച്ചത്തിന്റെ പ്രിയ വായനക്കാർക്ക് നേരുന്നു. ജനുവരി ലക്കം ക്രിസ്തുമസ് -ന്യൂ ഇയർ പതിപ്പ് നേരത്തെ ഇറക്കുകയാണ്.

- പത്രാധിപർ

## സന്ദേശം

**റവ. ഡോ. ക്രിസ്തുദാസ് ആർ.**
അതിരൂപതാ സഹായ മെത്രാൻ



# സ്നേഹം പങ്കിടുന്നതാണ് ക്രിസ്തുമസ്

"ആദിയിൽ വചനമുണ്ടായിരുന്നു. വചനം ദൈവത്തോടുകൂടെ ആയിരുന്നു. വചനം ദൈവമായിരുന്നു" (യോഹ. 1:1). "വചനം മാംസമായി നമ്മുടെ ഇടയിൽ വസിച്ചു" (ലൂക്ക. 1:14മ).

സ്നേഹമാണ് ക്രിസ്തുമസ്. സ്നേഹം പങ്കിടുന്നതാണ് ക്രിസ്തുമസ്. ആദിയിൽ വചനമായിരുന്ന ദൈവം നമ്മുടെ ഇടയിലേക്ക് നമ്മോടൊത്ത് വസിക്കാൻ ഇറങ്ങിവന്ന അവിടുത്തെ അനന്തസ്നേഹമാണ് ക്രിസ്തുമസ്. മക്കളായ നമ്മോടുള്ള ദൈവപിതാവിന്റെ അവർണ്ണനീയമായ സ്നേഹത്തിന്റെ പങ്കുവയ്ക്കലാണ് ക്രിസ്തുവിന്റെ ജനനത്തിലൂടെ സാദ്ധ്യമാകുന്നത്.

മനുഷ്യർ ദൈവത്തിൽനിന്നകന്നുപോയപ്പോൾ, തി യിൽ നിപതിച്ചപ്പോൾ അവരെ ദൈവത്തിന്റെ സ്നേഹവലയത്തിലേക്ക് തിരിച്ചുകൊണ്ടുവരുവാൻ കാലാകാലങ്ങളിൽ പ്രവാചകന്മാർവഴി ദൈവം ശ്രമിച്ചെങ്കിലും അത് സഫലമായില്ല. അവസാനം തന്റെ തന്നെ പുത്രനെ ലോകത്തിലേക്ക് അയച്ച് അവരെ രക്ഷിക്കാൻ ദൈവം തിരുമനസ്സാകുന്നു. അത്രയേറെ അനിർവചനീയമാണ് ദൈവത്തിന്റെ സ്നേഹം.

ക്രിസ്തുവിൽ ദൈവം മനുഷ്യനായി അവതരിച്ചുകൊണ്ട് എന്താണ് സ്നേഹമെന്ന് നമുക്ക് കാണിച്ചുതന്നു. രോഗികളെ സുഖപ്പെടുത്തി, ആ

**സ്നേഹമാണ് ക്രിസ്തുമസ്. സ്നേഹം പങ്കിടുന്നതാണ് ക്രിസ്തുമസ്. ആദിയിൽ വചനമായിരുന്ന ദൈവം നമ്മുടെ ഇടയിലേക്ക് നമ്മോടൊത്ത് വസിക്കാൻ ഇറങ്ങിവന്ന അവിടുത്തെ അനന്തസ്നേഹമാണ് ക്രിസ്തുമസ്. മക്കളായ നമ്മോടുള്ള ദൈവപിതാവിന്റെ അവർണ്ണനീയമായ സ്നേഹത്തിന്റെ പങ്കുവയ്ക്കലാണ് ക്രിസ്തുവിന്റെ ജനനത്തിലൂടെ സാദ്ധ്യമാകുന്നത്.**

ലംബഹീനർക്ക് അഭയമായി, പാപികളെ മാനസാന്തരത്തിലേക്ക് ക്ഷണിച്ച്, വിശക്കുന്നവന് അപ്പമായി, നിരാശയുടെ കയത്തിൽനിന്ന് പ്രത്യാശയിലേക്ക് ഉയർത്തി, പാവപ്പെട്ടവരെയും അവഗണിക്കപ്പെട്ടവരേയും നെഞ്ചോട്ചേർത്ത്, അഹങ്കാരികളെ ചിതറിക്കുകയും എളിയവരെ ഉയർത്തുകയും ചെയ്ത്, നീതിയും സമാധാനവും സമത്വവും വളർത്തി, എല്ലാവരും ഒരേപിതാവിന്റെ മക്കളാണെന്ന് പഠിപ്പിച്ച് സ്നേഹം പങ്കുവച്ച് ജീവിക്കുവാൻ അവിടുന്ന് ക്ഷണിക്കുകയായിരുന്നു. അങ്ങനെ സ്നേഹവും നീതിയും സമാധാനവും പരിശുദ്ധാത്മാവിലുള്ള സന്തോഷവും അനുഭവിച്ച് അവിടുത്തെ ദൈവരാജ്യത്തിൽ എല്ലാവർക്കും സ്വാഗതമേകുകയും ചെയ്തു.

"നിങ്ങൾക്കായി ഒരു രക്ഷകൻ കർത്താവായ ക്രിസ്തു ഇന്ന് ജനിച്ചിരിക്കുന്നു" (ലൂക്കാ. 2:11) എന്ന സദ്വാർത്ത ദൈവദൂതൻ ആട്ടിടയന്മാരെ അറിയിക്കുന്നു. സകല മനുഷ്യരുടെയും രക്ഷ സാധ്യമാക്കുവാൻ വന്ന യേശു, സ്നേഹമാണ് അതിന്റെ മാർഗ്ഗമെന്ന് സ്വജീവിതത്തിലൂടെ അനുഭവവേദ്യമാക്കി തന്നു. ക്രിസ്തുവിനെ രക്ഷകനായി സ്വീകരിക്കുന്ന എല്ലാവരും സ്നേഹിക്കണമെന്ന കൽപ്പനയിൽ ചരിക്കണമെന്ന് അവിടുന്ന് കല്പിക്കുന്നു: ഇമ്മാനുവേൽ – ദൈവം നമ്മോടുകൂടെ എന്ന അനുഭവം ഓരോ ദിവസവും ക്രിസ്തുമസ് അനുഭവമാക്കുകയും സ്നേഹം അനുദിന ജീവിതത്തിൽ പുലർത്തുവാൻ ആഹ്വാനം ചെയ്യുകയും ചെയ്യുന്നു.

അതെ, ക്രിസ്തുമസ് സ്നേഹം പങ്കിടുന്ന അനുഭവമാണ്. നമ്മുടെ ഇടയിൽ അനാഥർ, വൃദ്ധർ, രോഗികൾ, ഒറ്റപ്പെട്ടുപോയവർ, ദാരിദ്ര്യം അനുഭവിക്കുന്നവർ, ആലംബഹീനർ, ഭിന്നശേഷിക്കാർ, ആരും ശ്രദ്ധിക്കപ്പെടാതെ പോകുന്നവർ, അവഗണന അനുഭവിക്കുന്നവർ, അഗതി മന്ദിരത്തിൽ കഴിയുന്നവർ, നിസ്സഹായരായവർ തുടങ്ങി എല്ലാവരെയും പരിഗണിക്കുകയും ചേർത്തുപിടിക്കുകയും ചെയ്തുകൊണ്ട് കൂട്ടായ്മയുടെ സ്നേഹത്തിൽ ക്രിസ്തുമസ് ആഘോഷം അർത്ഥപൂർണ്ണമാക്കാം. നമ്മുടെ സ്നേഹരാഹിത്യപരമായ സ്വഭാവവൈകല്യങ്ങൾ, ദുഃശ്ശീലങ്ങൾ കുടുംബത്തിന്റെയും സമൂഹത്തിന്റെയും കൂട്ടായ്മയെയും ക്രിസ്മസ് സന്തോഷത്തെയും കെടുത്തിക്കളയാതിരിക്കട്ടെ.

ഒരിക്കൽ ഒരു മകളോട് ക്രിസ്മസ് നാളിൽ ഞാൻ ചോദിച്ചു: മോളേ, വീട്ടിൽ വലിയ ആഘോഷമാണല്ലേ, അവൾ പൊട്ടിക്കരഞ്ഞുകൊണ്ട് പറഞ്ഞു: എന്റെ അച്ഛൻ പതിവുപോലെ മദ്യപിച്ചുവരുകയും കുട്ടികളായ ഞങ്ങളെ ചീത്തവിളിക്കുകയും ഓടിക്കുകയും ചെയ്തു. അവളുടെ കരച്ചിൽ ക്രിസ്മസ് നാളിൽ എനിക്കും ഒരു വിങ്ങലായി അനുഭവപ്പെട്ടു. ഒരിക്കലും ഒരു കുടുംബത്തിലും സന്തോഷത്തിന്റെ നാളിലെങ്കിലും അങ്ങനെ സംഭവിക്കാതിരിക്കട്ടെയെന്ന് ഞാൻ പ്രാർത്ഥിച്ചു.

നമ്മുടെ കുടുംബങ്ങളിൽ, അയൽക്കാരിൽ, ഇടവക സമൂഹത്തിൽ, പൊതുസമൂഹത്തിൽ മറ്റുള്ളവരുടെ ചുണ്ടിൽ പുഞ്ചിരി വിടർത്താൻ, നമുക്കുള്ളത് അവർക്കും പങ്കുവച്ച്, സ്നേഹവും കരുതലും ആശ്വാസവും സാന്ത്വനവുമായി ക്രിസ്തുമസ് സ്നേഹം ഒരുമിച്ച് സന്തോഷത്തോടെ ആഘോഷിക്കാം. പുൽക്കൂട്ടിലെ ഉണ്ണിയേശു നമ്മെ എല്ലാവരെയും സമൃദ്ധമായി അനുഗ്രഹിക്കട്ടെ! ■



# JYOTI NILAYAM SCHOOL

**St.Andrews, St. Xavier's College P.O, TVPM - 695583**




Celebrating 50 Years



## ഞങ്ങളുടെ പ്രത്യേകതകൾ

- സാഹിത്യ- ശാസ്ത്ര - കായിക ക്ലബുകൾ
- കമ്പ്യൂട്ടറധിഷ്ഠിത ക്ലാസ്സുകൾ
- സ്മാർട്ട് ക്ലാസ് റൂമുകൾ
- ഇംഗ്ലീഷ് - മാതൃഭാഷ - രാഷ്ട്രഭാഷ പ്രത്യേക ക്ലാസുകൾ.
- എൻ.സി.സി.
- സ്കൗട്ട് & ഗൈഡ്സ്
- മോട്ടിവേഷൻ ക്ലാസ്, സിവിൽ സർവീസ് മുന്നൊരുക്കക്ലാസ്
- പി.എസ്.സി. ക്ലാസുകൾ
- യോഗ ക്ലാസുകൾ
- വിപുലമായ ലൈബ്രറി
- വിശാലമായ കളിസ്ഥലം

തിരുവനന്തപുരം തീരദേശ ജനതയെ വിദ്യാഭ്യാസ പരമായും, സാംസ്കാരികമായും കൈപിടിച്ചുയർത്തി, ഇംഗ്ലീഷ് വിദ്യാഭ്യാസത്തിന്റെ വിത്ത് തീരദേശത്ത് മുളയിച്ച സെന്റ്. ആൻഡ്രൂസ് ജ്യോതിനിലയം സ്കൂളിന്റെ സുവർണ്ണ ജൂബിലി ആഘോഷിക്കുമ്പോൾ, ഈ സ്ഥാപനത്തിന്റെ വളർച്ചയിൽ താങ്ങായി, തണലായി നിന്ന രൂപതാധ്യക്ഷൻമാരെയും, വൈദികരെയും, ഇടവകാംഗങ്ങളെയും അഭ്യുദയകാംക്ഷികളെയും സ്നേഹത്തോടെ ഓർക്കുന്നു.

*Best wishes from*

**Jyoti Nilayam Higher Secondary School**
**&**
**Jyoti Nilayam Senior Secondary School**

# താളുകളിൽ


**യേശു എത്ര നല്ലവൻ** 8
ഡോ. ജോർജ്ജ് ഓണക്കൂർ

**സ്നേഹം അപ്പമായ ബേത്‌ലെഹെം** 10
ഫാ. ഡൈസൻ

**കവിത: വക്കുപൊട്ടിയ വാക്കുകൾ** 15
ലോറൻസ് ഫെർണാണ്ടസ്

**അഭിമുഖം: ഇന്ദ്രൻസ്** 16

**സ്നേഹമെന്ന വിസ്മയത്തണലിൽ** 18
ഗോപിനാഥ് മുതുകാട്

**ഇരുപത്തിമൂന്നാമത്തെ ക്രിസ്തുമസ്** 20
എസ്.എൻ. റോയ്

**കഥ: താഴ്‌വാരങ്ങളിലെ ക്രിസ്തുമസ്** 24
ഡോ. മഞ്ജു ഇഗ്നേഷ്യസ്

**ഒപ്പം നടക്കാം പുതിയൊരു പാതയിലൂടെ** 26
ഡോ. സീനാ ഫെലിക്സ്

**വിവിധ നാടുകൾ, വിവിധ പാരമ്പര്യങ്ങൾ, ഒരേയൊരാഘോഷം** 30
ഫാ. ഇമ്മാനുവേൽ

**കഥ: വിശുദ്ധയാത്ര** 32
ഫാ. ലെനിൻ ഫെർണാണ്ടസ്

**പെറുവിൽ പിറന്ന പുൽക്കൂട്** 35
ഫാ. പോൾ സണ്ണി

**വാർത്തകൾ** 37

**നീർച്ചാൽ** 42

**വചനജ്വാല** 51

**നേർക്കാഴ്ച** 54
ജെ.സി.










ലേഖനം



*ഇത് ഒരു വലിയ രഹസ്യമാണ്. ആനന്ദകരമായ നവോന്മേഷത്തിന്റെ ചിത്രം. പാപത്തിൽ അകപ്പെട്ടുപോയ മനുഷ്യന് യേശു രക്ഷയുടെ ദൈവമാകുന്നു. അവിടുന്ന് കൈകൾ നീട്ടി കാണാതായ കുഞ്ഞാടിനെ നെഞ്ചോട് ചേർക്കുന്നു. സ്നേഹത്തിൽ നിന്ന് അകന്നുപോകാൻ ആരെയും അനുവദിക്കാത്ത നന്മയുടെ നല്ല ഇടയൻ.*




**ഡോ. ജോർജ്ജ് ഓണക്കൂർ**
സാഹിത്യകാരൻ


# യേശു എത്ര നല്ലവൻ

മഞ്ഞിൽ കുളിച്ചുനിൽക്കുന്ന രാത്രി. എങ്ങും അതിന്റെ നനവ്; കുളിർമ. ഭൂമിയിൽ നക്ഷത്രവിളക്കുകൾ തെളിച്ച് കുട്ടികൾ ഉത്സാഹത്തിമിർപ്പോടെ ക്രിസ്തുമസ്സിനെ വരവേൽക്കാൻ ഒരുങ്ങുന്നു. കാറ്റിൽ കലർന്നു വരുന്ന സംഗീതം സാന്ത്വനത്തിന്റെ സ്പർശം അനുഭവപ്പെടുത്തുന്നു. അമ്മ രുചികരമായ ക്രിസ്തുമസ് പലഹാരങ്ങൾ ഒരുക്കുന്നുണ്ടാകും. കുട്ടിയുടെ നാവിൽ കൊതിയൂറും. പാതിരാക്കുർബ്ബാന കഴിഞ്ഞ് നേരം പുലരുമ്പോൾ കേക്കിന്റെ മധുരം നുണയാം. ക്രിസ്തുമസ് രാവിനെക്കുറിച്ച്, പുലരിയെക്കുറിച്ച് ഓർമ്മിക്കുമ്പോൾ ഈ ശൈശവത്തിന്റെ സന്തോഷം ഓടിയെത്തും. അതുപോലെ മനോഹരമായ മറ്റു സന്ദർഭങ്ങൾ ഏറെ ഓർമ്മിച്ചെടുക്കാൻ ഇല്ല. യേശുവിന്റെ പിറവിത്തിരുന്നാൾ ഒരു വലിയ പ്രതീക്ഷയുടെ പ്രകാശം. അത് ദിങ്മുഖങ്ങളിൽ നിന്ന് ഇരുളിന്റെ അലകൾ വകഞ്ഞു മാറ്റുന്നു. സൂര്യകിരണങ്ങൾ കടന്നുവരുന്നു. ഒരു പുതുയുഗത്തിന്റെ പിറവി. സ്നേഹവും സന്തോഷവും മാത്രം പുലരുന്ന പുതിയ പ്രഭാതം. എത്രസന്തോഷത്തോടെയാണ് പുൽക്കൂട് ഒരുക്കി ഉണ്ണിയേശുവിനെ കൈയിലെടുത്ത് ഹൃദയത്തിൽ ചേർത്തു പിടിക്കാൻ മോഹിച്ചിരുന്നത്.

യേശുവിന്റെ ജനനം യുഗപ്പിറവിയുടെ അപൂർവ്വസന്ദേശമാണ് നൽകുന്നത്. മനുഷ്യചരിത്രത്തെ അത് രണ്ടായി പകു

ക്കുന്നു. ബൈബിളിൽ പഴയനിയമം കർക്കശമായ നിയന്ത്രണങ്ങളുടെ കാലമാണ്. മനുഷ്യന്റെ തെറ്റുകളിൽ കോപിക്കുകയും ശിക്ഷിക്കുകയും ചെയ്യുന്ന ദൈവത്തിന്റെ ഭയജനകമായ ശബ്ദം മലമുകളിൽ മുഴങ്ങുന്നു. ഉദ്യാനങ്ങളിൽ നിന്ന് പേടിയോടെ പറന്നകലുന്ന ചിത്രശലഭങ്ങൾ. പൂക്കൾ ഭയന്നുവിറച്ച് നിറം കെട്ടുപോകുന്നു. ഭീതിദമായ നിയമങ്ങളുടെ കാലത്തുനിന്ന് നീതി നിറഞ്ഞ സ്നേഹത്തിന്റെയും സാന്ത്വനത്തിന്റെയും യുഗപരിണാമമാണ് ക്രിസ്തുമസ് സൃഷ്ടിക്കുന്നത്. ശിക്ഷിക്കാനല്ല, രക്ഷിക്കാൻ പിറക്കുന്ന ദൈവപുത്രൻ. അത് മാറ്റത്തിന്റെ കാഹളശബ്ദം ആകുന്നു. 'അനുതപിക്കുവിൻ, രക്ഷപ്രാപിക്കും' എന്ന സന്ദേശം. പാപത്തിൽ അകപ്പെടുന്നവരെ കല്ലെറിഞ്ഞ് കൊല്ലുകയല്ല, ആശ്വസിപ്പിച്ച് ശാന്തിയോടെ പുതുജീവിതം നയിക്കാൻ അനുഗ്രഹിക്കുകയാണ് രക്ഷകനായ ദൈവപുത്രൻ.

വിശുദ്ധ വേദപുസ്തകത്തിലെ ഈ രണ്ടു ഭാഗങ്ങൾ ശിക്ഷയും രക്ഷയും അടയാളപ്പെടുത്തുകയാണ്. ഇരുളിൽ നിന്ന് വെളിച്ചത്തിലേക്കും, തിന്മയിൽ നിന്ന് നന്മയിലേക്കും, മരണത്തിൽ നിന്ന് വെളിച്ചത്തിലേക്കുമുള്ള ജീവിതപരിണതി.

ഇത് ഒരു വലിയ രഹസ്യമാണ്. ആനന്ദകരമായ നവോന്മേഷത്തിന്റെ ചിത്രം. പാപത്തിൽ അകപ്പെട്ടുപോയ മനുഷ്യന് യേശു രക്ഷയുടെ ദൈവമാകുന്നു. അവിടുന്ന് കൈകൾ നീട്ടി കാണാതായ കുഞ്ഞാടിനെ നെഞ്ചോട് ചേർക്കുന്നു. സ്നേഹത്തിൽ നിന്ന് അകന്നുപോകാൻ ആരെയും അനുവദിക്കാത്ത നന്മയുടെ നല്ല ഇടയൻ.

എപ്പോഴും ആഹ്ലാദം പകരുന്ന യാത്രകളിൽ ഒപ്പമുണ്ടാകുന്ന നല്ല ഇടയനെക്കുറിച്ച്, ഗുരുവിനെക്കുറിച്ച്, സ്നേഹിതനെക്കുറിച്ച് ധ്യാനിക്കാത്ത സമയം ഏറെയില്ല. എപ്പോഴും ഒരു സഹയാത്രികൻ ഒപ്പമുണ്ട് എന്ന തിരിച്ചറിവാണ് ജീവിതവഴികൾ ഒറ്റയ്ക്കു പിന്നിടുന്നതിന് ശക്തി പകർന്നിരുന്നത്. അഥവാ ഒരിക്കലും ഒറ്റയ്ക്ക് ആവുകയില്ല, അവിടുന്ന് ഒപ്പമുണ്ടെന്ന ഉറച്ച വിശ്വാസം വലിയ ആശ്വാസം.

യേശു എനിക്ക് ആശ്രയമരുളുന്ന നല്ല സ്നേഹിതനാണ് എന്നും. യേശു എത്ര നല്ലവൻ എന്ന് എന്റെ മനസ്സ് സദാമന്ത്രിച്ചുകൊണ്ടിരിക്കുന്നു. ഒരിക്കലും അവൻ എന്നെ കൈവിടുകയില്ല. പല രൂപങ്ങളിൽ കാറ്റായി, കുളിരായി, വെളിച്ചമായി ആ മഹാസാന്നിദ്ധ്യം. കരുണയുള്ള കണ്ണുകൾകൊണ്ട് തലോടുന്നു. ബലമുള്ള കരങ്ങൾ സുരക്ഷയേകുന്നു. എപ്പോഴും മനസ്സിൽ ആ സംഗീതത്തിന്റെ സ്വരം; 'യേശു എത്ര നല്ലവൻ.'

ജീവിതവഴികളിൽ പ്രകാശം ചൊരിയുന്ന ദീപങ്ങൾ കത്തിനിന്നിട്ടുണ്ട്. വെളിച്ചത്തിന്റെ വഴികളിലൂടെ കാലിടറാതെ നടക്കാൻ കഴിഞ്ഞിട്ടുണ്ട്. അപ്പോഴൊക്കെ സംരക്ഷണത്തിന്റെ സുഖം അനുഭവിച്ചിട്ടുമുണ്ട്. എങ്കിലും എന്നെ ഇത്രയധികം സ്നേഹിച്ച, സ്നേഹത്തിന്റെ പൂർണ്ണതയിൽ ആത്മബലി അർപ്പിച്ച പൂർണ്ണ മനുഷ്യനും ദൈവവുമായ ജീവരക്ഷകൻ യേശുദേവനല്ലാതെ മറ്റൊരാൾ ആരുണ്ട്? അവിടുന്ന് കാലത്തിന് നൽകിയ മഹാസന്ദേശം കേൾക്കാൻ നാമൊക്കെ സദാ കാതോർക്കുന്നു. 'സ്നേഹിക്കുക, വീണ്ടും സ്നേഹിക്കുക, പൂർണ്ണമായി സ്നേഹിക്കുക. നിന്നെപ്പോലെ നിന്റെ അയൽക്കാരനെ, മനുഷ്യരെ സ്നേഹിക്കാത്തവർക്ക് ദൈവത്തെ സ്നേഹിക്കുക സാദ്ധ്യമല്ല. ബലിയല്ല എനിക്ക് വേണ്ടത് കരുണയാണ്.' സ്നേഹസാന്ദ്രമായ മധുരസന്ദേശം. കാൽവരി മലയിലെ കുരിശിൽ മൂന്നു ആണികളിൽ പിടയുമ്പോഴും ആ കണ്ണുകളിൽ കാരുണ്യത്തിന്റെ ആർദ്രത. ക്ഷമയുടെ തിളക്കം. പാപികളെക്കുറിച്ച് അവിടുന്ന് അനുതാപത്തോടെ ചിന്തിക്കുന്നു. തന്നെ കുരിശിൽ ഏറ്റിയവരോട് ക്ഷമിക്കുന്നു. മഹാപാതകത്തിന് മാപ്പുകൊടുക്കുന്നു. 'ഇവർ ചെയ്യുന്നത് എന്തെന്ന് അറിയുന്നില്ല. ഇവരോട് ക്ഷമിക്കേണമേ' എന്ന പ്രാർത്ഥന. കാലത്തിന്റെ മനസ്സിൽ കൃപാവരമായി അനുഗ്രഹം.

മറിയത്തിന്റെ മകൻ പിറന്നുവീണ ബേത്‌ലെഹെമിലെ കാലിത്തൊഴുത്തിൽ ഞാൻ പ്രാർത്ഥനാനിരതനായി നിന്നിട്ടുണ്ട്. ശിശു വളർന്ന നസ്റത്തിലും സഞ്ചരിച്ച വഴികളിലും യാത്ര ചെയ്തിട്ടുണ്ട്. മലയിലെ പ്രഭാഷണശൈലി എന്നെ വിസ്മയിപ്പിച്ചു. ഗെത്സെമൻ തോട്ടത്തിൽ പാറയുടെ മുകളിൽ കമഴ്ന്നുവീണു ഞാൻ പ്രാർത്ഥിച്ചു. ഒലിവുമരങ്ങൾ ശിഖരങ്ങൾ താഴ്ത്തി എന്റെ ശിരസ്സിൽ സ്പർശിച്ച സായംസന്ധ്യകൾ. കാൽവരിയിലെ കുരിശിന്റെ ചുവട്ടിൽ ഞാൻ ഏകനായി നിന്നു. കുരിശിന്റെ മുകളിൽ സന്ധ്യപ്രകാശം പരന്നിരുന്നു. അത് മനുഷ്യസ്നേഹത്തിന്റെ, കാരുണ്യത്തിന്റെ, പുഞ്ചിരിയുടെ പ്രകാശമായിരുന്നു. പുൽത്തൊട്ടിയിൽ ജാതനായ ശിശുവിന്റെ നിഷ്കളങ്കമായ മന്ദഹാസത്തിന്റെ മനോഹാരിത. അത് എനിക്ക് 'ജീവനും വെളിച്ചവും' ആണ്. യാത്രാപഥത്തിൽ മുന്നേറാൻ ശക്തിയും പ്രേരണയും ആണ്. എന്തെന്നാൽ ഞാൻ ഒറ്റയ്ക്കല്ല. ഒപ്പം നടക്കാൻ സ്നേഹിതനായി മനുഷ്യപുത്രനുണ്ട്. ദൈവമുണ്ട്. കാലുകൾ ഇടറാതെ വഴിതെളിക്കുന്ന, സ്നേഹത്തിന്റെ, കരുതലിന്റെ, പൂർണ്ണതയായി എന്റെ ഗുരു; സ്നേഹിതൻ അഥവാ സ്നേഹമായി എന്നും എന്റെ ദൈവം.





ലേഖനം

# സ്നേഹം അപ്പമായ ബേത്ലെഹെം

അപ്പത്തിന്റെ ഭവനമായ ബേത്ലെഹെമിൽ സ്വർഗ്ഗത്തിലെ സ്നേഹം ജീവന്റെ അപ്പമായി മാറിയതാണ് ക്രിസ്തുമസ്. സ്വർഗ്ഗത്തിലെ സ്നേഹത്തിന്, മാനുഷിക മുഖമുണ്ടാകുകയും, അതിന് കൈകളും കാലുകളും മുളയ്ക്കുകയും ചെയ്ത പുണ്യദിനമാണ് ക്രിസ്തുമസ്. മറ്റു വാക്കുകളിൽ സ്നേഹം മനുഷ്യനായി ബേത്ലെഹെമിൽ അവതരിച്ച ദിനം. ഓരോ ക്രിസ്തുമസും മനുഷ്യരായ നമ്മെ സ്നേഹത്തിന്റെ നിഴലാകാനും, സ്നേഹത്തിന്റെ മിഷണറിയാവാനും, സ്നേഹത്താൽ പ്രേരിതരായി സഹോദരരുടെ ചുമടുകൾ വഹിക്കാനും ആഹ്വാനം ചെയ്യുന്നു.

## 1. സ്നേഹത്തിന്റെ (ക്രിസ്തുവിന്റെ) നിഴൽ

യൗസേപ്പിതാവ് ഈ ലോകത്തിൽ സ്വർഗ്ഗസ്ഥനായ പിതാവിന്റെ നിഴലാണെങ്കിൽ (പിതൃ ഹൃദയത്തോടെ നമ്പർ 7) പത്രോസ് യേശുവിന്റെ നിഴലാണ്. കാരണം പത്രോസ് കടന്നു പോകുന്ന വഴികളിലെല്ലാം ജനങ്ങൾ രോഗികളെയും പിശാചുബാധിതരെയും കൊണ്ടു വന്നു. അവൻ കടന്ന് പോകുമ്പോൾ അവന്റെ നിഴൽ പതിയുന്നതിനു വേണ്ടിയായിരുന്നു. അവന്റെ നിഴൽ പതിഞ്ഞവരെല്ലാം സൗഖ്യം പ്രാപിച്ചു (അപ്പ 5:15-16). പത്രോസിന്റെ നിഴലിനു പോലും സൗഖ്യം നല്കുവാനുള്ള ശക്തിയുണ്ടായിരുന്നു. കാരണം പൂർണ്ണമായും മുഴുവനായും അവൻ ക്രിസ്തുവിനെ കൊണ്ട് നിറഞ്ഞിരുന്നു. അതുകൊണ്ടു തന്നെയാണ് അവൻ ക്രിസ്തുവിന്റെ നിഴലായി മാറിയതും.

രണ്ടാം ക്രിസ്തുവെന്ന് അറിയപ്പെടുന്ന ഫ്രാൻസിസ് ക്രിസ്തുവിന്റെ നിഴലായി മാറിയത് ദൈവസ്നേഹത്തിൽ മുങ്ങിത്താണപ്പോഴാണ്.അതിലൂടെ അവൻ ഇല്ലാതാകുകയും ക്രിസ്തുവായി മാറുകയും ചെയ്തു. വിശുദ്ധ കൊച്ചുത്രേസ്യ ഈ ലോകത്ത് ക്രിസ്തുവിന്റെ നിഴലായി മാറിയത് ക്രിസ്തു സ്നേഹത്തിൽ അലിഞ്ഞ് ഇല്ലാതായപ്പോഴാണ്.കുരിശിലെ വി.യോഹന്നാൻ തന്റെ കവിതയിൽ ഇങ്ങനെ കുറിക്കുന്നു.

പ്രിയനെ, ഞാൻ സ്നേഹത്താൽ മരിക്കുകയാണ്<br>
ഞാൻ എന്തു ചെയ്യണം<br>
പ്രിയൻ മറുപടി മൊഴിഞ്ഞു.<br>
എങ്കിൽ എന്റെ മാധുര്യ ഹൃദയമേ, മരിക്കുക<br>
ഞാനല്ലാത്ത സർവ്വതിനോടും മരിക്കുക.

ക്രിസ്തുവല്ലാത്ത സർവ്വതിനോടും മരിച്ചാൽ പിന്നെ അവശേഷിക്കുന്നത് ക്രിസ്തു മാത്രമാണ്. ഒരിക്കൽ ദരിദ്രനായ



ഫാ. ഡൈസൻ

ഒരാൾ സ്വർഗ്ഗവാതിൽക്കലെത്തി. വാതിലിൽ മുട്ടുകയും അത് തുറക്കപ്പെടുകയും ചെയ്തു. കാവൽക്കാരൻ: നിങ്ങളുടേതായിട്ടുള്ളതെല്ലാം പുറത്തു കളഞ്ഞിട്ട് ഇവിടേക്ക് കയറാം. അയാൾ ചിരിച്ചു: പൂർണ്ണ നഗ്നനായ ഒരാളോടാണോ ഇങ്ങനെ നിർദ്ദേശിക്കുന്നത്. കാവൽക്കാരൻ: നിങ്ങൾ പൂർണ്ണ നഗ്നനായിരിക്കാം. പക്ഷേ നിങ്ങൾ ഉള്ളിൽ നിങ്ങളെ ചുമക്കുന്നുണ്ട്. നിങ്ങളുടെ ശരീരത്തിന് ഉള്ളിൽ ഇപ്പോഴും നിങ്ങൾ തന്നെയാണ്. അത് പുറത്തു കളയൂ, നിങ്ങൾക്ക് അകത്ത് പ്രവേശിക്കാം. അയാൾ കുപിതനായി: ഞാൻ മഹാനായ പ്രസിദ്ധനായ ഒരു യതിയാണ്. ഭൂമിയിലെനിക്ക് ആയിരക്കണക്കിന് അനുയായികളുണ്ട്. അത് തന്നെയാണ് നിങ്ങളുടെ പ്രശ്നം. കാവൽക്കാരൻ പറഞ്ഞു: നിങ്ങൾ നിങ്ങളല്ലാതാവുക, ക്രിസ്തുവാകുക. വാതിലുകൾ നിങ്ങൾക്കായ് തുറക്കപ്പെടും. ക്രിസ്തുവല്ലാത്ത സർവ്വതിനോടും മരിച്ച വി.പൗലോസ് പറയുന്നു. എന്നിൽ ഞാനല്ല ജീവിക്കുക ക്രിസ്തുവാണ്.

ക്രിസ്തു എനിക്ക് പുറത്തല്ല എന്റെ ഉള്ളിലാണ്. എന്റെ ഉള്ളിലെ ക്രിസ്തുവിന് വികാസം പ്രാപിക്കാൻ സാഹചര്യമൊരുക്കുന്നതാണ് യഥാർത്ഥ ക്രിസ്തുമസ് ഒരുക്കം. ഞാൻ മുഴുവനും ക്രിസ്തുവായി മാറുമ്പോൾ മറ്റു വാക്കുകളിൽ സ്നേഹമായി തീരുമ്പോൾ, എനിക്ക് ഈ ലോകത്തിൽ സ്നേഹത്തിന്റെ നിഴലായി മാറാൻ സാധിക്കും. എന്നിൽ ആർക്കും ഇടമില്ലാത്ത രീതിയിൽ ഞാൻ വളരുമ്പോൾ എന്റെ ഉള്ളിലെ ക്രിസ്തു ഞെരുക്കപ്പെടുന്നു. ക്രിസ്തു എന്നിൽ വളർച്ച പ്രാപിക്കണമെങ്കിൽ ക്രിസ്തുവിന്റെ നിഴലായി ക്രിസ്തുവിനു മുമ്പേ വന്ന സ്നാപകന്റെ സൂക്തം അഭ്യസിക്കണം: ക്രിസ്തു വളരണം. ഞാൻ കുറയണം (യോഹ 3:30)

## 2. സ്നേഹത്തിന്റെ മിഷണറി

ഒരിക്കൽ തന്റെ മുന്നിലുള്ളവരെ അഭിസംബോധന ചെയ്തു കൊണ്ട് വി. മദർ തെരേസ പറഞ്ഞു: എന്താണ് നമ്മുടെ ആയുധം? തോക്കുകളും ബോംബുകളുമല്ല; സ്നേഹമാണ്. പാവപ്പെട്ടവരോടുള്ള സ്നേഹം; എല്ലാവരാലും ഉപേക്ഷിക്കപ്പെട്ടവരോടുള്ള സ്നേഹം. വി. മദർ തെരാസ ക്രിസ്തുവിന്റെ സ്നേഹത്താൽ സ്നാനം ചെയ്യപ്പെട്ടതുകൊണ്ട് ദരിദ്രരിലും മുറിവേറ്റവരിലും പാർശ്വവൽക്കരിക്കപ്പെട്ടവരിലും ക്രിസ്തുവിന്റെ മുഖം കണ്ടു. താൻ അനുഭവിച്ച ക്രിസ്തുവെന്ന സ്നേഹത്തെ ആവശ്യക്കാർക്ക് ആവോളം പകർന്നു നല്കിയതിലൂടെ അവൾ സ്നേഹത്തിന്റെ മിഷണറിയായി മാറി.

സ്നേഹത്തിന്റെ മിഷണറിയാകണമെങ്കിൽ യോഹന്നാനെപ്പോലെ ശിരസ്സിനെ ക്രിസ്തുവിന്റെ ഹൃദയത്തോട് ചേർത്തുവയ്ക്കണം. മറ്റുവാക്കുകളിൽ എന്റെ നിവർന്നു നില്ക്കുന്ന ശിരസ് ക്രിസ്തുവിന്റെ ഹൃദയത്തോളം താഴ്ത്തണം. ഒരിക്കൽ മൈക്കിൾ ആഞ്ചലോയുടെ കലാസൗന്ദര്യത്തിൽ ആകൃഷ്ടനായി അദ്ദേഹത്തെ സമീപിച്ച ശിഷ്യനോട് എന്താണ് വേണ്ടതെന്ന് ചോദിക്കുമ്പോൾ മറുപടി ഇങ്ങനെയായിരുന്നു. അങ്ങയെപ്പോലെ ആകണം. മൈക്കിൾ ആഞ്ചലോ ആ ശിഷ്യനോട് പറഞ്ഞു. നിന്റെ കൈ ഇവിടെ കൊണ്ടുവരിക. എന്റെ കരങ്ങളോട് ചേർത്ത് വയ്ക്കുക. നിന്റെ നെഞ്ച് എന്റെ ഹൃദയത്തോട് ചേർത്തു വച്ച് മിഴികൾ എന്റെ മിഴികളിലുറപ്പിക്കുക. നിനക്ക് എന്റെ കലാനൈപുണ്യം ഉണ്ടാകും.



**തങ്ങളെ സൃഷ്ടിച്ച ദൈവത്തിന് വേണ്ടി നക്ഷത്രങ്ങൾ സന്തോഷപൂർവ്വം ആകാശത്ത് മിന്നുന്നുവെങ്കിൽ (ബാറു 3 : 34) നമ്മെ സൃഷ്ടിച്ച ദൈവത്തിന് വേണ്ടി നമ്മളും സ്നേഹം കൊണ്ട്, പുണ്യങ്ങൾകൊണ്ട്, നന്മകൾകൊണ്ട് തിളങ്ങുന്ന നക്ഷത്രങ്ങളാവണം. സ്വർഗ്ഗത്തിലെ സ്നേഹം ബേത്‌ലെഹെമിൽ അപ്പമായതുപ്പോലെ, സ്നേഹത്തിനായി വിശക്കുന്നവർക്ക് നമ്മളും അപ്പമായി മാറുമ്പോൾ അവിടെ യേശു ജനിക്കുന്നു**

സ്നേഹം തന്നെയായ ദൈവം മനുഷ്യനായതാണ് ക്രിസ്തുമസ്. എങ്കിൽ സ്നേഹത്തിന്റെ മിഷണിറിയാകാൻ ഒരാൾ നടത്തുന്ന സ്നേഹസ്നാനമാണ് ക്രിസ്തുമസ്. സ്നേഹസ്നാനം നടത്തുവാൻ സ്നേഹത്തിന്റെ മിഷണറിയായ, അപ്പസ്തോലനായ

യോഹന്നാൻ തിരുവത്താഴ മേശയിൽ പോയെങ്കിൽ, ജീവന്റെ അപ്പമായ ക്രിസ്തു ജനിച്ച പുൽക്കൂട്ടിൽ മൂന്നു രാജക്കന്മാരെ പോലെ ശിരസ് നമിക്കാം. അപ്പോൾ നമ്മളും അവന്റെ സ്നേഹത്താൽ സ്നാനം ചെയ്യപ്പെട്ട വ്യക്തികളായി മാറും. ഇതുവരെ നടന്ന വഴികളിൽ നിന്ന് വേറിട്ട് ദൈവം കാണിക്കുന്ന വഴിയിലൂടെ നമുക്ക് നടക്കുവാൻ സാധിക്കും.

### 3. സ്നേഹത്തിന്റെ ചുമടുതാങ്ങി

എനിക്കുണ്ടൊരു ലോകം, നിനക്കുണ്ടൊരു ലോകം നമുക്കില്ലൊരു ലോകമെന്ന കവി വാക്യം അന്വർത്ഥമാകുന്ന രീതിയിൽ ഈ ലോകം സ്വാർത്ഥതയ്ക്ക് അടിമപ്പെട്ടിരിക്കുന്നു. സ്വാർത്ഥതയുടെ ലോകത്ത് സ്വാഭാവികമായും സാഹോദര്യം അന്യമാകും. സാഹോദര്യം അന്യമാകുന്ന ലോകത്ത് എനിക്കെങ്ങനെ എന്റെ സഹോദരന്റെ കാവൽക്കാരനാകാൻ, അവന്റെ മുറിവുണക്കാൻ, അവന്റെ ഭാരം വഹിക്കാൻ, ആപത്ത് ഘട്ടങ്ങളിൽ അവനെ സഹായിക്കുന്ന സാന്താക്ലോസാവാൻ സാധിക്കുക? ദൈവം എന്നെ ഈ ലോകത്ത് സൃഷ്ടിച്ചിരിക്കുന്നത് സഹോദരന്റെ കാവലാകാനും അവന്റെ ഭാരം വഹിക്കാനുമാണെന്ന സത്യം തിരിച്ചറിയണം.


ഒരിക്കൽ ഒട്ടിയ വയറും ഉണങ്ങിയ ചുണ്ടുമായി തണുപ്പത്ത് വിറങ്ങലിച്ചു നില്ക്കുന്ന ഒരു പെൺകുട്ടിയെ കണ്ടപ്പോൾ സാമൂഹ്യ പരിഷ്കർത്താവിന്റെ ധാർമ്മിക രോഷം അണപൊട്ടിയൊഴുകി. അവൻ ദൈവത്തോട് ചോദിച്ചു: ദൈവമേ എന്തിനാണ് ഈ കുഞ്ഞിനോട് ഇത്രയും ക്രൂരത? ഉടുക്കുവാൻ വസ്ത്രമില്ല, കഴിക്കുവാൻ ആഹാരമില്ല, കുടിക്കുവാൻ ശുദ്ധജലമില്ല. അങ്ങ് ഈ കുഞ്ഞിന്റെ കാര്യത്തിൽ എന്തെങ്കിലും ചെയ്യണം? ദൈവം പറഞ്ഞു ഈ കുഞ്ഞിന്റെ കാര്യത്തിൽ ഞാൻ വേണ്ടത് ചെയ്തിട്ടുണ്ട്. സാമൂഹ്യപരിഷ്കർത്താവിന്റെ ചോദ്യത്തിന് ദൈവം ഉത്തരം നല്കി. ഈ കുഞ്ഞിനെ നോക്കാൻ വേണ്ടിയാണ് ഞാൻ നിന്നെ ഈ ലോകത്തിൽ സൃഷ്ടിച്ചിരിക്കുന്നത്. ദൈവം നമ്മെ സൃഷ്ടിച്ചിരിക്കുന്നത് സഹോദരങ്ങളുടെ കണ്ണുനീർ തുടക്കാനും അവന്റെ ചുമട് താങ്ങാനുമാണ്. യേശു മനുഷ്യകുലത്തെ രക്ഷിക്കാൻ ഭാരമുള്ള കുരിശ് താങ്ങാതിരുന്നെങ്കിൽ നമുക്ക് രക്ഷ ലഭിക്കുമായിരുന്നോ? വി. മദർതെരേസ കൽക്കത്തയിലെ അവഗണിക്കപ്പെട്ടവരെയും കുഷ്ഠരോഗികളെയും തന്റെ ചുമലിൽ താങ്ങാതിരുന്നുവെങ്കിൽ അവരുടെ മുഖത്ത് ആനന്ദത്തിന്റെ പുഞ്ചിരി വിടരുമായിരുന്നോ? ക്രിസ്തുമസ്.... സഹോദരന്റെ ഭാരങ്ങൾ താങ്ങുന്നതിലൂടെ അവരുടെ മുഖത്ത് ആനന്ദത്തിന്റെ പുഞ്ചിരി വിടർത്തുന്നതാണ്.

അയൽക്കാരന്റെ ഭാരം ഇറക്കി വയ്ക്കുവാൻ ഒരു ചുമട് താങ്ങിയാവുന്ന ഓരോ വ്യക്തിയും ഒരു സാന്താക്ലോസാണ്.ശിമയോൻ യേശുവിന് ഒരു ചുമട് താങ്ങിയായിരുന്നു.നല്ല സമരിയാക്കാരൻ അർദ്ധപ്രാണനായ യഹൂദന് ഒരു ചുമട് താങ്ങിയായിരുന്നു.മറിയം കാനയിലെ കല്യാണ വീട്ടുകാർക്ക് ഒരു ചുമട് താങ്ങിയായിരുന്നു. പരസ്നേഹത്താൽ പ്രേരിതരായി മറ്റുള്ളവരുടെ ഭാരം വഹിക്കുന്ന ചുമട് താങ്ങിയായി മാറുമ്പോൾ നമ്മിലെ സാന്താക്ലോസിന് ജീവനുണ്ടാകുന്നു, ക്രിസ്തുമസ് കാലത്ത് മാത്രം മുഴങ്ങി കേൾക്കേണ്ട ഒരു നാമമല്ല സാന്താക്ലോസ്. മറിച്ച് അനുദിനം പരസ്നേഹം കൊണ്ട് ജീവിതമാകേണ്ട,ജീവിതശൈലിയാകേണ്ട നാമമാണ്. സ്നേഹത്താൽ പ്രേരിതരായി സഹോദരങ്ങളുടെ ചുമടു താങ്ങുവാൻ നാം നടത്തുന്ന ഓരോ യാത്രയും ക്രിസ്തുമസാണ്. മനുഷ്യ പാപത്തിന്റെ ചുമട് സ്വന്തം ചുമലിൽ ഏറ്റുവാങ്ങാൻ ദൈവം സ്വർഗ്ഗത്തിൽ നിന്നും ഭൂമിയിലേക്ക് നടത്തിയ സ്നേഹത്തിന്റെ യാത്രയാണ് ക്രിസ്തുമസ്.

തങ്ങളെ സൃഷ്ടിച്ച ദൈവത്തിന് വേണ്ടി നക്ഷത്രങ്ങൾ സന്തോഷപൂർവ്വം ആകാശത്ത് മിന്നുന്നുവെങ്കിൽ (ബാറു 3 : 34) നമ്മെ സൃഷ്ടിച്ച ദൈവത്തിന് വേണ്ടി നമ്മളും സ്നേഹം കൊണ്ട്, പുണ്യങ്ങൾകൊണ്ട്, നന്മകൾകൊണ്ട് തിളങ്ങുന്ന നക്ഷത്രങ്ങളാവണം. സ്വർഗ്ഗത്തിലെ സ്നേഹം ബേത്ലെഹെമിൽ അപ്പമായതുപ്പോലെ, സ്നേഹത്തിനായി വിശക്കുന്നവർക്ക് നമ്മളും അപ്പമായി മാറുമ്പോൾ അവിടെ യേശു ജനിക്കുന്നു; അവിടെ സ്നേഹത്തിന്റെ വാൽ നക്ഷത്രം ഉദയം ചെയ്യുന്നു. ■




Holy Land
PILGRIMAGE TOUR
8 Nights 9 Days
Explore the spiritual experience of travelling to Holy Land through Mangalam Travel & Tours
Countries :
EGYPT
ISRAEL
PALESTINE
JORDAN
Attractions
• Every Month Departure • Every Day holy mass during the tour
• All inclusive package • Accompanied by Priests
Experience
European
Pilgrimage
15 Nights 14 Days
Countries :
ITALY
SPAIN
FRANCE
PORTUGAL
SWITZERLAND
Attractions : • Vatican • Assisi
• Lourdes • Fatima • Avila • SanGiovani
Departures Months :
APRIL, MAY, SEPTEMBER, OCTOBER
In bound
Delhi | Jaipur | Agra
Kulu/Manali | Srinagar
Port Blair
Darjeeling and Gangtok
and many more...
Out bound
Singapore | Malaysia
Thailand | Mauritius | Bali
Vietnam Cambodia | Sri Lanka
Maldives | USA | Middle East
and many more...
Other Services
Airline Reservation & Ticketing |
Visa Processing & Passport Services |
Foreign Exchange | Travel Insurance |
Worldwide Hotel Reservation |
All over the year Excursions and
Itineraries | Free Ticket delivery |
Overseas Education Consultancy
Mangalam
Travel & Tours
The Ultimate Travel Professionals
IATA
IAAI
TAFI
For further details :
89395 08477 / 94471 50070
80866 77961 (Global Visa)
80866 77966 (Tour Package)
Registerd office: 5, 6, 1st Floor, Our Tower, Vellayambalam, Sasthamangalam, Thiruvananthapuram-695010
Web: www.mangalamtravel.com, E-mail: support@mangalamtravel.com, Landline : 0471-4078400 (30 Lines), 0471-2720031 / 32
Branches : Nagarcoil, Marthandam, Madurai, Chennai, Chackai (Trivandrum Airport Office)




Carmelites of Divine Mercy invites
young and energetic girls
to come and glorify the mercy of God
and pour it upon souls of humans.

yours in the Divine Mercy

Sr. Ancy Andrews CDM
(Superior)

# വക്കുപൊട്ടിയ വാക്കുകൾ

ദൈവപുത്രൻ ചോദിക്കുന്നു
ഭൂമിയിൽ പിറക്കേണ്ടതെവിടെ
വാളിനേക്കാളും മൂർച്ചയുള്ള
മനുഷ്യമനസ്സ് ചോദിക്കുന്നു
കുരിശിൽ തറയ്ക്കേണ്ടതെവിടെ?
കാലം അന്ത്യകൂദാശയ്ക്കായലയുന്നു
പ്രളയം ആർത്തിയുള്ള നാവുനീട്ടുന്നു
നിവർത്താൻ മറന്ന ദൈവപുസ്തകം
ചിതലരിക്കുന്നു
രക്തദാഹം പൂണ്ട കുരിശുകളും ആണികളും
ഇരകാത്തു കിടക്കുന്നു.
കല്ലറിയാൻ വന്നവർ പാപിനിയെക്കണ്ട്
പിന്തിരിഞ്ഞോടുന്നു
ദൈവപുത്രൻ ചോദിക്കുന്നു
ഭൂമിയിൽ പിറക്കേണ്ടതെവിടെ?
ഒലിവുമരങ്ങൾക്കിടയിലൂടെ മെലിഞ്ഞുപോയ
യോർദ്ദാൻ
മാർത്തയുടെയും മറിയത്തിന്റെയും
കണ്ണീരുണങ്ങാത്ത നടപ്പാത
വ്യർഥമായൊരു സ്വപ്നത്തിൽ
ഇടയരും നക്ഷത്രങ്ങളും കാഴ്ചദ്രവ്യങ്ങളും
വഴിയരികിൽ ഫലം തരാത്ത അത്തിമരങ്ങൾ
മഴ കഴിഞ്ഞ മണ്ണിന്റെ മണമുള്ള
തരുണികൾക്കായ്
ഇരുൾ വഴികൾ
രാവിന്റെ ഒളിത്താവളങ്ങളിൽ
വിഷം നിറച്ച കറുത്ത മുട്ടകൾ
അപ്പനുമമ്മയ്ക്കും വാതിൽ തുറന്നിട്ട
വൃദ്ധസദനങ്ങൾ
ഉറവ വറ്റിയ നദികളിൽ തലയറ്റ
പിഞ്ചുപൈതങ്ങൾ
കാശെറിയാൻ പെൺചന്തകൾ
ആർത്തലയ്ക്കാൻ ബലിക്കല്ലുകൾ
പിഴയൊടുക്കാൻ നേർച്ചപ്പെട്ടികൾ
യാഗപീഠത്തിൽ കുരിശുതാങ്ങിയ
ശെമയോന്റെഛേദിക്കപ്പെട്ട കൈകൾ
തൈലംപൂശിയ പാപിനിയുടെ ചൂഴ്ന്നെടുത്ത
കണ്ണുകൾ പുനർജനിയിൽ മനസ്സുമടുത്ത
ലാസർ കല്ലറയിലേക്ക് തിരിച്ചുപോയി
ദൈവപുത്രൻ ചോദിക്കുന്നു
ഭൂമിയിൽ പിറക്കേണ്ടതെവിടെ
ആകാശത്തിനും ഭൂമിക്കുമിടയിൽ
മനുഷ്യശബ്ദം മുഴങ്ങി
നിൽക്കൂ... റോബോട്ട് പറയട്ടെ!!!



ലോറൻസ്
ഫെർണാണ്ടസ്

അഭിമുഖം

# ക്രിസ്തുമസ്

## സന്തോഷം പകരുന്ന ഓർമ്മകൾ



**ലാളിത്യവും എളിമയും വിനയവുമാണ് ഇന്ദ്രൻസ് എന്ന അഭിനയ പ്രതിഭയെ സിനിമാ ലോകത്ത് വേറിട്ടൊരു വ്യക്തിത്വത്തിന് ഉടമയാക്കുന്നത്. എളിയജീവിതത്തിൽ നിന്ന് അഭിനയ ജീവിതത്തിന്റെ ഉത്തുംഗശ്രേണിയിലേക്ക് നടന്നുകയറിയപ്പോഴും പിന്നിട്ട വഴികൾ ഇന്നലെ എന്നപോലെ ഓർത്തെടുക്കാൻ കഴിയുന്നത് ഇന്ദ്രൻസ് എന്ന കലാകാരന്റെ ജീവിത നൈർമല്യത്തിന്റെ തെളിമയാണ്. തന്റെ ക്രിസ്തുമസ് ചിന്തകൾ ജീവനും വെളിച്ചവും പത്രാധിപ സമിതി അംഗം അഡ്വ. എം.എ. ഫ്രാൻസിസുമായി പങ്കുവയ്ക്കുകയാണ് ഇന്ദ്രൻസ് എന്ന ഫിലിം സ്റ്റാർ.**

ക്രിസ്തുമസും ഓണവും ഭയങ്കര നിറമുള്ളതാണ്. ഓണം വരുമ്പോൾ അത്തം മുതലുള്ള തയ്യാറെടുപ്പുപോലെ തന്നെയാണ്, ക്രിസ്തുമസ് വരുന്നതിന് എത്രയോ മുൻപുതന്നെ നമ്മൾ അതിനുള്ള തയ്യാറെടുപ്പുകൾ തുടങ്ങും. കുട്ടികളായിരുന്ന ഞങ്ങളുടെ മനസ്സിൽ ഒരുപാടു സന്തോഷം പകരുന്ന ഓർമ്മകളാണ് ക്രിസ്തുമസ് കാലം. നക്ഷത്രവിളക്കുകൾ തെളിക്കാനും പുൽക്കൂട് ഉണ്ടാക്കാനും ഞങ്ങൾക്ക് ഏറെ ഉത്സാഹമായിരുന്നു.

ഒരു നക്ഷത്രം വാങ്ങിത്തരാൻ വീട്ടുകാർക്ക് കഴിഞ്ഞില്ലെങ്കിലും കഴിഞ്ഞവർഷം ഒരുപാട് ഇടുന്ന എവിടെ നിന്നെങ്കിലും ഉപയോഗിച്ചിരുന്ന ഒരു നക്ഷത്രം കൊണ്ടുവന്ന് ഞങ്ങളും ഇടുമായിരുന്നു. അന്ന് വീട്ടിൽ കറണ്ട് ഇല്ലായിരുന്നു. ചെറിയ ചിമ്മിനി വിളക്ക് ഉണ്ടാക്കി അതിനകത്ത് കത്തിച്ച് തൂക്കുമായിരുന്നു. പിന്നെ പുൽക്കൂട് ഉണ്ടാക്കൽ. പറമ്പിൽ നിന്ന് കമ്പുകളും പുല്ലും ശേഖരിച്ചാണ് ഞങ്ങൾ പുൽക്കൂട്

ഒരുക്കിയിരുന്നത്.

അന്ന് അതിന്റെ അർത്ഥമൊന്നും അറിയില്ലായിരുന്നു. ഇതിന്റെയൊക്കെ പിന്നിലുള്ള ആശയങ്ങൾ ഉൾക്കൊള്ളാനായിരുന്നില്ലെങ്കിലും അത് ഞങ്ങൾക്ക് നൽകുന്ന ആഹ്ലാദം അതിരറ്റതായിരുന്നു. ആ അറിവില്ലായ്മ എന്നും നിലനിന്നെങ്കിൽ എന്നാഗ്രഹിച്ചുപോയിട്ടുണ്ട്. കാരണം ഒരു അതിരോ വേലിയോ ഒന്നുമില്ലാതെ എല്ലാവരും ഒരേപോലെ ആഘോഷിക്കുന്ന ഫെസ്റ്റിവൽ അല്ലേ ഇത്. എക്കാലവും ഇത് നിലനിൽക്കുകയും നിറംകെട്ടുപോകാതിരിക്കുകയും വേണം.

എല്ലാവരുടെയും ചിരിയും ഉത്സാഹവുമൊക്കെ കാണുമ്പോൾ നമുക്ക് വിശപ്പോ ദാഹമോ അനുഭവപ്പെടില്ല. അത്രയ്ക്കും സന്തോഷമായിരുന്നു. ഇപ്പോഴും മനസ്സിൽ അങ്ങനെതന്നെ. ഓരോ വർഷം അവസാനിക്കുമ്പോഴും പിന്നെയും നമ്മുടെ മനസ്സിൽ അറിയാതെ കടന്നുവരും ക്രിസ്തുമസും ന്യൂ ഇയറുമൊക്കെ. അതൊക്കെ അങ്ങിനെ തന്നെ നിൽക്കട്ടെ. അതുകൊണ്ടാണ് കുറെയൊക്കെ നന്മ എല്ലാവരുടെയും മനസ്സിൽ നഷ്ടപ്പെടാതെ നിൽക്കുന്നത്. സ്നേഹത്തിന്റെ, പ്രതീക്ഷയുടെ ഒരു തിരിനാളം. ആ ദീപം മനുഷ്യമനസ്സുകളിൽ ഒരിക്കലും അണയാതെ തന്നെ നിൽക്കട്ടെ.

മാനവീകത ഒരിക്കലും നഷ്ടപ്പെടില്ല. യുദാസിന്റെ കാര്യം പറഞ്ഞ കണക്ക്, അതുപോലുള്ളവർ എല്ലാ കാലത്തും ഉണ്ടാകുമെങ്കിലും അതിനെയെല്ലാം അതിജീവിക്കാൻ കഴിയുന്ന ഒരു പ്രഭയാണ് യേശു തന്റെ ജീവിതത്തിലൂടെ നമുക്ക് കാട്ടിത്തന്നത്. ആ നന്മ ഒരിക്കലും നശിച്ചുപോകില്ല. നമുക്ക് ചിലപ്പോൾ തോന്നും ഇതിനെതിരെ ചില വെല്ലുവിളികൾ ഉയരുന്നുണ്ടോ എന്ന്. എന്നാൽ ഒരിക്കലും പ്രഭയെ തൊടാൻ കഴിയില്ല. ഉയരുന്ന വെല്ലുവിളികൾ താനേ ഒടുങ്ങിക്കൊള്ളും. ആ ശക്തി അത്രയ്ക്കുമുണ്ട്.

ക്രിസ്തുമസും ഓണവുമെല്ലാം ഞങ്ങൾ ഷൂട്ടിംഗ് ലൊക്കേഷനിൽ ഒരുമിച്ചാണ് ആഘോഷിക്കാറുള്ളത്. നമ്മുടെ പണിക്ക് തടസമുണ്ടാകാതിരിക്കാനായി ആ സമയം ആരും വീടുകളിലേക്ക് പോകാറില്ല. പക്ഷേ, ആഘോഷങ്ങളുടെ ആനന്ദം ഒട്ടും നഷ്ടപ്പെടാതെ അതിന്റെ പിന്നിലെ ആശയങ്ങളും സന്ദേശങ്ങളും പകരുന്നതരത്തിലായിരിക്കും അവിടെ സംഘടിപ്പിക്കുന്നത്.

ഈ ക്രിസ്തുമസ് ദിനത്തിൽ എന്നെ സ്നേഹിക്കുന്നവരോട് എനിക്ക് പറയാനുള്ളത് സമാധാനമായിരിക്കുക, സന്തോഷമായിരിക്കുക. നമ്മുടെ ഒപ്പം നിൽക്കുന്നവർക്കും നമുക്ക് ചുറ്റും നിൽക്കുന്നവർക്കും എന്തെങ്കിലും ഉണ്ടോ എന്ന് അന്വേഷിച്ചിട്ട് നമുക്ക് ലഭിച്ചതിന്റെ ഒരു പങ്ക് അവർക്ക് കൂടെ നൽകി എല്ലാവരേയും ചേർത്ത് നിർത്തണം. നമ്മൾ ഒന്നിനെക്കുറിച്ചും ആധിപിടിക്കാതെ ക്രിസ്തുദേവന്റെ മുഖത്തുകാണുന്ന ആ ശാന്തത നമ്മുടെ മനസ്സിൽ ഉണ്ടാക്കിയാൽ തീർച്ചയായിട്ടും ഒന്നിനെക്കുറിച്ചും ആധിയോ ടെൻഷനോ ഇല്ലാതെ എക്കാലവും സന്തോഷത്തോടെ നമുക്ക് കഴിയാനാകും.

മാനവീകത ഒരിക്കലും നഷ്ടപ്പെട്ട് പോകില്ല. പണ്ടുകാലം മുതൽ ഇങ്ങിനെയാണ്, ആർത്തിയുള്ളവർ ഇടയ്ക്ക് വരും. കുറച്ചുകഴിയുമ്പോൾ അവൻ എവിടെയെങ്കിലും ഒടുങ്ങും. അവൻ ഒന്നും ഈ ലോകത്തുനിന്ന് കൊണ്ടുപോകുന്നില്ല എന്ന് കണ്ടുനിൽക്കുന്നവർ പറയും. ഇത്രയൊക്കെ ഉണ്ടാക്കിയിട്ടും ഒന്നുമില്ലാതെ ഇവിടെ നിന്നും കടന്നുപോയി. നീയും ആ വഴിയാണോ എന്ന് ചോദിക്കാൻ പാകത്തിൽ ഇടയ്ക്ക് ഇങ്ങനെ വന്നുകൊണ്ടിരിക്കുന്നു. എന്നാൽ നന്മ ചെയ്ത് ജീവിക്കുന്നവർ കടന്നുപോയാലും അവർ മനുഷ്യമനസ്സുകളിൽ നിത്യമായി ജീവിക്കും. അതാണ് യേശുവിന്റെ തിരുപ്പിറവി നമ്മെ ഓർമ്മപ്പെടുത്തുന്നത്.

അതുകൊണ്ട് മാനവമൈത്രിയും നന്മയും ഒരിക്കലും നഷ്ടമാകില്ല. അതേക്കുറിച്ചുള്ള ചിന്ത എപ്പോഴും നമ്മിലുണ്ടാകണം. ജീവിതത്തിൽ താന്തോന്നി ആയിപ്പോകാതെ നമ്മെ നേർവഴിക്ക് നയിക്കുന്നതിന് ഭക്തിയും വിശ്വാസവുമൊക്കെ വേണം. നിങ്ങൾ പറയുന്ന ലാളിത്യവും എളിമയും എന്നിൽ ഉണ്ടെങ്കിൽ അത് ഈശ്വരാധീനം കൊണ്ട് ലഭിച്ചതാണ്. ഒന്നിലും നാം അഹങ്കരിക്കരുത്. യേശുദേവൻ തന്റെ ജീവിതത്തിലൂടെ നമുക്ക് കാട്ടിത്തന്ന പരസ്നേഹത്തിന്റെയും ശുശ്രൂഷയുടെയും മഹനീയ മാതൃക തന്നെയാണ് ജീവനും വെളിച്ചത്തിലൂടെ എനിക്കും നൽകാനുള്ളത്. ഈ ക്രിസ്തുമസ് കാലത്ത് ജീവനും വെളിച്ചത്തിന്റെ മുഴുവൻ വായനക്കാർക്കും എല്ലാ സഹോദരങ്ങൾക്കും സ്നേഹപൂർവമായ ക്രിസ്തുമസ് മംഗളങ്ങൾ നേരുന്നു.



*ഇന്ദ്രൻസിനോടൊപ്പം അഡ്വ. എം.എ. ഫ്രാൻസിസ്*

ലേഖനം

**ഇതാണ് നമ്മുടെ ജീവിതം. നന്മയിലൂടെ ഒഴുകിത്തീർക്കേണ്ടതാണത്. ചുറ്റുപാടിലെ ഭൂരിഭാഗം കാഴ്ചകളും ഒരുപക്ഷേ നമ്മെ ചീത്തക്കാര്യങ്ങളിലേയ്ക്ക് വലിച്ചടുപ്പിച്ചുവെന്നുവരും. അതിനകത്തൊന്നും കുടുങ്ങിപ്പോകാതെ ശരികളിലൂടെ മാത്രം സഞ്ചരിക്കുവാൻ ഇച്ഛാശക്തി വേണം. കൃത്യമായ ലക്ഷ്യബോധം വേണം, ദൃഢമായ മനസ്സുവേണം. ഈ പ്രപഞ്ചമാണ് ഏറ്റവും വലിയ ഇന്ദ്രജാലം.. ഇവിടുത്തെ കാഴ്ചകൾ വിസ്മയതരവും. ഈ ക്രിസ്തുമസ് കാലത്ത് വായനക്കാരോട് സംവദിക്കുകയാണ് മജീഷ്യൻ ഗോപിനാഥ് മുതുകാട്**

# സ്നേഹമെന്ന വിസ്മയത്തണലിൽ

മാനവ സ്നേഹത്തിന്റെ മഹാനദികളാണ് ഓരോ മതവും. ഒത്തൊരുമയോടെ അത് പരന്നൊഴുകണം. എല്ലാ മനസ്സുകളിലും ഈ സ്നേഹം മൃദുവായി ഒഴുകിയെത്തണം. വിശാല സ്നേഹത്തിന്റെ പൂനിലാവ് ഒരിളം കുളിർമയായി കടന്നുവരണം. ലോകമേ തറവാടെന്നും സമസ്ത ലോകർക്കും സുഖമെന്നും വിശ്വസിക്കുന്ന നാം ഈ മതിൽക്കെട്ടുകൾക്കുള്ളിൽ നിന്നും വിശ്വമാനവ സ്നേഹത്തിന്റെ കൂട്ടായ്മയ്ക്കായി കരങ്ങൾ നീട്ടുന്നവരാണ്. ഈ കൂടിച്ചേരലിൽ സ്നേഹത്തിന്റെ സാന്ത്വന പ്രവാഹമായി ക്രിസ്തുജനിക്കുന്നു. 'ക്രുസ്തുമസ്'. സ്നേഹമെന്ന ആ മഹാ മാന്ത്രികന്റെ മാസ്മരികതയിൽ പ്രപഞ്ചമാകെ സ്നേഹം പരന്നൊഴുകുന്നു.

സുഗന്ധക്കാറ്റ് വീശുന്ന പൂന്തോട്ടത്തിലൂടെ ഒഴുകുന്ന ഒരു കുളിരരുവി പോലെയാണ് ജീവിതം. ഒഴുകിത്തുടങ്ങിയാൽ പിന്നെ അതിന് നിലയ്ക്കാനാവില്ല. ആ ഒഴുക്ക് തുടങ്ങുന്നത് ചെറിയൊരു മഞ്ഞു കണത്തിൽ നിന്നാവും. ഒരു മഞ്ഞു കണം പർവതത്തിന് മുകളിൽ നിന്ന് പുറപ്പെട്ട് അരുവിയായി, പുഴയായി കടലിലെത്തിച്ചേരും വരെ ഒഴുകിക്കൊണ്ടേയിരിക്കുന്നു. മഞ്ഞുതുള്ളി ഏറ്റവും പരിശുദ്ധമാണ്. ലോകത്ത് ഏറ്റവും പരിശുദ്ധമായ ഒന്ന്.

ഒരിക്കൽ ഒരു മഞ്ഞുകണം പർവതത്തിന് മുകളിൽ നിന്ന് ഒഴുകിത്തുടങ്ങി. മുന്നിൽ കാണുന്നതിനെ മുഴുവൻ അവൾ കൗതുകത്തോടെ നോക്കി. പുൽക്കൊടികളേയും പൂക്കളേയുമൊക്കെ തൊട്ടുരുമ്മി അത് ഒഴുകിക്കൊണ്ടേയിരുന്നു. ഓരോന്നിനു നേരേയും മുഖമുയർത്തിക്കൊണ്ട് ആ മഞ്ഞുതുള്ളി ചോദിച്ചു:

'പൂവേ... എന്തൊരു സൗരഭ്യമാണ് നിനക്ക്..... കടം തരാമോ ഈ സുഗന്ധമുള്ള സൗരഭ്യം...'

പിന്നെയുമൊഴുകിപ്പോയവൾ വഴിവക്കിലൊരു പുൽക്കൊടിത്തുമ്പ് കണ്ടു. അതിനോടവൾ ചോദിച്ചു 'ഒരു വട്ടം തൂങ്ങിയാടട്ടെ ഞാൻ നിന്റെ കൈവിരൽത്തുമ്പിൽ...'

തുള്ളിച്ചാടിക്കൊണ്ടുള്ള യാത്ര അവൾ തുടർന്നുകൊണ്ടേയിരുന്നു. പൂക്കളും പുൽക്കൊടിയുമൊക്കെ ആ മഞ്ഞുതുള്ളിയെ തലയാട്ടി വിളിച്ചു. അവൾ അവരോട് കുശലം പറഞ്ഞ്, അവർക്ക് മുത്തം കൊടുത്ത് പിന്നെയുമൊഴുകി. കാട്ടുവഴിയും മരത്തണലും ചെളിനിറഞ്ഞ മഹാഗർത്തവും പുഴയുടെ ഒഴുക്കിന് ആക്കം കൂട്ടി. ചെളിക്കുണ്ടിന്റെ അറ്റത്തുവന്നപ്പോൾ ആവേശത്തോടെ അവളാ ആഴത്തിലേയ്ക്ക് നോക്കി. സർവ മാലിന്യങ്ങളും ഉള്ളിലൊളിപ്പിച്ച നുരഞ്ഞു

പൊന്തുന്ന ചെളിക്കുണ്ട് അവളെ പ്രലോഭിപ്പിച്ചു. ചെളിപ്പരപ്പിലെ വലിയ കുമിളകൾക്കു മുകളിൽ ചാടിക്കളിക്കാൻ അവളുടെ മനസ്സും തുടിച്ചു. ഒരുന്മാദ നൃത്തത്തിലെന്നപോലെ അവൾ കാൽ വഴുതി അതിനുള്ളിലേയ്ക്ക് വീണു. മുങ്ങിയും പൊങ്ങിയും കുറേനേരം അവളാ മലിന മഹായാത്ര ആസ്വദിച്ചു. പവിഴം പോലെ പരിശുദ്ധയായിരുന്ന അവൾ ഒരു ചെളിവെള്ളത്തുള്ളിയായി മാറി. എങ്കിലും അവൾ ഒഴുകിക്കൊണ്ടേയിരുന്നു. പുഴയിൽ മഴപെയ്തൊഴിഞ്ഞൊരു നേരത്ത് കരയിലെ മരത്തിന്റെ ഇലത്തുമ്പത്ത് ഇളവെയിൽ തട്ടിത്തിളങ്ങുന്ന ഒരു വെള്ളത്തുള്ളിയെക്കണ്ടപ്പോൾ അവൾ ചോദിച്ചു:

'എത്ര സുന്ദരിയാണ് നീ.. തിളക്കമാർന്ന പരിശുദ്ധിയോടെ ഇപ്പോഴുമെപ്പോഴും ഇങ്ങനെ നിൽക്കാൻ നിനക്ക് എങ്ങനെ സാധിക്കുന്നു?'

ആ വെള്ളത്തുള്ളി പറഞ്ഞു:

'ഓർക്കുന്നുണ്ടോ, ഒരിക്കൽ നീയും എന്നെപ്പോലെ പരിശുദ്ധയായിരുന്നു. ആദ്യം നീ പൂക്കളോടും പുൽക്കൊടികളോടും കൂട്ടുകൂടി. പിന്നെ വളരാൻ തുടങ്ങിയപ്പോൾ പുറം കാഴ്ചകൾ കണ്ട് മനസ്സുതെറ്റിയ നീ പല വഴികളിലൂടെ യാത്ര ചെയ്തു. ഒരിക്കൽ നീ മുങ്ങിത്താഴ്ന്ന ചെളിക്കുണ്ടാണ് നിന്റെ തേജസ്സ് കവർന്നെടുത്തത്. പഴയതുപോലെ പരിശുദ്ധയാകുവാൻ തിരിച്ചുപോവുക മാത്രമേ വഴിയുള്ളൂ. അതാകട്ടെ അസാധ്യമാണ് താനും.'

ഇതാണ് നമ്മുടെ ജീവിതം. നന്മയിലൂടെ ഒഴുകിത്തീർക്കേണ്ടതാണത്. ചുറ്റുപാടിലെ ഭൂരിഭാഗം കാഴ്ചകളും ഒരുപക്ഷേ നമ്മെ ചീത്തക്കാര്യങ്ങളിലേയ്ക്ക് വലിച്ചടുപ്പിച്ചുവെന്നുവരും. അതിനകത്തൊന്നും കുടുങ്ങിപ്പോകാതെ ശരികളിലൂടെ മാത്രം സഞ്ചരിക്കുവാൻ ഇച്ഛാശക്തി വേണം. കൃത്യമായ ലക്ഷ്യബോധം വേണം, ദൃഢമായ മനസ്സുവേണം. ഈ പ്രപഞ്ചമാണ് ഏറ്റവും വലിയ ഇന്ദ്രജാലം.. ഇവിടുത്തെ കാഴ്ചകൾ വിസ്മയതരവും..

ലോക സംസ്കൃതിയുടെ നന്മകളെ എന്നും സ്വയം ഏറ്റുവാങ്ങുവാൻ യാതൊരുമടിയുമില്ലാതിരുന്ന നമ്മുടെ സംസ്കാരം. അതേ അത് ഭാരതത്തിനു മാത്രം കൈമുതലായ മഹത്തായ സവിശേഷത. തള്ളേണ്ടത് തള്ളിയും കൊള്ളേണ്ടത് കൊണ്ടും പടർന്നു പന്തലിച്ച നമ്മുടെ സംസ്കൃതി ലക്ഷ്യമിട്ടത് ലോകാ സമസ്താ സുഖിനോ ഭവന്തു എന്ന് മാത്രമാണ്. വിശാലമായി പരന്നൊഴുകുന്ന ഈ സ്നേഹ പ്രവാഹത്തിന് തടസ്സം നിൽക്കുന്ന ഏതൊരു പ്രതിസന്ധിയും തച്ചുതകർത്ത് ആ പ്രവാഹം മുന്നിലേയ്ക്ക് തന്നെ പ്രയാണം തുടരും. ഒരു നദിയും കടലിലേയ്ക്കുള്ള വഴി ചോദിച്ചല്ല പ്രയാണം തുടരുന്നത്. അത് ലക്ഷ്യത്തിലേയ്ക്ക് സ്വയം ഒഴുകിയെത്തുകയാണ്. ഈ സ്നേഹ പ്രവാഹം പ്രപഞ്ചമാകെ പരന്നൊഴുകണം. അനർഗള പ്രവാഹത്തിൽ മാനവരെല്ലാം ഒന്നാകണം. ഈ ലയന പ്രവാഹം പരന്നൊഴുകുമ്പോൾ അത് സ്നേഹ സംഗീതമായി പ്രപഞ്ചത്തെ പ്രകമ്പനം കൊള്ളിക്കും.

എല്ലാവർക്കും ഹൃദയം നിറഞ്ഞ ക്രിസ്തുമസ്പുതുവത്സര ആശംസകൾ...



# ഇരുപത്തിമൂന്നാമത്തെ ക്രിസ്തുമസ്

**ആൾക്കൂട്ടവും ആരവങ്ങളും ആഘോഷങ്ങളുമെല്ലാം ഒഴിഞ്ഞുപോയ ഒരു കാലഘട്ടത്തിലാണ് നാമിന്ന് ജീവിക്കുന്നത്. മനുഷ്യൻ സ്വയമൊതുങ്ങാൻ വെമ്പൽപൂണ്ട, കുടുംബമെന്ന തുരുത്തുകൾ തടവറയായ് മാറിയ അവസ്ഥ. ഏകാന്തത ആവോളം അനുഭവിയ്ക്കുവാനും അതിലൂടെ അവനവനെ അറിയാനുമുള്ള ഒരു അവസരം കൂടിയായിരുന്നു ഇത്.**



എസ്.എൻ. റോയ്

ഒരു ക്രിസ്തുമസ് പുലർച്ചയിൽ ഉറക്കത്തിൽ നിന്നും വിളിച്ചുണർത്തി വീട്ടുമുറ്റത്തേയ്ക്കു കൊണ്ടുപോയി അച്ഛൻ വാൽ നക്ഷത്രം കാണിച്ചു തന്നതോർമ്മയുണ്ട്. ഉറക്കത്തിനും ഉണർവ്വിനുമിടയിലെ വിഭ്രമത്തോടെ വീണ്ടുംവീണ്ടും കണ്ണുകൾ തിരുമ്മി ഞാനാ കാഴ്ച അത്ഭുതത്തോടെ കണ്ടുനിന്നു. കിഴക്കൻ മാനത്ത് നേർത്ത മഞ്ഞിൻ പടലങ്ങളിലേക്ക് പൊട്ടിച്ചിതറിയ അനേകം കുരുന്നു നക്ഷത്രങ്ങൾക്കിടയിൽ അതീവ ശോഭയോടെ ഒരു ദിവ്യനക്ഷത്രം! അതിൽ പിന്നെ, എല്ലാ ക്രിസ്തുമസ് കാലത്തും സ്വയമറിയാതെ എന്റെ കണ്ണുകൾ ആ നക്ഷത്രത്തെ തിരയാൻ തുടങ്ങും. എങ്കിലും ഞങ്ങളുടെയാകാശത്ത് പിന്നെയൊരിക്കൽപോലും ആ ദിവ്യനക്ഷത്രം വിരുന്നു വന്നില്ല. ഇരുൾമൂടിയ ഈ കാലത്തിൽനിന്നും ഏതു ലോകത്തേയ്ക്കാണ് ആ നക്ഷത്രം പോയ് മറഞ്ഞതെന്ന് ഞാനിപ്പോഴും നിരാശയോടെ ഓർക്കാറുണ്ട്.

പുത്തൻതോപ്പുകാരായ ഞങ്ങളെ സംബന്ധിച്ചിടത്തോളം ക്രിസ്മസ് ആഘോഷങ്ങൾ അല്പം നേരത്തേ തുടങ്ങും. അവധിയ്ക്കു സ്കൂളുകൾ അടയ്ക്കുമ്പോൾതന്നെ വായനശാലയ്ക്കു പിന്നിൽ ഒരു ഓലമറ ഉയർന്നിട്ടുണ്ടാവും. അതിനുള്ളിൽ ഒരു വശത്ത് കമനീയമായ ഒരു വേദിയും. അവിടെയാണ് പതിവായി നാടകമത്സരങ്ങൾ അരങ്ങേറുക. കുട്ടികൾക്കുള്ള പതിനഞ്ചു പൈസ ടിക്കറ്റെടുത്ത് ചെളി നിലത്തിരുന്ന് കൊതുകുകടിയും കൊണ്ട് ഞങ്ങൾ നാടകങ്ങൾ കാണും. ക്രിസ്തുമസിനോട് അടുത്തുള്ള ദിവസങ്ങളിൽ പാർവതീപുത്തനാറിന്റെ കടവുകളിൽ തേനൂറുന്ന നേന്ത്രക്കുലകളുമായി വടക്കുനിന്നുള്ള വള്ളങ്ങൾ വന്നടുക്കും. ആളുകൾ വള്ളങ്ങൾക്കരികിൽ

ഒത്തുകൂടി ഒച്ചയിടും. പിന്നെ വിലപേശി നേന്ത്രക്കുലകൾ വാങ്ങി അതും ചുമന്ന് വീടുകളിലേക്ക് മടങ്ങും. അതിൽനിന്നും പെരുന്നാളിന്റെ ആദ്യ രുചികൾ തുടങ്ങുകയായി. പിന്നെയത് ചട്ടിയപ്പത്തിലേയ്ക്കും അച്ചപ്പത്തിലേയ്ക്കും നാടൻകള്ള് മണക്കുന്ന വെള്ളയപ്പത്തിലേയ്ക്കുമൊക്കെ നീളും. എന്നാൽ ഒരിയ്ക്കലും നാവിൻ തുമ്പിൽനിന്നും മായാത്ത ആ രുചികളിൽ പലതും ഇന്ന് അന്യമായിരിക്കുന്നു.

മിക്ക ഭവനങ്ങളിലും മുളയും വൈയ്ക്കോലുമൊക്കെ കൊണ്ട് നിർമ്മിച്ച പുൽക്കൂടുകൾ ഉണ്ടാകുമെങ്കിലും പള്ളിയുടെയുള്ളിൽ അന്നുക്ലീറ്റസങ്കിൾ ഉണ്ടാക്കിയെടുക്കുന്ന വലിയ പുൽക്കൂടുകാണുകയെന്നതായിരുന്നു കുട്ടികളായ ഞങ്ങളുടെ സ്വപ്നം. അൾത്താരയുടെ ഇടതുവശം ചേർന്ന് മുളയും തൈലപ്പുല്ലും വജ്രപശ തേച്ച് കട്ടികൂട്ടിയ പല നിറങ്ങളിലുള്ള കടലാസുകളും കൊണ്ട് പണിതീർത്തെടുക്കുന്ന ആ മനോഹര നിർമ്മിതിയിൽ ലയിച്ച് ഞങ്ങൾ നിൽക്കും. അവിടെ ഒരുക്കിയിരിക്കുന്ന ജീവൻ തുടിക്കുന്ന ശില്പങ്ങളിൽ അറിയാതെയെങ്ങാനും ഒന്നു തൊട്ടുപോയാൽ അവിടങ്ങളിലൊക്കെത്തന്നെ എപ്പോഴും ചുറ്റിത്തിരിയുന്ന ആ കർക്കശക്കാരനായ കലാകാരന്റെ ശകാരം ഉറപ്പ്! എങ്കിലും താൻ കഷ്ടപ്പെട്ടുണ്ടാക്കിയ ആ കലാനിർമ്മിതി ആളുകൾ സന്ദർശിക്കുന്നതിലും അവർ കൂടുതൽ സമയം അവിടെ ചിലവഴിയ്ക്കുന്നതിലും ആ കലാകാരന് സന്തോഷമേ ഉണ്ടായിരുന്നുള്ളൂ.

പാതിരാകുർബ്ബാനയ്ക്കുള്ള മണിനാദം ഉയരുമ്പോൾ ഹൃദയങ്ങൾ കോരിത്തരിയ്ക്കും. കൊടുംമഞ്ഞിൽ വിറങ്ങലിച്ചുനിൽക്കുന്ന പറങ്കിക്കാടുകളുടെ വിദൂരദൃശ്യം മനോഹരമായ ഒരു ഇൻസ്റ്റലേഷൻ പോലെയായിരുന്നുവെന്നാണ് ഇപ്പോഴോർക്കുമ്പോൾ തോന്നുക. ആഘോഷം തലയ്ക്കു പിടിയ്ക്കുമ്പോഴും പുത്തനുടുപ്പിന്റെ മോടി ഉലയാതെ അങ്ങേയറ്റം സൂക്ഷിച്ചിരുന്നു. പിറ്റേന്നത്തെ

പരിപാടികൾക്കുകൂടി കോടിമണവും പുതുമയും നിലനിർത്തേണ്ടതുണ്ട്. ഇതിനിടയിൽ ദിവ്യജനനത്തിന്റെ വിശേഷങ്ങൾ തിരഞ്ഞ് കണ്ണുകൾ കൂടെക്കൂടെ നക്ഷത്രലോകത്തേയ്ക്കു ഉയരും. അവിടെ തിരുപ്പിറവി സംഭവിച്ചുകഴിഞ്ഞോ? അങ്ങേ ചെരിവിൽ നക്ഷത്രപ്പൂത്തിരികൾ കത്തുന്നത് അതിന്റെ ഭാഗമായാണോ, തുടങ്ങിയ ചോദ്യങ്ങൾ മനസ്സിൽ ഉയർന്നുകൊണ്ടിരിയ്ക്കും. ബാല്യകൗമാരങ്ങളുടെ ആഘോഷങ്ങൾ പലപ്പോഴും പള്ളിമുറ്റത്തെ വെള്ളാര മണൽപ്പുറങ്ങളിലായിരുന്നല്ലോ.

ഈ ആഘോഷനാളുകളിൽ ഞങ്ങളെല്ലാം ഒന്നുപോലെ ഇഷ്ടപ്പെടുന്നതും ആവേശത്തോടെ പങ്കെടുക്കുന്നതും ക്രിസ്മസ് ദിനത്തിൽ പിന്നാമ്പുറത്തെ അറബിക്കടലിൽ അരങ്ങേറുന്ന ജലോത്സവത്തിലാണ്. തലേന്നാളത്തെ പാതിരാക്കുർബ്ബാനയുടെ ആലസ്യമുണ്ടാകുമെങ്കിലും പതിവിലും നേരത്തേ ജനങ്ങൾ ഉറക്കമുണരും. പിന്നെ ഗ്രാമം ഒരേ മനസ്സായ് കടൽക്കരയിലേയ്ക്ക് ഒഴുകാൻ തുടങ്ങും. ഒരുകാലത്ത് ഞങ്ങളുടെ നാട്ടിൽ മുപ്പത്തിനാലോളം കമ്പോല വള്ളങ്ങളും അമ്പതോളം പട്ടുവല വള്ളങ്ങളും അതിനേക്കാളേറെ കട്ടമരങ്ങളും ഉണ്ടായിരുന്നു. അന്നത്തെ ദിവസം അതിൽ മിക്ക വള്ളങ്ങളും കടലിൽ ഇറക്കും. സ്ത്രീകളും കുട്ടികളുമുൾപ്പെടെ അതിൽക്കയറി കടലിലേയ്ക്ക് പോകും. ചിലരൊക്കെ കമ്പോലപ്പാട്ടു കൾ പാടും. മറ്റുചിലർ സിനിമാഗാനങ്ങളും... കരുത്തരായ ആണുങ്ങൾ ഉൾക്കടലിലേക്ക് ആഞ്ഞുതുഴയും. തണ്ടുവലിച്ച് തളരുന്നവർക്കായി ഇളനീരും ശർക്കരയുമൊക്കെ കരുതിയിട്ടുണ്ടാകും. ഒടുവിൽ എല്ലാ ആളുകളും വള്ളങ്ങളും പള്ളിമുക്ക് കടപ്പുറത്ത് ഒത്തുകൂടും. ആർപ്പുവിളിച്ച്, തിമിർത്തുകുളിച്ച് പരിക്ഷീണരായ് ഉച്ചയോടെയാണ് ഞങ്ങൾ വീടുകളിലേയ്ക്ക് മടങ്ങുക. പി



**മഹാമാരിയുടെ തേരോട്ടത്തിൽ ജീവിതോപാധികൾ തകർന്നുപോയവരും ജീവൻതന്നെ നഷ്ടപ്പെട്ടവരും ഏറെയാണ്. സുഖദുഃഖങ്ങൾ പങ്കുവെച്ച് ഒപ്പം ജീവിച്ച പലരും ഇന്നില്ല. ഹൃദയത്തെ പിടിച്ചുലച്ച എത്രയോ വേർപാടുകൾ.... ഈ വല്ലാത്ത കാലം ഓർമ്മയായ് മാറിയാലും അതെല്ലാം നമ്മിലേൽപ്പിച്ച ആഘാതത്തിൽ നിന്നും മോചിതരാകുവാൻ ഇനിയുമേറെ കാലമെടുക്കും. എങ്കിലും പ്രതീക്ഷകൾ തന്നെയായിരുന്നു നമ്മുടെ ഊർജ്ജം.**



ന്നെ കുളിച്ചൊരുങ്ങി ഊണുകഴിച്ച് പള്ളിമുറ്റത്ത് നടക്കുന്ന കായികമത്സരങ്ങൾക്ക് പോകും.

എന്നാൽ, ആഘോഷങ്ങളുടെ പാരമ്യത്തിൽനിന്നും ജീവിതത്തിന്റെ സ്വച്ഛതകളിൽനിന്നുമെല്ലാം വീട്ടിലെ പഞ്ഞവും ദാരിദ്ര്യവും എന്നെയും കടൽ കടത്തിക്കൊ ണ്ടുപോയി. ഗൾഫിന്റെ മായികസ്വപ്നങ്ങൾ യുവതയെ ആവേശിച്ച കാലവും കൂടിയായിരുന്നല്ലോ അത്. അറിയാത്ത ദിക്കുകളിലെ അജ്ഞാതവാസം ജീവിതത്തിൽനിന്നും കവർന്നെടുത്തത് ക്രിസ്തുമസ് അനുഭൂതികൾ മാത്രമായിരുന്നില്ല. വലിയവലിയ നഷ്ടങ്ങൾ നികത്താൻ മരുഭൂമി കനിഞ്ഞരുളിയ എണ്ണമയമുള്ള റിയാലുകൾക്ക് കഴിഞ്ഞതുമില്ല. ജീവിതത്തിലെ ഇരുപത്തിമൂന്നാമത്തെ ക്രിസ്മസ് ആഘോഷിച്ചത് ഒമാനിലെ മലമടക്കുകൾക്കിടയിലായിരുന്നു. ആഘോഷമെല്ലാം മനസ്സിനുള്ളിലായിരുന്നുവെന്നുമാത്രം. കടലാസുകൊണ്ടുണ്ടാക്കിയ ഒരു നക്ഷത്ര

വിളക്കുപോലും എവിടെയും കാണാനുണ്ടായിരുന്നില്ല. മലനിരകളുടെ വന്യമായ ഇരുൾ ക്രിസ്മസ് ദിനം എന്റെ മനസ്സിൽ തെളിയിച്ച ഇത്തിരിവെളിച്ചംപോലും കെടുത്തിക്കളഞ്ഞു. ഞാനന്ന് അവിടെ ഒറ്റയ്ക്കിരുന്ന് ഒത്തിരി കരഞ്ഞു. പിന്നെയും നിരവധി ക്രിസ്മസുകൾ പ്രവാസത്തിലലിഞ്ഞ് അനാഥമായിപ്പോയി. കുവൈത്തിലെ അബ്ബാസിയയിലും ആസ്ട്രേലിയയിലെ വിവിധ നഗരങ്ങളിലും ക്രിസ്മസ് വിളക്കുകൾ തെളിഞ്ഞപ്പോൾ എന്റെ ഹൃദയം ശൂന്യവും ആർദ്രവുമായിരുന്നു. അറബ് രാജ്യമായിട്ടും അബ്ബാസിയയിലെ മട്ടുപ്പാവുകളിൽ നക്ഷത്രവിളക്കുകൾ കനിവോടെ ശീതക്കാറ്റിൽ ആടിയുലഞ്ഞു. ഭൗതിക സമൃദ്ധിയുടെ ആഢംബരങ്ങളാണ് കംഗാരു നാട്ടിൽ പലപ്പോഴും തെളിഞ്ഞു നിന്നത്. പ്രവാസജീവിതത്തിനിടയിലെ ഓരോ ക്രിസ്മസ് നാളുകളിലും മനസ് ശോകാർദ്രമാകുമ്പോൾ ലോകപ്രസിദ്ധമായ ആന്റെൻ ചെക്കോവിന്റെ ക്രിസ്മസ് കഥയിലെ വാങ്കയുടെ മുഖം എന്റെ മനസ്സിൽ തെളിഞ്ഞുവരും. അച്ഛനമ്മമാരില്ലാത്ത വാങ്കയെന്ന അനാഥബാലനെ അകലെ നഗരത്തിൽ പണിയ്ക്കുകൊണ്ടാക്കിയതായിരുന്നു അവന്റെ മുത്തച്ഛൻ. താൻ അവിടെയനുഭവിച്ചുകൊണ്ടിരിക്കുന്ന പീഡനങ്ങളെക്കുറിച്ച് അതീവ സങ്കടത്തോടെ തന്റെ മുത്തച്ഛന് ക്രിസ്മസ് രാത്രിയിൽ വാങ്ക കത്തെഴുതുകയാണ്. എന്നിട്ട് വിലാസമില്ലാത്ത ആ കത്ത് പുറത്ത് ഒരു തപാൽപെട്ടിയിൽ കൊണ്ടിട്ട് മടങ്ങിവന്ന് തന്നെ വേഗം കൂട്ടിക്കൊണ്ടുപോകാൻ മുത്തച്ഛനെത്തുന്നതും കാത്ത് പ്രതീക്ഷയോടെ കിടക്കുകയാണ് അവൻ. വാങ്കയെ ഓർക്കുമ്പോൾ ഇന്നും കണ്ണുകൾ നിറയും. ആ മഹാദുഃഖത്തിന് മുന്നിൽ എന്റെ ചില്ലറ ദൈന്യതകൾ അലിഞ്ഞുപോവുകയാണ് പതിവ്.

ഇപ്പോൾ വീണ്ടും ഞാൻ നാടിന്റെ സ്വച്ഛതകളിലേക്കും ആഹ്ലാദങ്ങളിലേക്കും മടങ്ങിയെത്തിയിരിക്കുകയാണ്. എങ്കിലും ആഘോഷങ്ങൾക്കൊന്നും പഴയ ലാളിത്യമോ ചാരുതയോ ഇല്ല. ആഘോഷങ്ങളുടെ വർണ്ണങ്ങൾ മങ്ങുന്നതനുസരിച്ച് മനുഷ്യന്റെ പ്രായമളക്കാമെന്ന് ആരോ പറഞ്ഞിട്ടുണ്ട്. എങ്കിലും ക്രിസ്മസ് എന്ന് കേൾക്കുമ്പോൾ ഇന്നും ഒരനുഭൂതിതന്നെ! ക്രിസ്മസ് കാലമാകുമ്പോൾ ആകാശത്തിനും ഭൂമിക്കും രോമാഞ്ചമുണ്ടാകും. മനുഷ്യരുടെ ആമോദം കണ്ട് നക്ഷത്രങ്ങളും നക്ഷത്രചാരുത കണ്ട് ഭൂമിയിലെ മനുഷ്യജാലങ്ങളും ഉല്ലസിക്കുന്ന കാലംകൂടിയാണത്! മണ്ണും വിണ്ണും പുൽക്കൊടിത്തുമ്പും ആഘോഷങ്ങളുടെ പാതിരാലഹരിയിൽ പൊട്ടിത്തരിക്കുമ്പോൾ, വിശുദ്ധരാത്രിയുടെ സന്ദേശവുമായി സ്വർഗ്ഗീയസംഗീതം ആലപിച്ച് മാലാഖമാർ ആകാശത്ത് അദൃശ്യരായ് വന്നു നിരക്കും. ലോകം മുഴുവൻ ആമോദത്തിന്റെ പാരമ്യത്തിലാവും. എങ്കിലും യുദ്ധങ്ങളെയും കലാപങ്ങളെയും ജയിക്കാൻ ഒരുമയുടെ ഇത്തരം ആഘോഷങ്ങൾക്കും കഴിയുന്നില്ലല്ലോയെന്ന സത്യം ബാക്കിയാകുന്നു.

ആൾക്കൂട്ടവും ആരവങ്ങളും ആഘോഷങ്ങളുമെല്ലാം ഒഴിഞ്ഞുപോയ ഒരു കാലഘട്ടത്തിലാണ് നാമിന്ന് ജീവിക്കുന്നത്. മനുഷ്യൻ സ്വയമൊതുങ്ങാൻ വെമ്പൽപൂണ്ട, കുടുംബമെന്ന തുരുത്തുകൾ തടവറയായ് മാറിയ അവസ്ഥ. ഏകാന്തത ആവോളം അനുഭവിയ്ക്കുവാനും അതിലൂടെ അവനവനെ അറിയാനുമുള്ള ഒരു അവസരം കൂടിയായിരുന്നു ഇത്. ശാരീരികമായി അകലുമ്പോഴും മനസ്സുകൊണ്ട് പരസ്പരം വല്ലാതെയടുക്കുന്ന തിരിച്ചറിവുകളുടെ കാലം. ഭ്രാന്തമായ ആവേശവും മത്സരങ്ങളില്ലാത്ത ഒരുതരം നിർവ്വാണാവസ്ഥയിലൂടെയാണു ഇക്കാലയളവിൽ മനുഷ്യജീവിതം കടന്നുപോയത്. മനുഷ്യന്റെ ചവിട്ടടിയിൽ വീർപ്പുമുട്ടുകയായിരുന്ന പ്രകൃതിയ്ക്കും മറ്റു ജീവജാലങ്ങൾക്കും ജീവശ്വാസം തിരിച്ചുകിട്ടിയ ഊഷരനാളുകൾ കൂടിയായിരുന്നു ഇതെന്ന് പറയാതെ വയ്യ.

മഹാമാരിയുടെ തേരോട്ടത്തിൽ ജീവിതോപാധികൾ തകർന്നുപോയവരും ജീവൻതന്നെ നഷ്ടപ്പെട്ടവരും ഏറെയാണ്. സുഖദുഃഖങ്ങൾ പങ്കുവെച്ച് ഒപ്പം ജീവിച്ച പലരും ഇന്നില്ല. ഹൃദയത്തെ പിടിച്ചുലച്ച എത്രയോ വേർപാടുകൾ.... ഈ വല്ലാത്ത കാലം ഓർമ്മയായ് മാറിയാലും അതെല്ലാം നമ്മിലേൽപ്പിച്ച ആഘാതത്തിൽ നിന്നും മോചിതരാകുവാൻ ഇനിയുമേറെ കാലമെടുക്കും. എങ്കിലും പ്രതീക്ഷകൾ തന്നെയായിരുന്നു നമ്മുടെ ഊർജ്ജം. അനിശ്ചിതത്വങ്ങളുടെ അന്ധകാരത്തിന്മേൽ വീണ്ടും പ്രതീക്ഷയുടെ ക്രിസ്മസ് നക്ഷത്രങ്ങൾ ഇതാ തെളിയുകയാണ്... മാനവരക്ഷയുടെ ഒരിക്കലും മണയാത്ത ദിവ്യശോഭ എന്നന്നേയ്ക്കുമായ് പകർന്നുനൽകാൻ ഈ സ്നേഹതാരകങ്ങൾക്ക് ശക്തിയുണ്ടാവട്ടെയെന്ന് നമുക്ക് ആശിയ്ക്കുകയും പ്രാർത്ഥിക്കുകയും ചെയ്യാം. ■

# MRV GROUP

**Near Poovar Checkpost,
16/600-A, Mazhuvara,
Attupuram, Uchakada P.O.**

OUR COMPANIES

**MRV BUILDERS**
Mob.9946839815

**MRV CONSTRUCTION**
Mob.9946839816

**MRV BUILDING SOLUTIONS**
Mob.9946839817,9865700291

**FM HOLLOW BLOCKS**
Mob.9446846583

**JC ENRTPRISES**
Mob.9865700291

കഥ



ഡോ. മഞ്ജു ഇഗ്നേഷ്യസ്

# താഴ്‌വാരങ്ങളിലെ ക്രിസ്തുമസ്

മഞ്ഞിൻ പുതപ്പിനുള്ളിൽ ഒളിച്ചിരിക്കുന്ന മനോഹരമായ കാശ്മീർ താഴ്‌വരയിലെ ഒരു കൊച്ചുഗ്രാമം. സ്വച്ഛസാന്ദ്രമായ അവിടം ഒരു പ്രണയഗാനം പോലെ ആരെയും കുളിരണിയിക്കുന്നതായിരുന്നു. എന്നാൽ ഭീകരവാദികളുടെ ആക്രമണ പരമ്പരയിൽ അവിടം ഒരു പ്രേത താഴ്‌വാരമായി.

രാത്രിയുടെ അന്ത്യയാമങ്ങളിൽ പാവം ഗ്രാമീണ ജനത ഞെട്ടിയുണർന്നു. ഷെല്ലാക്രമണങ്ങളുടെ കാതടപ്പിക്കുന്ന ഒച്ചയും ശ്വാസംമുട്ടിക്കുന്ന പുകമറയും. അവർ അലറിവിളിച്ചു. പിന്നെ പ്രാണരക്ഷാർത്ഥമുള്ള പരക്കം പാച്ചിലുകൾ. കിട്ടിയ സാധനങ്ങൾ കൈയിലെടുത്ത് പ്രാണനും കൊണ്ടവരോടി. നിസ്സഹായതയുടെ ഭീകര ദൈന്യത വിറങ്ങലിച്ചുനിന്നു. വൃദ്ധജനങ്ങൾ ഉപേക്ഷിക്കപ്പെടേണ്ടവരായി. അവരുടെ മക്കൾ കയ്യിലെടുക്കാവുന്ന സാധനങ്ങളും മക്കളുമായി കടന്നു. ഒച്ചയും ബഹളവുമായി ആകെ ഒരങ്കലാപ്പ്. പേടിച്ചരണ്ട വളർത്തുമൃഗങ്ങളുടെ അലർച്ചകൾ. അക്രമികളുടെ കയ്യിലകപ്പെട്ട അമ്മപെങ്ങന്മാരുടെ നിലവിളി തകർന്ന നെഞ്ചുമായി നിസ്സഹായരായ പുരുഷന്മാർ.



പട്ടണത്തിനടുത്തുള്ള കൊച്ചുഗ്രാമത്തിൽ രക്ഷപ്പെട്ടെത്തിയ കുറേപ്പേർ തമ്പടിച്ചു. മാമരം കോച്ചുന്ന ആ തണുപ്പിൽ പലർക്കും പനിയും വിറയലും അതിലുപരി അസഹനീയമായ വിശപ്പും ദാഹവും. സ്വച്ഛവും സ്വർഗതുല്യമായ ഗ്രാമാന്തരീക്ഷത്തിൽ നിന്നും പെട്ടെന്ന് നരകപാതാളത്തിലേക്ക് വലിച്ചെറിയപ്പെട്ടവർ!! അഭയാർഥികൾ എന്ന് നിസാരമായി പറഞ്ഞുതള്ളുന്ന പാവങ്ങളുടെ നൊമ്പരങ്ങൾ ആരറിയാൻ? മഞ്ഞും തണുപ്പും വിശപ്പും തളർത്തിയ അർധമയക്കത്തിലവരമർന്നു.

പത്തുവയസ്സുകാരനായ ടോം അപ്പോഴും ഉറങ്ങിയില്ല. അവന്റെ ചിന്ത മുഴുവൻ കുറേനാളുകളായി താൻ ഉണ്ടാക്കിക്കൊണ്ടിരുന്ന ചെറിയ പുൽക്കൂടിനെപ്പറ്റിയായിരുന്നു. പട്ടണത്തിൽ ജോലിക്കുപോകുന്ന അച്ഛൻ വാങ്ങിക്കൊണ്ടുവന്ന നക്ഷത്രവിളക്കും ബലൂണുകളും തോരണങ്ങളും ഉപേക്ഷിച്ചുവന്നതിലുള്ള വിഷമം അടക്കാൻ അവനായില്ല. ആ കുഞ്ഞു നൊമ്പരം നേർത്ത തേങ്ങലുകളായി. അമ്മയും അച്ഛനും അടുത്തുള്ളവരും എല്ലാം നല്ല ഉറക്കത്തിലാണ്. അവൻ പതിയെ എഴുന്നേറ്റ് ഒരുലക്ഷ്യം വച്ചുനടന്നു. കുഞ്ഞിക്കാലുകൾ കുഴയുന്നുണ്ടായിരുന്നുവെങ്കിലും പിന്തിരിഞ്ഞില്ല. ആ കാണുന്ന സ്കൂളിന് കുറച്ചപ്പുറത്താണ് അവന്റെ കൊച്ചുകുടിൽ. അവന്റെ കണ്ണുകൾ തിളങ്ങി. അവൻ ഏന്തിവലിഞ്ഞ് നടന്നു. പെട്ടെന്ന് വലിയ ഹുങ്കാര ശബ്ദത്തോടെയുള്ളൊരു പൊട്ടിത്തെറി. ആ കുഞ്ഞുമനസ്സ് പൊട്ടിത്തകർന്നു. കറുത്ത പുകമറ അവൻ കണ്ണുകൾ പൊത്തി. അവന് ഒന്നുകാണുവാൻ സാധിക്കുന്നില്ല. അവൻ തപ്പിത്തടഞ്ഞ് തിരിച്ചോടി. കുറച്ചുദൂരം പിന്നിട്ട അവന്റെ തളർന്ന മനസ്സിനെ ഉണർത്തിക്കൊണ്ട് ഒരു പിഞ്ചുകുഞ്ഞിന്റെ തളർന്ന കരച്ചിൽ. കണ്ണുകൾ തിരുമ്മിക്കൊണ്ട് അവൻ ചുറ്റും നോക്കി. അമ്മയെ അള്ളിപ്പിടിച്ചുകിടന്നുകൊണ്ട് കരയുന്ന ഒരു കുഞ്ഞുവാവ. അമ്മ ഉറങ്ങുകയാണോ... അവൻ സൂക്ഷിച്ചുനോക്കി. തട്ടിവിളിച്ചു. രക്തത്തിൽ കുളിച്ചുകിടക്കുകയാണവർ... അനക്കമില്ല.. അവനാ കുഞ്ഞിനെ വാരിയെടുത്തു. വേച്ചുവേച്ചുനടന്നു. കുറെ ദൂരമെത്തിയപ്പോൾ അകലെ നിന്നും അവന്റെ പേരുചൊല്ലിയുള്ള അമ്മയുടെ നിലവിളി ചെവിയിൽ വന്നലച്ചു. എല്ലാവരും അവനെ തിരക്കുകയാണ്. അമ്മ അവനെ അടക്കിപ്പിടിച്ച് എന്തൊക്കെയോ പുലമ്പി കുഞ്ഞിനെ അമ്മയെ ഏല്പിച്ച് അവൻ നിന്ന് കിതച്ചു. കുഞ്ഞാവാവയെ മാറോടമർത്തി പുറം തലോടി. മാതൃത്വത്തിന്റെ മാസ്മരികതയിൽ കുഞ്ഞ് കരച്ചിൽ നിർത്തി. ആ കുഞ്ഞു കണ്ണുകൾ, ചുണ്ടുകൾ, കൈകൾ അമ്മയെ തിരിച്ചറിഞ്ഞു. ഏങ്ങലടങ്ങി, രണ്ടുപല്ലുള്ള മോണ കാട്ടി അവൻ ചിരിച്ചു. ‘‘അമ്മാ... ഇതൊരു ഉണ്ണിയീശോയാണോ? നമുക്കിതിനെ വളർത്താം. വിങ്ങിപ്പൊട്ടുന്ന ചുണ്ടുകൾ നെറുകയിൽ ചേർത്തുവച്ചുകൊണ്ട് അമ്മ സമ്മതം മൂളി. പുൽക്കൂടും നക്ഷത്രവിളക്കും ബലൂണുകളുമൊക്കെ നഷ്ടമായതിന്റെ നൊമ്പരം പിന്നെ ടോം അറിഞ്ഞില്ല. ഇല്ലായ്മയുടെ നടുവിൽ ആ താഴ്‌വാരത്ത് വീണ്ടുമൊരു ക്രിസ്മസ് കൂടെ ആഘോഷിക്കപ്പെട്ടു. ■



ലേഖനം



**ഒന്നിനും ഒരു തീർച്ചയുമില്ലാതെ മുന്നേറിക്കൊണ്ടിരിക്കുന്ന ഈ കാലത്ത് നമുക്കേക ആശ്വാസം കാറ്റും കോളും നിറഞ്ഞ പ്രക്ഷുബ്ധമായ കടലിന് മുന്നിൽ ശിഷ്യർക്ക് ആശ്വാസമായി നിന്ന ക്രിസ്തു തന്നെയാണ്. അചഞ്ചലമായ വിശ്വാസത്തോടെ പുതുവർഷത്തെ സ്വാഗതം ചെയ്യാം.**

# ഒപ്പം നടക്കാം, പുതിയൊരു പാതയിലൂടെ



ഡോ. സീന ഫെലിക്സ്

ഒരില കൊഴിയുന്നതുപോലെ ഈ അസാധാരണ വർഷവും കൺമറയുന്നു. കോവിഡ്-19 എന്ന മഹാമാരിയുടെ രണ്ടാവരവിനെയും അതിജീവിക്കാൻ നാം പഠിച്ചുകഴിഞ്ഞു. കൊഴിഞ്ഞുപോയ വർഷത്തിന്റെ ലാഭനഷ്ടകണക്കുകൾ കൂട്ടിനിരാശരാകാതെ പുതുവർഷത്തെ കരുതലോടെ വരവേൽക്കാം. ഇന്നലെയുടെ ശൂന്യാവശിഷ്ടങ്ങളിൽ മനസ്സുപിടയ്ക്കാതെ പുതിയ മനുഷ്യനായി സ്നേഹത്തിന്റെയും പ്രത്യാശയുടെയും നിറവിൽ ഒപ്പം നടക്കാം. മഹത്തായ മാനവികതയുടെ ജലധാരയാകാം.

"അത്യുന്നതങ്ങളിൽ ദൈവത്തിനു മഹത്വം
ഭൂമിയിൽ സൻമനസ്സുള്ളവർക്ക് സമാധാനം."

മാലാഖമാർ പാടി. ഇത് ദൈവപുത്രന്റെ തിരുജനനത്തിന്റെ സന്ദേശമാണ്. സ്നേഹത്തിന്റെ ത്യാഗനിർഭരമായ സത്യങ്ങൾ നമുക്ക് കാട്ടിതരുന്നതാണ് ഈ തിരുപ്പിറവി ദൈവമാണ് ജീവിന്റെ ദാതാവും ഉടമസ്ഥനും. ദൈവകരങ്ങളിലൂടെയല്ലാതെ ഒരില പോലും കൊഴിഞ്ഞുപോകുന്നില്ല. മഹത്തായ മാനവികതയുടെ സന്ദേശം നൽകുന്ന യേശു ക്രിസ്തുവിന്റെ കരങ്ങളിൽ സ്പർശിച്ചുകൊണ്ട് ഈ സന്മനസ്സ് കൈവിട്ടുപോകാതെ നമുക്ക് തിരിച്ചുപിടിക്കാം. ദൈവ സ്നേഹത്തിൽ എല്ലാവരും നിലനിൽക്കുക എന്നതുതന്നെയാണ് നമ്മുടെ ലക്ഷ്യം. യേശു ജനങ്ങൾക്കിടയിലൂടെ സഞ്ചരിച്ചുകൊണ്ട് നടത്തിയ ശുശ്രൂഷയെ അനുസ്മരിച്ചുകൊണ്ടാണ് ഫ്രാൻസിസ് പാപ്പ രണ്ടു വർഷം നീളുന്ന സിനഡൽ യാത്രയ്ക്ക് തുടക്കം കുറിച്ചത്. മനുഷ്യരെ അവരുടെ ജീവിതാവസ്ഥയിൽ കണ്ടുമുട്ടുക, ഹൃദയം കൊണ്ട് അവരെ കേൾക്കുക, തങ്ങളുടെ

ദൗത്യമെന്തെന്ന് വിവേചിച്ചറിയുവാൻ അവരെ സഹായിക്കുക എന്നലക്ഷ്യം കൈവരിക്കുന്നതിനായി സിനഡാത്മക സഭയ്ക്കായി കൂട്ടായ്മ, പങ്കാളിത്തം, പ്രേഷിതത്വം എന്ന വിഷയത്തിലധിഷ്ഠിതമായ പ്രവർത്തനങ്ങളുമായി രൂപത ജാഗരൂകരായി പ്രയാണം നടത്തുന്നു.

ഓരോ വർഷം കടുന്നുപോകുമ്പോഴും നമ്മുടെ ജീവിതാവസ്ഥകളെ ഒന്നുതിരിഞ്ഞുനോക്കുന്നത് നല്ലതാണ്. വളരെയധികം ഭൗതിക മാറ്റങ്ങൾ സംഭവിച്ചുകൊണ്ടിരിക്കുന്ന ഈ ലോകത്ത് പുതിയൊരു വർഷം കൂടി നമ്മെ വരവേൽക്കാനായി ഒരുങ്ങിനിൽക്കുന്നു. രാഷ്ട്രീയ സാമൂഹിക-സാമ്പത്തിക രംഗങ്ങളിൽ അതിവേഗം വൈവിധ്യങ്ങൾ കടന്നുവരുന്നു. ഈ വൈവിധ്യങ്ങളിലൊക്കെ തന്നെ പണത്തോടുള്ള ആർത്തിയും വർധിച്ചുവരുന്നതായി കാണാം. എന്തു കുത്സിത പ്രവർത്തനങ്ങളിലൂടെയും പണം സമ്പാദിക്കുക എന്നതുമാത്രം ലക്ഷ്യമാക്കുന്ന ഒരു വിഭാഗം. രാഷ്ട്രീയ തിട്ടൂരങ്ങൾ ചമച്ച് സാധാരണ മനുഷ്യനെ മണ്ടനാക്കുന്ന രാഷ്ട്രീയ ഗതിവേഗങ്ങൾ കണ്ടുകൊണ്ടാണ് ഈ വർഷവും കടന്നുപോകുന്നത്. മതവർഗീയതയും ഭീകര പ്രവർത്തനങ്ങളും അഴിമതിയും വഞ്ചനയും നമ്മുടെ നാടിനെ കിരാതമാക്കുന്നു. ലൗ ജിഹാദും, സ്ത്രീധനപീഡനങ്ങളും, ലഹരിമാഫിയകളും, ഹലാൽ സമസ്യങ്ങളും സാധാരണ മനുഷ്യജീവിതത്തെ ഭയപ്പെടുത്തുന്നു. വർഗീയ അജണ്ടകളുടെ ലോകത്താണ് നാമിന്ന് ജീവിക്കാൻ ആയാസപ്പെടുന്നത്. കേരളത്തിലിപ്പോൾ വർഗീയ സംഘടനകൾ അനുസ്യൂതം വളർന്നുകൊണ്ടിരിക്കുന്നു. കേരളത്തിലെ രാഷ്ട്രീയ പാർട്ടികൾ അവരവരുടെ നിലനില്പിനായി വർഗീയ വൽക്കരണം നടത്തിക്കൊണ്ടിരിക്കുന്നു. ഓരോ ദിനാഘോഷങ്ങളും മാറിനിന്ന് വിശകലനം ചെയ്താൽ ഇത് ബോധ്യമാകും. മതസ്പർധ ഇത്രയധികം വർധിച്ചുവരുന്നത് എന്തുകൊണ്ടാണെന്ന് നാം കണ്ടുപിടിക്കേണ്ടിയിരിക്കുന്നു. വിദ്യാഭ്യാസരംഗത്തുപോലും ഈ മാറ്റങ്ങൾ കണ്ടുവരുന്നു എന്നത് ഞെട്ടിപ്പിക്കുന്ന സത്യമാണ്. സ്വപ്ന സുരേഷും മോൻസൺ മാവുങ്കലും കോർപ്പറേറ്റ് രാജാക്കന്മാരും നിയന്ത്രിക്കുന്ന ലോകത്തിരുന്ന് നാം വെറും കാഴ്ചക്കാരായി മാറുന്നു. പക്ഷേ, അവിടെയും പ്രതികൂല കാലാവസ്ഥകളെ അതിജീവിച്ച് അനുകൂല കാലാവസ്ഥയിലേക്ക് കടന്നുവരുന്ന ദേശാടനകിളികളെപോലെ മറ്റുള്ളവർക്ക് വേണ്ടി ജീവൻ പോലും സമർപ്പിക്കാൻ തയ്യാറായി പോരാടുന്ന കുറേ നന്മ മരങ്ങൾ ഉള്ളതുകൊണ്ടുകൂടിയാണ് ഈ ലോകം സമാധാനത്തോടെ ഉറങ്ങുന്നത് എന്ന് നമുക്ക് കാണാം. പ്രതികൂല സാഹചര്യങ്ങളെ നേരിടാനുള്ള മനക്കരുത്താണ് നാം പകർന്നുകൊടുക്കേണ്ടത്.







കോവിഡ് 19 വൈറസ് രൂപമാറ്റം സംഭവിച്ച് ഒമിക്രോണിൽ എത്തിനിൽക്കുമ്പോൾ കേരളം അധിധീരമായി പോരാടിനിൽക്കുന്ന കാഴ്ച കണ്ടവരാണ് നമ്മൾ. ഓക്സിജൻ കിട്ടാതെ ആളുകൾ നെട്ടോട്ടമോടി പിടഞ്ഞുവീഴുന്ന കാഴ്ച ജനസാന്ദ്രത കൂടിയ കേരളത്തിൽ സംഭവിച്ചില്ല എന്നത് വലിയൊരു ആശ്വാസമായി. എണ്ണം കൂടുമ്പോഴും പ്രതിരോധിച്ചു നിൽക്കാൻ നമുക്ക് കഴിയുന്നുണ്ടെന്നുള്ളത് ശ്ലാഘനീയമാണ്. ഈ മഹാമാരിയുടെ ഭവിഷ്യത്തുകൾ നേരിടേണ്ടി വന്നത് ഭൂരിഭാഗം വരുന്ന സാധാരണ ജനങ്ങൾക്കാണ്. മരണവും രോഗദുരിതങ്ങളും തൊഴിലില്ലായ്മയും മനുഷ്യനെ നിസംഗനാക്കിയ വർഷമാണ് നമ്മുടെ മുന്നിലൂടെ കടന്നുപോയത്. പൊതുവെ അസന്തുലിതമായ സാമ്പത്തിക രംഗം മഹാമാരിയെ തുടർന്ന് ആകെ തകർത്തെറിയപ്പെട്ടു. ദാരിദ്ര്യത്തിന്റെ തീവ്രതയുടെ സൂചിക ഉയർന്നു. ഗുണമേന്മയുള്ള ഭക്ഷണത്തിന്റെ കുറവുമൂലം രോഗാതുരമായ ഒരു സമൂഹം നമ്മുടെ ഇടയിലുണ്ടായി. വ്യവസായങ്ങളും വാണിജ്യസ്ഥാപനങ്ങളും അടച്ചുപൂട്ടിയതിനെ തുടർന്ന് തൊഴിലും ജീവിതോപാധികളും നഷ്ടപ്പെട്ട പതിനായിരങ്ങൾ ദാരിദ്ര്യരേഖയിലേക്ക് കൂപ്പുകുത്തി. പെട്രോൾ, പാചകവാതകം തുടങ്ങിയ ഉൽപ്പന്നങ്ങളുടെ വിലക്കയറ്റം സാധാരണക്കാരന്റെ ജീവിതാവസ്ഥകളുടെ എല്ലാ പരിധിയും ലംഘിച്ച് മുന്നോട്ടുപോയതും 2021 ലായിരുന്നു. എങ്കിലും അതിജീവനത്തിന്റെ ഇച്ഛാശക്തി ദൈവകരങ്ങളാൽ നമുക്ക് ലഭിച്ചു. ഇല്ലായ്മകളിലേക്ക് കരുണയുടെ, സഹാനുഭൂതിയുടെ കൈത്താങ്ങാകാൻ ഒരു ജനാവലിക്ക് കഴിഞ്ഞത് രാഷ്ട്രീയമായ വിജയം തന്നെയായിരുന്നു. ഒരുപാട് ചർച്ച ചെയ്ത് പ്രഹസനമാക്കിയ കിറ്റ് വിതരണവും സാമൂഹിക അടുക്കളയുമൊക്കെ മറ്റൊരു സംസ്ഥാനത്തും കാണാത്ത മലയാള കൂട്ടായ്മകളുടെ നന്മ മനസ്സുകളുടെ സ്നേഹപരിലാളനവും തന്നെയായിരുന്നു എന്നു പറയാതിരിക്കാൻ കഴിയില്ല.

കഴിഞ്ഞവർഷം ഏറ്റവും കൂടുതൽ ചർച്ച ചെയ്യപ്പെട്ട വിഷയങ്ങളിലൊന്ന് നമ്മുടെ മഹാമാരി അടിച്ചേല്പിച്ച ഓൺലൈൻ വിദ്യാഭ്യാസമാണ്.

**ഓരോ വർഷം കടുന്നുപോകുമ്പോഴും നമ്മുടെ ജീവിതാവസ്ഥകളെ ഒന്നുതിരിഞ്ഞു നോക്കുന്നത് നല്ലതാണ്. വളരെയധികം ഭൗതിക മാറ്റങ്ങൾ സംഭവിച്ചുകൊണ്ടിരിക്കുന്ന ഈ ലോകത്ത് പുതിയൊരു വർഷം കൂടി നമ്മെ വരവേൽക്കാനായി ഒരുങ്ങിനിൽക്കുന്നു.**

**ജീവൻ സംരക്ഷിക്കുക എന്നതുപോലെ തന്നെ പ്രാധാന്യമുള്ളതാണ് നമ്മുടെ പരിസ്ഥിതി സംരക്ഷണവും എന്ന തിരിച്ചറിവ് വീണ്ടും ഓർമ്മപ്പെടുത്തുന്ന വർഷമാണ് കഴിഞ്ഞുപോയത്. വിഷമയമായ മാലിന്യങ്ങൾ കുന്നുകൂടുന്ന ലോകത്തെ സംരക്ഷിക്കേണ്ട ചുമതല ഇന്നിന്റെ ആപ്തവാക്യമായി മാറേണ്ടിയിരിക്കുന്നു.**

വിദ്യാലയത്തിന്റെ പടി ചവിട്ടാതെ തന്നെ വിദ്യ വിരൽത്തുമ്പത്തെത്തും എന്ന മാന്ത്രികവിദ്യ പാഠിച്ച നാളുകൾ. ഗുണദോഷസമ്മിശ്രമായ ഈ മാറ്റത്തെയും നാം അംഗീകരിച്ചുകഴിഞ്ഞു. സാങ്കേതികവിദ്യയുടെ അതിപ്രസരം കൊച്ചുകൗമാരങ്ങളെ എങ്ങനെ മാറ്റിമറിച്ചു എന്ന് നാം വിഹ്വലതയോടെ കണ്ടുനിന്നു. കൂട്ടിലടയ്ക്കപ്പെട്ട നക്ഷത്രങ്ങൾ മൊബൈൽ ആപ്പിലൂടെ തങ്ങളുടെ കഴിവുകൾ മാറ്റുരയ്ക്കുന്ന സംഭവങ്ങൾക്കും നാം സാക്ഷികളായി. അധ്യാപകർ ഫെസിലിറ്റേറ്റർ മാത്രമായി ചുരുങ്ങി. വിദ്യാലയത്തിന്റെ നാലതിരുകൾക്കുള്ളിൽ തളച്ചിടുന്നതല്ല അറിവിന്റെ ലോകമെന്ന് നാം പഠിച്ചു. വിശാലമായ അതിശക്തമായ ഒരു അറിവിന്റെ സമൂഹമായി നമ്മുടെ വിദ്യാഭ്യാസ ശ്രേണി ഉദ്ധരിക്കപ്പെട്ടു. ഡിജിറ്റൽ യുഗത്തിന്റെ വക്താക്കളായി നാം മാറി. വിദ്യ അഭ്യസിക്കുന്നവരുടെ ചിന്താഗതിയ്ക്കനുസരിച്ച് അപഗ്രഥിക്കാനും വിമർശിക്കാനും പുനർസംവിധാനം ചെയ്യാനുമുള്ള പ്രവർത്തനങ്ങളുമായി മാറി ഇന്നത്തെ വിദ്യാഭ്യാസ രീതി. എന്നാൽ അടച്ചിട്ട വിദ്യാലയങ്ങൾ വലിയൊരുവിഭാഗം വിദ്യാർത്ഥികൾക്ക് അവരുടെ പഠിക്കാനുള്ള മികവിനെയും ഉൽപ്പാദനക്ഷമതയെയും സമൂഹികാവബോധത്തെയും മോശമായി ബാധിച്ചു. മാനസികസമ്മർദ്ദവും കുടുംബബന്ധങ്ങളിലെ അസ്വസ്ഥതകളും, ഗാർഹികപീഢനങ്ങളും വിദ്യാർത്ഥികളിൽ ഏല്പിച്ച ആഘാതവും നാം കാണാതിരുന്നുകൂടാ.

സാമ്പത്തികരംഗത്തുവരുന്ന ആവേശങ്ങൾ മനുഷ്യർക്കിടയിൽ സാമ്പത്തിക അസന്തുലിതാവസ്ഥ സൃഷ്ടിക്കുന്നുണ്ട് എന്ന തിരിച്ചറിവിലാണ് നാമിപ്പോൾ ജീവിക്കുന്നത്. സ്വകാര്യവൽക്കരണം സാധാരണ ജനങ്ങളെ സാമ്പത്തിക വളർച്ചയിൽ നിന്നും മാറ്റിനിർത്തുന്നു എന്ന സത്യവും നാം തിരിച്ചറിയണം. സ്വകാര്യവൽക്കരണവും ഉദാരവൽക്കരണവും സാധാരണ ജനങ്ങൾക്ക് എത്രത്തോളം പ്രയോജനപ്പെടുന്നുണ്ട് എന്ന കാര്യം വിലിയ വിലയിരുത്തലുകൾ നടന്നാൽ മാത്രമേ മനസ്സിലാക്കാൻ സാധിക്കുകയുള്ളൂ. സുഖസൗകര്യങ്ങൾ എല്ലാവർക്കും അനുഭവിക്കാനുള്ളതാണ്. അത് ഒരു വിഭാഗത്തിനുമാത്രമായി മാറുമ്പോഴാണ് അക്രമങ്ങളും നാം പറയുന്ന തീവ്രവാദങ്ങളുമൊക്കെ പൊട്ടിപുറപ്പെടുന്നത്. പാർശ്വവൽക്കരിക്കപ്പെട്ടു നിൽക്കുന്ന സമൂഹത്തെ ചവിട്ടി താഴ്ത്താൻ ശ്രമിക്കുമ്പോൾ പ്രതികരിക്കുന്നത് സ്വാഭാവികമാണ്. ആ പ്രതികരണത്തിന്റെ ആഴം ഭരണകർത്താക്കൾക്ക് മനസ്സിലാക്കി കൊടുക്കാൻ കഴിഞ്ഞു എന്നതും നേട്ടം തന്നെയാണ്.

ജീവൻ സംരക്ഷിക്കുക എന്നതുപോലെ തന്നെ പ്രാധാന്യമുള്ളതാണ് നമ്മുടെ പരിസ്ഥിതി സംരക്ഷണവും എന്ന തിരിച്ചറിവ് വീണ്ടും ഓർമ്മപ്പെടുത്തുന്നവർഷമാണ് കഴിഞ്ഞുപോയത്. വിഷമയമായ മാലിന്യങ്ങൾ കുന്നുകൂടുന്ന ലോകത്തെ സംരക്ഷിക്കേണ്ട ചുമതല ഇന്നിന്റെ ആപ്തവാക്യമായി മാറേണ്ടിയിരിക്കുന്നു. പച്ചപ്പ് നിറഞ്ഞ ഒരു മനസ്സുണ്ടായാലേ അതിന് കഴിയുകയുള്ളൂ. ഫ്രാൻസിസ് പാപ്പ നമ്മെ ഓർമ്മിപ്പിക്കുന്നതുപോലെ പ്രകൃതിയുടെ ഭാഗമായ മനുഷ്യൻ പ്രകൃതിയുടെ സംരക്ഷകനായും മാറണം. കാർബൺ രഹിത ഭൂമിയെ തിരിച്ചുപിടിക്കാനായി മലിനീകരണം തടയാനുള്ള പ്രവർത്തനങ്ങളുമായി മുന്നോട്ടു പോകേണ്ടതിന്റെ ആവശ്യകത പ്രകൃതി ദുരന്തങ്ങളും കാലാവസ്ഥാ വ്യതിയാനവും നമ്മെ ബോധ്യപ്പെടുത്തി തന്ന വർഷമാണ് കടന്നുപോയത്.

ഏതൊക്കെ പ്രതികൂല കാലാവസ്ഥയിലൂടെ നാം കടന്നുപോയാലും നമുക്ക് ജീവിച്ചേ മതിയാകൂ. അതിന് പ്രാപ്തരാകുക എന്നതാണ് ഏറ്റവും വലിയ വെല്ലുവിളി. ഒന്നിനും ഒരു തീർച്ചയുമില്ലാതെ മുന്നേറിക്കൊണ്ടിരിക്കുന്ന ഈ കാലത്ത് നമുക്കേക ആശ്വാസം കാറ്റും കോളും നിറഞ്ഞ പ്രക്ഷുബ്ധമായ കടലിന് മുന്നിൽ ശിഷ്യർക്ക് ആശ്വാസമായി നിന്ന ക്രിസ്തു തന്നെയാണ്. അചഞ്ചലമായ വിശ്വാസത്തോടെ പുതുവർഷത്തെ സ്വാഗതം ചെയ്യാം. ഈ പുതുവർഷത്തിൽ അതിജീവനം ആരെയും പഠിപ്പിക്കേണ്ടതല്ല. കുഞ്ഞു നടക്കാൻ പഠിക്കുന്നതുപോലെ സ്വാഭാവികമായി വരേണ്ടതാണ്. വീണിടത്തുനിന്ന് നമുക്ക് മെല്ലാം നടക്കാം. പക്ഷേ, അതിജീവനത്തിന് പ്രാപ്തരാകണമെങ്കിൽ ഡിജിറ്റൽ ഏജിൽ പുതിയ യുഗത്തിന്റേതായ നൈപുണികൾ (സ്കിൽസ്) നാം സ്വായത്തമാക്കിയാൽ മാത്രമേ നമുക്ക് നിലനിൽപ്പുള്ളൂ. പുതുയുഗത്തിന്റെ ലൈക്കിലും ഷെയറിലും സബ്സ്ക്രൈബിലും മാത്രം ക്വാറന്റൈൻ ആയിപ്പോകാതെ, മനുഷ്യരെ പോലെ സ്നേഹിച്ചും ആദരിച്ചും പരസ്പര ബഹുമാനത്തോടെ ഒപ്പം നടക്കാം. കാലമിനിയുമുരുളും... ■


MISSIONARY SISTERS OF THE
The ICM Sisters
IMMACULATE HEART OF MARY
പ്രാർത്ഥന
കൗദാശികജീവിതം
നിസ്വാർത്ഥസേവനം
1897 – ൽ ബെൽജിയത്തിൽ നിന്നും
കന്യാകുമാരി ജില്ലയിൽ മുളക്മൂട് മിഷനറിയായി
കടന്ന് വന്ന മദർ മേരി ലൂയിസ് ഡി മീസ്റ്റർ സ്ഥാപിച്ച
അന്താരാഷ്ട്ര മിഷനറി കോൺഗ്രിഗേഷനായ
ഐ സി എം സന്യാസ സഭയുടെ
(മറിയത്തിന്റെ വിമലഹൃദയ പ്രേഷിത സഹോദരിമാർ)
ക്രിസ്തുമസ്
പുതുവത്സര
ആശംസകൾ...


40 വർഷത്തെ പൗരോഹിത്യ
ജീവിതത്തിന്റെ ആഘോഷവേളയിൽ
പ്രിയ ഹയിസന്ത് നായകം അച്ചന്
എല്ലാവിധ ആശംസകളും,
അനുമോദനങ്ങളും,
പ്രാർത്ഥനകളും
ഐ സി എം സിസ്റ്റേഴ്സ്
സ്നേഹപൂർവ്വം നേരുന്നു.
ICM SISTERS
ST. ROCH'S CONVENT, THOPPU

ലേഖനം

# വിവിധ നാടുകൾ, വിവിധ പാരമ്പര്യങ്ങൾ - ഒരേയൊരാഘോഷം

എന്നാണ് എന്റെ ഹൃദയത്തിന്റെ താഴ്വരയിൽ ഞാനൊരു പുൽക്കൂട് കെട്ടുക? എന്നാണ് എന്റെ അധമവികാരങ്ങളുടെ ഇരുട്ടകറ്റി വിശുദ്ധിയുടെ ഒരു തരിവെട്ടം കൊളുത്തുക?

ക്രിസ്തുമസ് ഒരു ഋതുകാലമല്ല; അതൊരു അനുഭവമാണ്. ക്രിസ്തുമസ് ആഘോഷത്തിന്റെ ഒരു കാലഘട്ടം മാത്രമല്ല; പുനഃരാലോചനയുടെ ഒരു കാലഘട്ടം കൂടിയാണ്. നമ്മളാരും തനിച്ചല്ല എന്നതാണ് ക്രിസ്തുമസ് നമുക്ക് നൽകുന്ന സന്ദേശം. ക്രിസ്തുമസ് സമ്പന്നതയുടെ ഉത്സവം എന്നതിനേക്കാളുപരിയായി സംതൃപ്തിയുടെ പിറന്നാളായി അനുഭവപ്പെടാൻ മിഴികൾ തുറക്കാം. വിവിധ രാജ്യങ്ങളിലെ ക്രിസ്തുമസ് ആഘോഷങ്ങളിലേക്ക് ഒരു യാത്ര ആരംഭിക്കാം.



## ബേത്‌ലെഹെം

'അപ്പത്തിന്റെ ഭവനം' എന്നാണ് ബേത്‌ലെഹെം എന്ന വാക്കിന്റെ അർത്ഥം. റൊട്ടിയുണ്ടാക്കുന്ന ഗോതമ്പ് വൻതോതിൽ കൃഷിചെയ്ത് ഉത്പാദിപ്പിക്കുന്ന ഗോതമ്പ് പാടങ്ങൾ പലസ്തീനിൽ ധാരാളമുള്ളതാവാം ഈ പേര് വരാനുള്ള കാരണം. ക്രിസ്തുവിന്റെ ജന്മനാട് എന്ന രീതിയിൽ പലസ്തീനിലും ക്രിസ്തുമസ് ആഘോഷം പൊടിപൊടിക്കാറുണ്ട്. ഇവിടെയുള്ളത് ഇരുപത് ശതമാനം ക്രൈസ്തവരാണ്. ക്രിസ്തുമസ് വാരത്തിൽ ജനങ്ങൾ നഗരപ്രദക്ഷിണം നടത്തും. പലരും സാന്താക്ലോസിന്റെ വേഷം ധരിക്കും. മധുരപലഹാരം വിതരണം ചെയ്യുന്ന പതിവുമുണ്ട്. ജറുസലെമിലെ കാത്തലിക് ബിഷപ്പാണ് ബേത്‌ലെഹെമിലെ ക്രിസ്തുമസ് ആഘോഷപരിപാടികൾക്ക് നേതൃത്വം നൽകുക.

## പോളണ്ട്

'പോപ്പുമാരുടെ നാട്' എന്നറിയപ്പെടുന്ന പോളണ്ട് സമ്പൂർണമായും ഒരു കത്തോ



ലിക്ക രാജ്യമാണ്. ക്രിസ്തുമസ് ആഘോഷങ്ങളിൽ പ്രധാനം ക്രിബ്ബുകളും ട്രീകളുമാണ്. ക്രിസ്തുമസ് വിരുന്നിൽ പ്രധാനമായും പന്ത്രണ്ടുതരത്തിലുള്ള മത്സ്യവിഭവങ്ങളാണ് ഉൾപ്പെടുത്തിയിരിക്കുന്നത്. പുഡ്ഡിംഗുകൾ, കേക്ക് എന്നിവയും ക്രിസ്തുമസ് വിഭവങ്ങളാണ്. 'സ്വീറ്റിമിക്കോളാജ്' എന്ന പേരിലാണ് ഇവിടെ ക്രിസ്മസ് ഫാദർ അറിയപ്പെടുന്നത്. അലങ്കരിച്ച ക്രിസ്തുമസ് വിളക്കുകളും ട്രീകളും ക്രിസ്തുമസ് വാരത്തിൽ വീടുകളിലും ദൈവാലയങ്ങളിലും തൂക്കിയിടും.

## ശ്രീലങ്ക

സമ്പൂർണ ബുദ്ധമത രാജ്യമാണ് ശ്രീലങ്ക. ഏഴുശതമാനം ക്രൈസ്തവർ



ഫാ. ഇമ്മാനുവേൽ

മാത്രമേ ഇവിടെയുള്ളൂവെങ്കിലും ക്രിസ്തുമസ് ആഘോഷിക്കുന്ന കാര്യത്തിൽ ഈ രാജ്യം മുമ്പിലാണ്. ക്രൈസ്തവരിൽ ഏറെയും റോമൻ കത്തോലിക്കരാണ്. ക്രിസ്തുമസിന് ശ്രീലങ്കയിൽ ദേശീയ അവധിയാണ്. ഒട്ടേറെ യൂറോപ്യൻ രാജ്യങ്ങളുടെ സ്വാധീനം ശ്രീലങ്കയുടെ സംസ്കാരത്തിൽ അലിഞ്ഞുചേർന്നിട്ടുണ്ട്. 1505 മുതൽ 1650 വരെ പോർച്ചുഗീസുകാരും 1658 മുതൽ 1796 വരെ ഡച്ചുകാരും 1815 മുതൽ 1948 വരെ ബ്രിട്ടീഷുകാരുമായിരുന്നു ശ്രീലങ്ക ഭരിച്ചിരുന്നത്. ക്രിസ്തുമസ് ആഘോഷങ്ങളിലും ഈ പാശ്ചാത്യസംസ്കാരം ലയിച്ചുകിടക്കുന്നു. ക്രിസ്തുമസ്



ആഘോഷങ്ങൾ ഡിസംബർ ഒന്നിന് തുടങ്ങും. തെരുവീഥികളും കടകളും ട്രീകളാലും വിളക്കുകളാലും അലങ്കരിക്കും. നത്താൽസീയാ എന്ന പേരിലാണ് ഇവിടെ ക്രിസ്തുമസ് ഫാദർ അറിയപ്പെടുന്നത്.

## പോർച്ചുഗൽ

'പൈ നടാൽ' എന്ന പേരിലാണ് പോർച്ചുഗലിൽ ക്രിസ്തുമസ് ഫാദർ അറിയപ്പെടുക. ക്രിസ്തുമസ് ദിനത്തിൽ അദ്ദേഹം കുട്ടികൾക്കുള്ള സമ്മാനങ്ങൾ ക്രിസ്തുമസ് മരങ്ങളുടെ അടിയിലും കുട്ടികളുടെ ചെരുപ്പുകൾക്കുള്ളിലും ഒളിച്ചുവക്കുമെന്നാണ് ഐതിഹ്യം. ക്രിസ്തുമസ് വിഭവങ്ങളിൽ മുഖ്യമായും ഉപയോഗിക്കുന്നത് മത്സ്യം, പച്ചക്കറി, വേവിച്ച ഉരുളക്കിഴങ്ങ് മുതലായവയാണ്. കാട്ടിറച്ചിയും ഓയിസ്റ്റേഴ്സും (ഒരുതരം കക്കയിറച്ചി) ക്രിസ്തുമസ് വിഭവങ്ങളിൽ ഉൾപ്പെടുത്താറുണ്ട്. ക്രിസ്തുമസ് സദ്യ കഴിച്ചതിനുശേഷമായിരിക്കും ജനങ്ങൾ ആരാധനയ്ക്ക് പോകുന്നത്. വീടുകളിലും പള്ളികളിലും ക്രിസ്തുമസ് ട്രീകൾ തയ്യാറാക്കും. ക്രിസ്തുമസ് വിരുന്നിലെ പ്രധാന ഇനമാണ് പാരമ്പര്യ രീതിയിൽ തയ്യാറാക്കുന്ന രുചികരമായ 'പോർട്ടോ വീഞ്ഞ്'.

## റൊമാനിയ

ഡിസംബർ 20 മുതൽ ജനുവരി



ഏഴുവരെ നീണ്ടുനിൽക്കുന്ന ക്രിസ്തുമസ് ആഘോഷമാണ് റൊമാനിയൻ ജനതയുടേത്. വി. ഇഗ്നാത്യോസിന്റെ ഓർമ്മപ്പെരുനാൾ ഡിസംബർ 20 നാണ്. അന്ന് എല്ലാ വീടുകളിലും ഒരു പന്നിയെ കൊല്ലും. അതിന്റെ മാംസമായിരിക്കും ക്രിസ്തുമസ് വിരു



ന്നിൽ പ്രധാനമായും ഉപയോഗിക്കുക. ക്രിസ്തുമസ് ആഘോഷം ഡിസം. 24 നാണ്. ക്രിസ്തുമസ് ട്രീകളും കരോളും പ്രധാനമാണ്. കുട്ടികൾ എല്ലാ ഭവനങ്ങളിലും പാട്ടുപാടാൻ പോകാറുണ്ട്. പണവും മധുരവും പഴങ്ങളും അവർക്ക് സമ്മാനമായി ലഭിക്കാറുണ്ട്.

## മാൾട്ട

ഈ രാജ്യത്ത് ജനസംഖ്യയിൽ ഏറെയും ക്രിസ്ത്യാനികളാണ്. പാതിരാകുർബാനയ്ക്ക് ദൈവാലയങ്ങൾ നിറയെ വിശ്വാസികളായിരിക്കും. എല്ലാ പള്ളികളും വിളക്കുകളാലും ക്രിബ്ബുകളാലും അലങ്കരിച്ചിരിക്കും. ഇറ്റലിക്കാരാണ് 'മാൾട്ട'യിൽ ആദ്യമായി ക്രിബ്ബ് പരിചയപ്പെടുത്തിയത്. സാന്താക്ലോസിന്റെ നാമധേയത്തിലുള്ള സെയ്ന്റ് നിക്കോളാസ് ഗ്രാമം മാൾട്ടയിലുണ്ട്. ഫ്രണ്ട്സ് ഓഫ് ക്രിബ്ബ് സൊസൈറ്റിയും ഇവിടെ പ്രവർത്തിച്ചുവരുന്നു.

## സ്പെയിൻ



ഇവിടത്തെ ക്രിസ്തുമസ് ആഘോഷങ്ങൾ ഏറെ പുതുമകൾ നിറഞ്ഞതാണ്. ക്രിസ്തുമസ് വാരത്തിൽ നഗരങ്ങൾ ചുറ്റിയുള്ള ക്രിസ്തുമസ് പ്രദക്ഷിണങ്ങൾ നടത്താറുണ്ട്. ഗിറ്റാർ, തമ്പേർ, മറ്റ് വാദ്യോപകരണങ്ങൾ ഒക്കെയും ക്രിസ്തുമസ് കാരോളിന് ഉപയോഗിക്കുന്നു. വലിയ ക്രിസ്തുമസ് വിളക്കുകൾ വീടുകളിലും പള്ളികളിലും തൂക്കിയിടും. ക്രിസ്തുമസ് ദിനത്തിൽ എല്ലാ വീട്ടിലും സ്പെഷ്യൽ ക്രിസ്തുമസ് കേക്കും ഉണ്ടാക്കാറുണ്ട്.

ക്രിസ്തുമസ് ആഘോഷങ്ങൾ ഒട്ടുമിക്ക രാജ്യങ്ങളിലും വളരെ പ്രാധാന്യത്തോടെ കൊണ്ടാടപ്പെടുന്നുണ്ടെങ്കിലും ചുരുക്കം ചില രാജ്യങ്ങളെയാണ് നാം കാണാൻ ശ്രമിച്ചത്. ക്രിസ്തുവിന്റെ ജനനം ഈ ലോകം മുഴുവന്റെയും സന്തോഷവും ആനന്ദവുമായിരുന്നുവെങ്കിൽ നമ്മുടെ ജീവിതവും അനേകർക്ക് ആനന്ദമായി തീരണം. അസ്തമിക്കാറായ സൂര്യൻ ഈ ലോകത്തോട്



വിളിച്ചുപറയുകയാണ് – 'ഞാൻ അസ്തമിക്കുകയാണ്. ഇനി ആരുണ്ട് എന്റെ ചുമതല ഏറ്റെടുക്കാൻ.' ഒരു ചിമ്മിനി വിളക്ക് വിളിച്ചുപറഞ്ഞുവത്രേ – 'ഇനി ഞാൻ പരിശ്രമിക്കാം സൂര്യദേവാ...' ജീവിതമാകുന്ന വിളക്കുകൾ കത്തിച്ച് ഇരുട്ടിൽ ഉഴലുന്നവർക്ക് ഒരിറ്റ് വെട്ടമേകി ഈ ക്രിസ്തുമസ് അർത്ഥപൂർണമാക്കാം. ■

കഥ

# വിശുദ്ധയാത്ര

ലോകത്തിന്റെ നെറുകയിലാണ് അഗസ്റ്റസ് സീസർ ഇന്ന്. യഥാർത്ഥത്തിൽ ദുർഭരണമാണോ സത്ഭരണമാണോ എന്നുപറയാൻ സാധിക്കാത്ത അനിശ്ചിതത്വം കളിയാടി നിൽക്കുന്ന കാലഘട്ടം. ഒരു സമാധാന അന്തരീക്ഷം ലോകത്താകമാനം ഉണ്ടെങ്കിലും അത് റോമൻ ഭരണകൂടത്തിന്റെ ക്രൂരതയോർത്തിട്ടാണ് എന്നതാണ് സത്യം. കിരിനിയോസ് സിറിയൻ ദേശാധിപതിയായിരുന്നുകൊണ്ട് യഹൂദരുടെ മേൽ റോമിന്റെ കിരാത നടപടികൾ അടിച്ചേൽപ്പിക്കുന്ന അശുഭവാർത്തകളാണെങ്ങും. അവിശ്വസനീയമാകുന്ന ക്രൂര നടപടികൾ എപ്പോൾ ആജ്ഞയായി പുറപ്പെടും എന്ന് ഒരു ഊഹവുമില്ലാത്ത ഹേറോദേസിന്റെ ബുദ്ധിസ്ഥിരതയില്ലാത്ത ഭരണം അതിന്റെ താണ്ഡവ നൃത്തമാടി നിൽക്കുന്ന കാലഘട്ടം. തന്റെ സെനറ്റർമാരെ വിളിച്ചുകൂട്ടി വലിയൊരു ഭൂപടം കാട്ടി, പൊട്ടിച്ചിരിച്ചുകൊണ്ട് അഗസ്റ്റസ് സീസർ പറഞ്ഞു, "കണ്ടില്ലേ നമ്മുടെ മുൻപിൽ എത്രയെത്ര രാജ്യങ്ങൾ മുട്ടുകുത്തി, എത്രയെത്ര ജനതകൾ സർവവും അടിയറവുവച്ചു. പോരാ ഇനിയും പിടിച്ചെടുക്കണം. റോമിന്റെ ഭരണപാടവം സകല ജനതകളും ഉൾക്കൊണ്ടുതന്നെ ജീവിക്കണം. വിപ്ലവ കൊടിയുയർത്തുന്ന യഹൂദ പരിശകളേയും ഈജിപ്ഷ്യൻ കരികാളികളെയും പേർഷ്യയിലെ കച്ചവടക്കാരെയുമൊക്കെ വരച്ചവരയിൽ നിർത്തണം. ഉടനെ തന്നെ ഒരു ജനസംഖ്യാ കണക്കെടുപ്പുനടത്തണം. ആരും ഈ കണക്കെടുപ്പിൽ നിന്ന് മാറിനിൽക്കാൻ പാടില്ല." ആരും ഒരക്ഷരവും മിണ്ടിയില്ല. ജൂലിയസ് സീസറിനെ കുത്തിക്കൊലപ്പെടുത്തിയ സെനറ്റർമാരൊക്കെ ഇന്ന് അഗസ്റ്റസ് സീസറിന്റെ ദയാവായ്പിലാണ് ജീവിക്കുന്നതു തന്നെ. വിറപൂണ്ടുനിന്ന സെനറ്റർമാരൊക്കെ ഈ ക്രൂരമായ കണ്ണുകളിലേക്ക് നോക്കാൻ പോലും ധൈര്യപ്പെടാതെ ഒരുമിച്ചുപറഞ്ഞു, "ഉത്തരവുപോലെ."

'നസ്രത്ത്' എന്ന ചെറുഗ്രാമത്തിലെ സിനഗോഗിൽ മണിമുഴങ്ങി. ജനം രാജവിളംബരത്തിനായി കാത്തുനിന്നു. നികുതി ഭാരത്താലും ക്രൂരഭരണത്താലും നട്ടംതിരിയുന്ന ജനം ജനസംഖ്യാ കണക്കെടുപ്പെന്ന വിചിത്ര തീരുമാനത്തെ ഓർത്തു പരിതപിച്ചുകൊണ്ട് നെറ്റിചുളിച്ചു. ഒന്നുകിൽ യുദ്ധം അല്ലെങ്കിൽ തലയെണ്ണി കരംപിരിക്കൽ, അതുമല്ലെങ്കിൽ പട്ടാളത്തിൽ ആളെചേർക്കാൻ. വിളംബരത്തിൽ ചില വ്യവസ്ഥകളും ഉണ്ടായിരുന്നു. ഒരോരുത്തരും പേരുചാർത്തേണ്ടത് അവർ ഇപ്പോൾ താമസിക്കുന്നിടത്താവരുത് മറിച്ച് ഗോത്രപിതാക്കന്മാരുടെ നഗരത്തിലായിരിക്കണം. ഗോത്രങ്ങളുടെ ശക്തി തരംതിരിച്ചുകാണിച്ച് അധികാരത്തിന്റെ എല്ലിൻകഷ്ണങ്ങൾ ഇട്ടുകൊടുത്ത് ഭിന്നിപ്പിച്ച് ഭരിച്ച് എക്കാലവും ചിരംജീവിയായി നിൽക്കുക അതായിരുന്നു തന്ത്രം. വീറും വാശിയും കലർന്ന അഭിപ്രായ പ്രകടനങ്ങളായിരുന്നു കൂടി നിന്ന യഹൂദ പുരുഷന്മാരിൽ നിന്നും വന്നത്. നമ്മൾ സംഘടിക്കണം, ദാവീദിനെ പോലെ ശക്തനായവനെ കാത്തുകാത്തിരുന്ന് മടുത്തു. റോമിന്റെ ഭരണ വികാസങ്ങളൊക്കെ തന്നെ നമ്മുടെ മതചിന്തകളെ തച്ചുടയ്ക്കുന്നു. പെട്ടെന്നാണ് ഒരുവൻ പറഞ്ഞത്, "നിർത്തുക വേഷപ്രച്ഛന്ന





ഫാ. ലെനിൻ ഫെർണാണ്ടസ്



രായി റോമൻ ഭടന്മാർ നമ്മുടെ ഇട യിലും ഉണ്ടാകില്ലെന്ന് നിങ്ങൾക്കുറ പ്പുണ്ടോ? അല്ലെങ്കിൽ തന്നെ സ്വന്തം സമുദായത്തെ ഒറ്റുകൊടുക്കുന്ന നീച ന്മാരായ യഹൂദ ചുങ്കപ്പിരിവുകാരും അവരോടൊപ്പമാണല്ലോ." ഇതു കേട്ട പ്പോൾ തന്നെ പലരും പിരിഞ്ഞുപോ കാൻ തുടങ്ങി കാരണം ജീവനിൽ അവർക്ക് ഭയമുണ്ടായിരുന്നു.

അന്നുരാത്രി അന്നയുടെയും യോവാക്കീമിന്റേയും കുടിലിൽ ഒരു കൂടിയാലോചന നടന്നു. നിറവയറു മായി നിൽക്കുന്ന മേരിയെ തോളോടു ചേർത്തുപിടിച്ചുകൊണ്ട് യൗസേപ്പു പറ ഞ്ഞു, "ഞങ്ങൾ ഒരുമിച്ചുപോകാൻ തീരുമാനിക്കുന്നു." ഏകദേശം നൂറ്റി യഞ്ച് മൈലുകളോളമുണ്ട് നസ്രത്തിൽ നിന്ന് ബേത്ലെഹെമിലേക്ക്. ഏഴെട്ട് ദിവസമെങ്കിലുമെടുക്കും അവിടെ എത്തിച്ചേരാൻ. അന്നയും യോവാ ക്കീമും യൗസേപ്പിനെ തടഞ്ഞ് ഉപദേ ശങ്ങളാൽ ആവതു പറഞ്ഞുനോക്കി. ഇതിനകം മേരിക്കറിയാം യൗസേപ്പിന്റെ തീരുമാനങ്ങളൊന്നും അവന്റേതല്ല മറിച്ച് അവന്റെ സ്വപ്നഫലങ്ങളാണെ ന്ന്. നീലക്കണ്ണുകളുള്ള ആ താപസനെ നോക്കി പുഞ്ചിരിച്ചുകൊണ്ട് മേരി അറി യിച്ചു, ഞാൻ തയ്യാറാണ്. അന്നയുടെ കരിവാളിച്ച ചുണ്ടിൽ ഒരു ചിരിവെട്ടം. യോവാക്കീമിന്റെ കണ്ണുകളിൽ ദീർഘ ദർശിയുടെ പ്രവചനഭാവം. രണ്ടുപേ രെയും അവർ അടുത്തുവിളിച്ചി രുത്തി. അന്ന, ജോസഫിന്റെ, കൈയെടുത്ത് മേരിയുടെ വയറ്റിൽവച്ചു, വിറയാർന്ന സ്വരത്തോടെ അവൾ പാടി, "അല്ലയോ ബേത്ലെഹെമേ നീ യൂദയായുടെ പ്രമുഖ നഗ രങ്ങളിൽ ഒട്ടും താഴെയല്ല. കാരണം എന്റെ ജനതയായ ഇസ്രായേലിനെ മേയ്ക്കാനു ള്ളവൻ നിന്നിൽ നിന്ന് പുറപ്പെ ട്ടുവരും." "അഞ്ഞൂറു വർഷ ങ്ങൾക്ക് മുൻപുള്ള മിക്കാ യുടെ പ്രവചനമാണിത്." - യോവാക്കീം പറഞ്ഞു.

മേരിയുടെ ഉദരത്തിൽ ശിശു കൈകാലിട്ടിളക്കി. ഇക്കിളിപ്പെ ടുത്തി മേരി ജോസഫിന്റെ കരങ്ങളിൽ കയറിപ്പിടിച്ചു. സകല ജനാവലിക്കും വേണ്ടിയുള്ള വലിയ സന്തോഷ ത്തിന്റെ സദ്വാർത്തയാണ് അവളുടെ ഉദരത്തിൽ തത്തിക്കളിക്കുന്നതെന്ന് അവർ നാല്വർക്കും അറിയാമെങ്കിലും അവർ നിശബ്ദരാവുകയത്രേ ചെയ്തത്. അടുത്ത പ്രഭാതത്തിൽ യൗസേപ്പും മേരിയും യാത്രയ്ക്കുള്ള സകല ഒരു ക്കങ്ങളും നടത്തി. തീർത്തും മൂകരാ യിരുന്നു ആ വൃദ്ധ ദമ്പതികൾ. അവർക്കറിയാമായിരുന്നു തങ്ങളുടെ പൊന്നോമന മകളെ കാണാൻ അവർക്കിനി ഭാഗ്യമുണ്ടാകില്ലെന്ന്. അതവരുടെ ഹൃദയാന്തർഭാഗത്തിരുന്ന് ഒരു വെളിപാടുപോലെ ആരോ വെളി പ്പെടുത്തി.

ഉള്ളിലെ നീറ്റൽ പുറത്തുകാട്ടാതെ അന്നയും യോവാക്കീമും മേരിയെ പല വട്ടം ചുംബിച്ചു. ആ വികാര പ്രകടനം അതുവരെ ചിരിച്ചുകൊണ്ടുമാത്രം സംസാരിച്ച മേരിയുടെ വാക്കുകളിൽ ഇടർച്ചയുണ്ടാക്കി. അവർ കുനിഞ്ഞ് ആ വന്ദ്യ മാതാപിതാക്കളുടെ പാദങ്ങളിൽ തൊട്ടു. അവൾ വികാരഭരിതയായി പറ ഞ്ഞു, "എന്നിൽ പൂത്തുലഞ്ഞു നിൽക്കുന്ന നന്മകൾ നിങ്ങളുടേതു തന്നെയാണ്. ഇനിമേൽ ഇസ്രായേലിന്റെ വീരകഥകളൊക്കെ എനിക്കാരു പാടിത രും. എന്റെ ഹൃദയ നൊമ്പരങ്ങളിൽ ഏത് മടിത്തട്ടിൽ ഞാൻ തല ചായ്ക്കും. അപ്പനോളം ആർദ്രതയുള്ളതാണ് എന്റെ യൗസേപ്പിന്റെ കരങ്ങളെങ്കിലും എന്റെ പിതാവേ അങ്ങയുടെകരാംഗുലി യിൽ ഇനി ഞാനെന്ന് ആത്മനിർവൃതി കൊള്ളും." അതു കേട്ടമാത്രയിൽ ഒരി ക്കൽക്കൂടി യോവാക്കീമും അന്നയും മേരിയെ കെട്ടിപ്പിടിച്ച് ഉമ്മവച്ചു.

അങ്ങനെ അവർ യാത്ര തുടങ്ങി. പുല്മേടുകളും പുഴയോരങ്ങളും കൃഷി യിടങ്ങളും സമതലങ്ങളും കുന്നുകളും മലനിരകളും മരുഭൂമികളും ചരൽപാത കളും മറികടന്നുള്ള യാത്ര. കണ്ണുകളിൽ വർണം വിരിയിച്ചുകൊണ്ടുള്ള യാത്ര. കഴുതപ്പുറത്തിരുന്ന് യാത്ര ചെയ്യുന്ന മേരിയുടെ കൈകളെ തഴുകിത്തലോടി യൗസേപ്പ് വാക്കുകൾക്കും അപ്പുറമുള്ള സുന്ദരമായൊരു യാത്രാനുഭൂതിയിലായി. ചരിത്രത്തിന്റെ വിരിമാറ് വെട്ടിപ്പി ളർന്നുള്ള യാത്രയായിരുന്നു അത്. യഥാർത്ഥത്തിൽ ആ യാത്ര മേരിയു ടെയും യൗസേപ്പിന്റെയും യാത്രയായി രുന്നില്ല. മറിച്ച് മേരിയുടെ ഉദരത്തിൽ രൂപംകൊണ്ട ശിശുവിന്റെ സ്വർഗത്തിൽ നിന്നും ഭൂമിയിലേക്കുള്ള വിശുദ്ധ യാത്ര യായിരുന്നു. വൃശ്ചികകാറ്റിനും ധനു മാസ കുളിരിനുമിടയിൽ പൂത്തുലഞ്ഞു നിൽക്കുന്ന സുന്ദരമായ യാത്ര.



ക്രിസ്തുമസ്
പുതുവത്സര
ആശംസകൾ
AMER GROUP
AMER BAKERY
VATTIYOORKAVU
0471 - 2360466
AMER BAKERS
SASTHAMANGALAM
0471 - 2324366, 4010366
98950 26468
98471 47182
agflicker77@gmail.com | Follow us on AMERBakers




THEERAM
motors
PULLUVILA
POZHIYOOR
VIZHINJAM
Ph.: 0471 2968704, 7907113838, 8848340419
HONDA, YAMAHA, T V S, HERO, SUZUKI
എന്നീ പ്രമുഖ കമ്പനികളുടെ
ഇരുചക്രവാഹനങ്ങൾ ഒരേ ഷോറൂമിൽ
Sales & Service
ആകർഷകമായ തവണ വ്യവസ്ഥകൾ
ഉയർന്ന Re-Sale Value
ചെക്ക്‌ലീഫ് ആവശ്യമില്ല
ഏറ്റവും കുറഞ്ഞ പലിശനിരക്ക്
ഏറ്റവും കുറഞ്ഞ ആദ്യത്തടവ്



# പെറുവിൽ പിറന്ന പുൽക്കൂട്



ഫാ. പോൾ സണ്ണി

വത്തിക്കാൻ സെന്റ് പീറ്റേഴ്സ് ചത്വരത്തിൽ 2021 ൽ പ്രദർശിപ്പിക്കുന്ന പുൽക്കൂടിന്റെ ആവിഷ്ക്കാരം പെറുവിലെ ചോപ്ക്കയിൽ നിന്നുള്ള സമ്മാനമാണ്.

കഴിഞ്ഞ വർഷം പ്രദർശിപ്പിച്ച പുൽക്കൂട് വളരെ വിവാദമായിരുന്നു. സാത്താനികമായ അടയാളങ്ങളും രൂപങ്ങളുമാണെന്ന് ഒരു വിഭാഗം ആളുകൾ ആരോപിച്ചിരുന്നു. യഥാർത്ഥത്തിൽ ഓരോ രാജ്യത്തിന്റെയും ഗോത്രത്തനിമകളും നാടോടി പാരമ്പര്യങ്ങളും സമന്വയിച്ചു കൊണ്ടുള്ള രൂപങ്ങളാണ് അവതരിപ്പിക്കുക. മാച്ചുപിച്ചു മലനിരകളാൽ അഴകു ചാർത്തിയ പൗരാണിക ഇൻക ഗോത്രങ്ങളുടെ മടിത്തട്ടാണ് പെറു. 95% ജനങ്ങളും ക്രൈസ്തവ വിശ്വാസം പിന്തുടരുന്നു.

ചോപ്ക്കയിൽ നിന്നുള്ള അഞ്ച് വ്യത്യസ്ത കലാകാരന്മാർ സൃഷ്ടിക്കുന്ന പരമ്പരാഗത തിരുപ്പിറവി രംഗങ്ങളുടെ 30ലധികം പ്രതിമകളാണ്, സെന്റ് പീറ്റേഴ്സ് സ്ക്വയറിൽ പ്രതിഷ്ഠിക്കുന്നത്.

പെറുവിലെ ഉയർന്ന ആൻഡിയൻ മേഖലയിൽ സ്ഥിതി ചെയ്യുന്ന നിരവധി ഗോത്ര സമൂഹങ്ങളാണ് ചോപ്ക്ക ദേശം എന്ന് അറിയപ്പെടുന്നത്.; അവരുടെ പേര് 'പൊതു പൂർവ്വികനെ' പ്രതിനിധീകരിക്കുന്ന ഒരു കഥാപാത്രത്തെ സൂചിപ്പിക്കുന്നു. ഇൻകകളുടെ ആഗമനത്തിന് മുന്നേയുള്ള തദ്ദേശീയരാണ് ചോപ് ക്കകൾ. പതിനാറാം നൂറ്റാണ്ടിന്റെ സ്പെയിൻ കോളനി വത്ക്കരത്തോടെ പെറു ആധുനിക രീതികളിലേക്ക് കടന്നു.

വി.സെനോർ ഡി ലോസ് മിലാഗ്രോസിന്റെ പെരുന്നാൾ ആഘോഷിക്കുന്ന പെറുവിയൻ തീർഥാടകരെ അഭിവാദ്യം ചെയ്ത ഫ്രാൻസിസ് പാപ്പ കഴിഞ്ഞ ഞായറാഴ്ച ആഞ്ചലൂസ് പാരായണത്തിനുശേഷം 2021 ലെ പുൽക്കൂട് പെറുവിന്റേതാണെന്ന് പ്രഖ്യാപിച്ചത്.

പെറുവിന് സ്വാതന്ത്ര്യം ലഭിച്ചതിന്റെ 200 വർഷം ആഘോഷിക്കുന്ന ഈ വേളയിൽ ഈ തനതു സാംസ്ക്കാരികതയുടെ പുൽക്കൂട്, രക്ഷയിലേക്കുള്ള സാർവത്രിക ആഹ്വാനത്തെ പ്രതീകപ്പെടുത്തുന്നുവെന്ന് ഫ്രാൻസിസ് പാപ്പ വിശദീകരിച്ചു..

ഉണ്ണി യേശു, കന്യാമറിയം, യൗസേപ്പ്, മൂന്ന് രാജാക്കന്മാർ, ഇടയന്മാർ എന്നിവരെ പ്രതിനിധീകരിക്കുന്ന മനുഷ്യന്റെ വലിപ്പമുള്ള പ്രതിമകൾ സെറാമിക്, മാഗ്വി



**ഉണ്ണിയേശുവിന് ഒരു 'ഹിലിപുസ്ക' കുട്ടിയുടെ രൂപമായിരിക്കും, അവൻ 'ചമ്പി' അല്ലെങ്കിൽ നെയ്ത ബെൽറ്റ് കൊണ്ട് കെട്ടിയിരിക്കുന്ന ഒരു സാധാരണ ഹവാങ്ക ബെലിക്ക പുതപ്പിൽ പൊതിഞ്ഞാണിരിക്കുക.**

മരം, ഫൈബർഗ്ലാസ് എന്നിവയിൽ നിർമ്മിച്ചതാണ്. കൂടാതെ ഈ രൂപങ്ങൾ പരമ്പരാഗത ചോപ്ക്ക വസ്ത്രങ്ങളാണ് അണിയുക

ഉണ്ണിയേശുവിന് ഒരു 'ഹിലിപുസ്ക' കുട്ടിയുടെ രൂപമാണ് അവൻ 'ചമ്പി' അല്ലെങ്കിൽ നെയ്ത ബെൽറ്റ് കൊണ്ട് കെട്ടിയിരിക്കുന്ന ഒരു സാധാരണ ഹവാങ്ക ബെലിക്ക പുതപ്പിൽ പൊതിഞ്ഞിരിക്കുക.

മൂന്ന് രാജാക്കന്മാർ പരമ്പരാഗത ഭക്ഷണങ്ങളായ ഉരുളക്കിഴങ്ങ്, ചാമ, മറ്റ് നാടൻ ധാന്യങ്ങൾ എന്നിവ വഹിക്കും. ഒപ്പം അവരുടെ പുറകിൽ പെറുവിയൻ പതാകയുമായി ലാമകളും ഉണ്ടാകും. പരമ്പരാഗത ആൻഡിയൻ വാദ്യോപകരണമായ വജ്രപുക്കോ വായിക്കുന്ന ഒരു മാലാഖ രക്ഷകന്റെ ജനനം അറിയിക്കും. പെറുവിന്റെ ദേശീയ ചിഹ്നമായ അൽപാക്കസ്, വികുനസ്, ആൻഡിയൻ കോണ്ടർ തുടങ്ങിയ തദ്ദേശീയ മൃഗങ്ങളും പ്രദർശിപ്പിക്കും. പാൻഡമിക് കാലത്തിനു ശേഷം സമ്പൂർണമായി വത്തിക്കാൻ തീർത്ഥാടകർക്കായി തുറക്കുമ്പോൾ ലക്ഷണക്കിന് വിശ്വാസികൾ ഇക്കൊല്ലം ക്രിസ്മസ് ആഘോഷങ്ങളിൽ പങ്കു ചേരും.

ഗംഭീരമായ ചുവന്ന ഫിർ (സരള വൃക്ഷം) ക്രിസ്മസ് ട്രീ വടക്കൻ ഇറ്റാലിയൻ പ്രദേശമായ ട്രെന്റിനോയിലെ വനത്തിൽ നിന്നുള്ളതാണ്. സരളവൃക്ഷം 28 മീറ്റർ ഉയരമുള്ളതാണ്. ഫ്രാൻസിസ് പാപ്പ അഭിസംബോധന ചെയ്തു കൊണ്ടിരിക്കുന്ന 'ഭൂമി ഒരു പൊതു ഭവനം എന്ന പാരിസ്ഥിതിക ബോധവത്ക്കരണത്തോട് ചേർന്നു നിന്നുകൊണ്ട് ഒരു സുസ്ഥിരമായ വനവത്ക്കരണ പദ്ധതി നടപ്പിലാക്കുന്ന വരാണ് ട്രെന്റിനോ ഫോറസ്ട്രി മാനേജ്മെന്റ്. തടികൊണ്ടുള്ള അലങ്കാരങ്ങളും ക്രിസ്മസ് ടീയെ വർണാഭമാക്കും. ഡിസംബർ 10ന് വെള്ളിയാഴ്ചയാണ് നേറ്റിവിറ്റി സീനിന്റെ ഉദ്ഘാടനവും ക്രിസ്മസ് ട്രീയുടെ പ്രകാശനവും നടന്നത്.

വത്തിക്കാൻ സിറ്റി സ്റ്റേറ്റിന്റെ ഗവർണറേറ്റ് പ്രസിഡന്റ് ആർച്ച് ബിഷപ്പ് ഫെർണാണ്ടോ വെർഗസ് അൽസാഗയുടെ അധ്യക്ഷതയിലാണ് ചടങ്ങുകൾ നടക്കുക. അതേ ദിവസം തന്നെ പോൾ ആറാമൻ ദേവാലയത്തിൽ നടക്കുന്ന ചടങ്ങിൽ പെറുവിലെ ഹവാങ്ക ബെലിക്ക, ആൻഡാലോ, ഗാലിയോ ഗോത്ര പ്രദേശങ്ങളിൽ നിന്നുള്ള പ്രതിനിധികളെ, ഫ്രാൻസിസ് പാപ്പ ആദരിക്കുകയും ചെയ്തിരുന്നു.

പെറുവിലെ എപ്പിസ്കോപ്പൽ കോൺഫറൻസ്, ഹവാങ്ക ബെലിക്ക രൂപത, റീജിയണൽ ഗവൺമെന്റ്, ഫോറിൻ ട്രേഡ് ആൻഡ് ടൂറിസം മന്ത്രാലയം, ഫോറിൻ അഫയേഴ്സ് മിനിസ്ട്രി, പെറുവിലെ വത്തിക്കാൻ എംബസി എന്നിവയുടെ സഹകരണത്തിലാണ് ആൻഡിയൻ നേറ്റിവിറ്റി രംഗം സാക്ഷാത്കരിച്ചിരിക്കുന്നത്. ■

## പൗരോഹിത്യ സുവർണജൂബിലി ആശംസകൾ




ഫാ. റൊമാൻസ് എൽ.
(20.12.1971)



ഫാ. ജോസഫ് പെരേര
(21.12.1969)



ഫാ. സിൽവിസ്റ്റർ മൊറൈസ്
(18.12.1970)



ഫാ. ജെറാർഡ് സിൽവ
(18.12.1970)

# ലൂർദുപുരം ഇടവക വിശ്വാസികൾ 3 മണിക്കൂറുകൊണ്ട് ബൈബിൾ പകർത്തി എഴുതി

തിരുവനന്തപുരം: വെറും 3 മണിക്കൂറിൽ ബൈബിൾ മുഴുവൻ പകർത്തി എഴുതാനാവുമോ? പുല്ലുവിള ഫെറോനയിലെ ലൂർദുപുരം ഇടവകയിൽ അതു സാധിച്ചിരിക്കുന്നു. ബൈബിൾ മാസാചരണത്തിന്റെ ഭാഗമായി 356 വിശ്വാസികൾ ചേർന്നാണ് 3 മണിക്കൂറിനുള്ളിൽ ബൈബിളിലെ പഴയനിയമവും പുതിയനിയമവും ഉൾപ്പെടെ പകർത്തി എഴുതി പൂർത്തിയാക്കിയത്.
കോവിഡിന്റെ ചുവടുപിടിച്ചു വന്ന ലോക്ഡൗണിൽ ഒട്ടേറെ പേർ ബൈബിൾ പകർത്തി എഴുതിയിരുന്നു. ഇതിൽ നിന്നാണ് 3 മണിക്കൂറിൽ ബൈബിൾ പകർത്തി എഴുതുക എന്ന ആശയം ലഭിച്ചതെന്ന് സംഘാടകർ പറഞ്ഞു.



*ബൈബിൾ പകർത്തിയെഴുത്ത് പുല്ലുവിള ഫൊറോനാ വികാരി ഫാ. സിൽവസ്റ്റർ കുരിശ് ഉദ്ഘാടനം ചെയ്യുന്നു*





*കോവളം ഫെറോനയിൽ പൂങ്കുളം, പൂന്തുറ, പെരിങ്ങമ്മ ഇടവകകളിൽ നടന്ന സിനഡ് മുന്നൊരുക്ക ക്ലാസുകൾ*

# അതിരൂപതയുടെ 'സാധ്യം 2021' പദ്ധതി സർക്കാർ മാതൃകയാക്കുന്നു



*തിരുവനന്തപുരം അതിരൂപതയുടെ സാധ്യം 2021 പദ്ധതി വിദ്യാഭ്യാസമന്ത്രി വി. ശിവൻകുട്ടി ഉദ്ഘാടനം ചെയ്യുന്നു*

തിരുവനന്തപുരം: വിദ്യാർത്ഥികളുടെ ക്ഷേമത്തിനായി ആർസി സ്കൂളുകളിൽ അതിരൂപത നടപ്പാക്കുന്ന 'സാധ്യം 2021' പദ്ധതി സർക്കാർ പദ്ധതികയായി ആവിഷ്കരിക്കാൻ ശ്രമിക്കുമെന്ന് വിദ്യാഭ്യാസമന്ത്രി ശിവൻകുട്ടി പറഞ്ഞു. അതിരൂപത ആർ.സി സ്കൂൾ ടീച്ചേർസ് ഗിൽഡിന്റെ നേതൃത്വത്തിൽ നടപ്പിലാക്കാൻ പോകുന്ന 'സാധ്യം 2021' പദ്ധതി ഉദ്ഘാടനം ചെയ്തു സംസാരിക്കുകയായിരുന്നു അദ്ദേഹം. വൺ ടീച്ചർ വൺ ചൈൽഡ്, വൺ സ്റ്റുഡന്റ് വൺ ബുക്ക്, വോബിസ്ക്കും എന്നിവ ഉൾപ്പെടുന്നതാണ് 'സാധ്യം 2021' പദ്ധതി.

ഒരു വിദ്യാർത്ഥിക്ക് ഒരു ടീച്ചർ എന്ന ആശയമാണ് വൺ ചൈൽഡ് വൺ ടീച്ചർ എന്നതിലൂടെ ആവിഷ്കരിക്കുന്നത്. വിദ്യാഭ്യാസകാലത്ത് തന്നെ ഒരു വിദ്യാർത്ഥി ഒരു ബുക്ക് പ്രസിദ്ധീകരിക്കുക എന്ന ലക്ഷ്യത്തോടെ നടപ്പിലാക്കുന്നതാണ് 'വൺ ചൈൽഡ് വൺ ടീച്ചർ' പദ്ധതി. പ്രാതലിനും ഉച്ചഭക്ഷണത്തിനുമൊപ്പം അത്താഴം കൂടെ ഉറപ്പുവരുത്തുക എന്നതാണ് വോബിസ്ക്കുമിലൂടെ പ്രാവർത്തികമാക്കാൻ ശ്രമിക്കുന്നത്.

## ദേശീയ പുരസ്കാരം



ഭിന്നശേഷിയുള്ളവർക്ക് വേണ്ടി പ്രവർത്തിക്കുന്ന വ്യക്തികൾക്ക് ഏർപ്പെടുത്തിയ ദേശീയ പുരസ്കാരത്തിന് ആൻസില്ലെ സെക്കുലർ ഇൻസ്റ്റിറ്റ്യൂട്ട് അംഗമായ സിസ്റ്റർ മെർളിൻ സി. തോമസ് അർഹയായി. 25000 രൂപയും പ്രശസ്തി പത്രവും അടങ്ങുന്നതാണ് പുരസ്കാരം.

## ആശംസകൾ



*കെസിഎസ്എൽ സംസ്ഥാനതലത്തിൽ എൽ.പി. വിഭാഗം അധ്യാപിക പ്രതിനിധിയായി തെരഞ്ഞെടുക്കപ്പെട്ട തിരു. ലത്തീൻ രൂപത കെസിഎസ്എൽ എക്സിക്യൂട്ടീവ് അംഗം റൊണാൾഡ് റോസ്.*

## ഡിഫൻസ് ഓറിയന്റേഷൻ ക്ലാസുമായി അഞ്ചുതെങ്ങ് ഫെറോന

തിരുവനന്തപുരം ലത്തീൻ അതിരൂപത വിദ്യാഭ്യാസ സമിതിയുടെ നേതൃത്വത്തിൽ അഞ്ചുതെങ്ങ് ഫെറോനയിലെ വിദ്യാർഥികൾക്കായി ഡിഫൻസിന്റെ (നേവി, ആർമി, എയർഫോഴ്സ്) ഒരു ഓറിയന്റേഷൻ ക്ലാസ് സംഘടിപ്പിച്ചു.

നേവി, ആർമി സെക്ഷൻ റിട്ട. നേവി ഓഫീസർ ഫെർണാണ്ടസ് ക്ലാസുകൾ കൈകാര്യം ചെയ്തു.

എയർഫോഴ്സ് സെക്ഷൻ റിട്ട. എയർഫോഴ്സ് ഓഫീർ ഷെറീഫ് ഡിഫൻസിലേക്കുള്ള പ്രവേശനപരീക്ഷ, ഫിസിക്കൽ ടെസ്റ്റ് വിവിധ തൊഴിൽ സാധ്യതകൾ, അത് നേടിയെടുക്കുന്നതിനുള്ള മാർഗ്ഗങ്ങൾ, ജോലി ലഭ്യമായാൽ ആ വ്യക്തിക്കും കുടുംബത്തിനുമുള്ള നേട്ടങ്ങൾ, അതിലുപരി രാജ്യത്തിന് വേണ്ടി സേവനം നടത്തുവാൻ കിട്ടുന്ന അവസരത്തിന്റെ മഹത്വം , പെൺകുട്ടികൾക്ക് കിട്ടാവുന്ന തൊഴിൽ സാധ്യതകൾ എന്നിവയെക്കുറിച്ച് തങ്ങളുടെ അനുഭവങ്ങളുടെ വെളിച്ചത്തിൽ ക്ലാസെടുത്തു. ഫെറോനയിലെ വിവിധ ഇടവകകളിൽ നിന്നുമായി 100 ൽ പരം വിദ്യാഥികൾ പങ്കെടുത്തു.

## അന്ന മരിയ ജോസഫിന് ഉന്നതവിജയം



തിരുവനന്തപുരം: മാധ്യമ പഠന രംഗത്ത് ദേശീയതലത്തിൽ ഭവൻസ് കോളേജ് ഓഫ് കമ്മ്യൂണിക്കേഷൻ ആൻഡ് മാനേജ്മെന്റിൽ നിന്നും ബിരുദാനന്തര ബിരുദത്തിൽ ഉന്നത വിജയം കരസ്ഥമാക്കികൊണ്ട് തിരുവനന്തപുരം ലത്തീൻ അതിരൂപതക്ക് അഭിമാനത്തിന്റെ പാത്രമായി മാറിയിരിക്കുകയാണ് അന്ന മരിയ ജോസഫ്. അതിരൂപതയിലെ വെള്ളയമ്പലം ഇടവകാംഗമാണ് അന്ന.

## ലോഗോസ് ക്വിസ് (മൊബൈൽ ആപ്പ്)വിജയി വവ്വാമൂലയിൽ നിന്നും

തിരുവനന്തപുരം: ലോഗോസ് ക്വിസ്സിൻറെ ഭാഗമായി അജപാലന ശുശ്രൂഷയും മീഡിയ കമ്മീഷനും ചേർന്ന് നടത്തിയ ഓൺലൈൻ മൊബൈൽ ആപ്പ് വഴിയുള്ള ക്വിസ് മത്സരത്തിൽ വവ്വാമൂല സ്വദേശി ഗ്രേസി തോമസ് ഒന്നാം സ്ഥാനം നേടി. റീജ സി. (പൂഴിക്കുന്ന്), കാൽവിനോ കാർനേറ്റ് (പൂന്തുറ) എന്നിവർ യഥാക്രമം രണ്ടും മൂന്നും സ്ഥാനങ്ങൾ കരസ്ഥമാക്കി

# അജപാലന ശുശ്രൂഷ: സമ്മാനങ്ങൾ വിതരണം ചെയ്തു

തിരുവനന്തപുരം: കരിസ്മാറ്റിക് സോണിന്റെ നേതൃത്വത്തിൽ 2020 ഓഗസ്റ്റ് 15 ആം തീയതി പരിശുദ്ധ ദൈവ മാതാവിന്റെ സ്വർഗ്ഗാരോപണ തിരുനാൾ ദിനം മുതൽ ആരംഭിച്ച ജപമാല യജ്ഞം 25 ലക്ഷത്തിലധികം ജപമാലകൾ അർപ്പിച്ച് ഒരുവഷം പൂർത്തീകരിച്ചു.

ഇതിനോടനുബന്ധിച്ച് 'പ്രലോഭനങ്ങളെ അതിജീവിക്കാൻ സഹായിക്കുന്ന പരുശുദ്ധ അമ്മ' എന്ന വിഷയത്തെ ആസ്പദമാക്കി സീനിയർ ജൂനിയർ എന്നീ രണ്ടു വിഭാഗങ്ങളിലായി നടത്തിയ പ്രസംഗമത്സരത്തിൽ വിജയികളായവർക്കുള്ള സമ്മാനങ്ങൾ സെന്റ് ജോസഫ് സ്കുളിൽ വച്ചു നടന്ന ചടങ്ങിൽ തിരുവനന്തപുരം അതിരൂപത അജപാലന ശുശ്രൂഷാ ഡയറക്ടറും, സോണൽ ആനിമേറ്ററുമായ ഫാ. ഡോ. ഡാർവിൻ പീറ്റർ വിതരണം ചെയ്തു. സോണൽ കോർഡിനേറ്റർ സ്റ്റീഫൻ റൂബൻ, പോൾ വിജയകുമാർ എന്നിവർ പ്രസംഗിച്ചു.

സീനിയർ വിഭാഗത്തിൽ നിന്ന് ജെറിഷാ ജോർജ്ജ് തുമ്പ, സ്വിജിൻ തോമസ് വലിയവേളി, ജിൻസി രാജ് കാര്യവട്ടം എന്നിവരും ജൂനിയർ വിഭാഗത്തിൽ നിന്ന് സാന്ദ്രാ സെറാഫിൻ വലിയവേളി, ആൻ ജാക്വിലിൻ വിഴിഞ്ഞം, കാൽവിനോ കാർനെറ്റ് പൂന്തുറ എന്നിവർ യഥാക്രമം ഒന്നും രണ്ടും മൂന്നും സ്ഥാനങ്ങൾ കരസ്ഥമാക്കി.

## ഓട്ടിസം ബാധിച്ച കുഞ്ഞുങ്ങൾക്കും ശാരീരികമാനസിക വെല്ലുവിളി നേരിടുന്ന സഹോദരങ്ങൾക്കൊപ്പം കിസ്തുമസ്

തിരുവനന്തപുരം: അശരണരിലും ആലംബഹീനരിലും സമാധാനവും സന്തോഷവും പകരുമ്പോഴാണ് ക്രിസ്തു നമ്മിൽ ജനിക്കുന്നത്. ഈ സത്യമുൾക്കൊണ്ട് 2021 വർഷത്തെ ക്രിസ്തുമസ് ഓട്ടിസം ബാധിച്ച കുഞ്ഞുങ്ങളുടെയും ശാരീരികമാനസിക വെല്ലുവിളി നേരിടുന്ന സഹോദരങ്ങളുടെയും കുടുംബങ്ങൾക്കൊപ്പം ആഘോഷിക്കുവാൻ തിരുവനന്തപുരം അതിരൂപത കുടുംബപ്രേഷിത ശുശ്രൂഷ ഒരുങ്ങുന്നു.

അതിരൂപതയിലെ 1500 ഓളം വരുന്ന കുഞ്ഞുങ്ങളെയും സഹോദരങ്ങളെയും കുടുംബശുശ്രുഷ പ്രവർത്തകർ ഇതിനകം തന്നെ ഭവന സന്ദർശനം നടത്തി സ്ഥിതിവിവരം രേഖപ്പെടുത്തി കഴിഞ്ഞു. 2021 ഡിസംബർ മാസം ക്രിസ്തുമസ്സിനോടനുബന്ധിച്ച് ഇവരെ വീണ്ടും സന്ദർശിച്ച് ഒപ്പമായിരുന്ന്കൊണ്ട് സാന്ത്വനമേകി, പ്രാർത്ഥനയോടെ 1000 രൂപയുടെ ക്രിസ്തുമസ്സ് സമ്മാനം നല്കി ഈ വർഷത്തെ ക്രിസ്തുമസ് അർത്ഥപൂർണ്ണമാക്കനുള്ള പ്രവർത്തനങ്ങളും ഒരുക്കങ്ങളുമാണ് നടന്നുവരുന്നത്.



*ജീവനുംവെളിച്ചവും സന്നദ്ധപ്രവർത്തകരും സർക്കുലേഷൻ ടീമും എഡിറ്റോറിയൽ അംഗങ്ങളും സൂസപാക്യം പിതാവിനോടൊപ്പം ക്രിസ്തുമസ് ആഘോഷിച്ചപ്പോൾ*

# മതബോധന അധ്യാപകർക്കായി രൂപതാതല ട്രെയിനിങ് പ്രോഗ്രാം




**പുല്ലുവിള ഫെറോനയിലെ മതബോധന അധ്യാപകർക്കായുള്ള രൂപതാതല ട്രെയിനിങ് പ്രോഗ്രാമിന്റെ ഉദ്ഘാടന ചടങ്ങ്**

തിരുവനന്തപുരം: ലത്തീൻ അതിരൂപതയുടെ പുല്ലുവിള ഫെറോനയിലെ മതബോധന അധ്യാപകർക്കായുള്ള രൂപതാതല ട്രെയിനിങ് പ്രോഗ്രാം പൂവാർ സെന്റ് ബർത്തലോമിയ പാരിഷ് ഹാളിൽ വച്ച് നടന്നു. ശില്പശാലയിൽ ഫെറോനയിലെ ഇരുന്നൂറോളം മതബോധന അധ്യാപകർ പങ്കെടുത്തു. പുല്ലുവിള ഫെറോന വികാരി ഫാ. സിൽവസ്റ്റർ കുരിശ് പരിപാടി ഉദ്ഘാടനം ചെയ്തു. പൂവാർ സെന്റ് ബർത്തലോമിയ ഇടവക വികാരി ഫാ.അനീഷ് ഫെർണാണ്ടസ് ആമുഖ സന്ദേശം നൽകി.

തിരുവനന്തപുരം ലത്തീൻ അതിരൂപത അജപാലന ശുശ്രൂഷ ഡയറക്ടർ റവ. ഫാ. ഡാർവിൻ പീറ്റർ അധ്യാപകർക്കായി സിനഡാത്മക ജീവിതത്തെയും സിനഡിലൂടെ പാപ്പ മുന്നോട്ടുവയ്ക്കുന്ന ആശയങ്ങളെയും നിർദ്ദേശങ്ങളെയും പറ്റി ക്ളാസ് നൽകി. മതബോധനരംഗത്തുള്ളവർക്കായി ഫ്രാൻസിസ് പാപ്പ പുറപ്പെടുവിച്ച ആന്റികം മിനിസ്റ്റീരിയം എന്ന അപ്പസ്തോലിക തിരുവെഴുത്തിനെക്കുറിച്ചും, സിനഡിന് ഒരു ആമുഖം എന്ന വിഷയത്തെ പറ്റിയും ക്ലാസ്സുകൾ കൈകാര്യം ചെയ്തു. പുല്ലുവിള ഫൊറോനാ മതബോധന കമ്മീഷൻ സെക്രട്ടറി ജോയ്, വചനബോധന ശുശ്രൂഷ അസോ. കൺവീനർ ഫാ. ഡാനിയേൽ എന്നിവർ പരിപാടിയിൽ പങ്കെടുത്തു.


# 'ഗ്രീൻ ആൻഡ് ക്ലീൻ' പദ്ധതിയിലൂടെ 1000 വൃക്ഷ തൈകൾ നട്ടുപിടിപ്പിക്കാൻ ചിന്നത്തുറ ഇടവക

ചിന്നത്തുറ: അതിരൂപതയിലെ ചിന്നത്തുറ ഇടവകയിൽ സെൻറ് ജൂഡ് ലൈബ്രറിയുടെ നേതൃത്വത്തിൽ മതബോധന വിദ്യാർത്ഥികളും, യൂത്ത് മിനിസ്ട്രിയും സംയുക്തമായി 'ഗ്രീൻ ആൻഡ് ക്ലീൻ' പദ്ധതിയിലൂടെ 750 ഓളം വൃക്ഷ തൈകൾ നട്ടുപിടിപ്പിച്ചു. 'നമ്മുടെ വൃക്ഷം, നമ്മുടെ ഭാവി' (OUR TREE, OUR FUTURE) എന്ന ആശയം മുൻനിർത്തിയാണ് പദ്ധതികൾ ആവിഷ്കരിച്ചിരിക്കുന്നത്.

'സീ ഫെൻഡേർസ്' (Seafenders) എന്ന ഇടവകയിലെ തന്നെ യുവജനങ്ങളുടെ സ്വാതന്ത്ര്യ കൂട്ടായിമയാണ് ഇത്തരം പദ്ധതികളുടെ നടത്തിപ്പിന്റെ നേതൃത്വത്തിൽ മുൻനിരയിൽ നിറസാന്നിധ്യമായി പ്രവർത്തിക്കുന്നത്. പ്രോഷിയർ, ക്യാറ്റലോങ്ങിയ തുടങ്ങിയ ഇനത്തിലെ വൃക്ഷതൈകൾ നട്ടപ്പിടിപ്പിക്കുന്നതിലൂടെ 'ഗ്രൗണ്ട് റീചാർജിങ്' 'വേലിയേറ്റം' എന്നിവയിൽ നിന്നുള്ള സംരക്ഷണമാണ് ഈ പദ്ധതിയിലൂടെ ലക്ഷ്യം വക്കുന്നത്.



**ജസ്റ്റിസ് ജെ.ബി. കോശി കമ്മീഷൻ നടത്തിയ തെളിവെടുപ്പിൽ തിരുവനന്തപുരം ലത്തീൻ അതിരൂപതാ പ്രതിനിധികൾ പങ്കെടുത്ത് സംസാരിക്കുന്നു**


MERRY
CHRISTMAS
&
HAPPY NEW YEAR
SEABOY FISHERIES PVTLTD
PUTHENTHOPE P O
TRIVANDRUM-695586.

# തിരുക്കുടുംബമാകാൻ ഇനി എത്രദൂരം

**തിരുക്കുടുംബത്തിന്റെ തിരുനാൾ (ഡിസം. 26)** 1 സാമു. 1:20-22, 24-18, 1 ജോൺ. 3: 1-2, 21-24. ലൂക്കാ. 2: 41-52

**ഫാ. വർഗീസ് ജോസഫ്**

കുടുംബങ്ങളൊക്കെ തിരുക്കുടുംബങ്ങളാകണമെന്നുതന്നെയാണ് നമ്മുടെ പ്രാർഥന. നിരന്തരമുയരുന്ന പ്രാർത്ഥനയ്ക്കൊടുവിൽ തിരിച്ചറിയേണ്ട സത്യമിതാണ്. ഉൽപ്പത്തി മുതൽ നാളിതുവരെ കോടാനുകോടി കുടുംബങ്ങൾ രൂപംകൊണ്ടിട്ടുണ്ട്. എന്നാൽ ഒരു കുടുംബത്തെ മാത്രം തിരുക്കുടുംബമെന്ന് വിശേഷിപ്പിക്കാൻ കാരണമെന്താണ്? എന്തായിരുന്നു തിരുക്കുടുംബത്തിന്റെ പ്രത്യേകത.

തകർന്നടിയാനുള്ള എല്ലാ സാധ്യതകളും മുന്നിൽ നിൽക്കുമ്പോഴും പരസ്പരം സ്നേഹിച്ചും ആദരിച്ചും ഒന്നിച്ചുനടന്നുനീങ്ങിയ കുടുംബത്തെ ലോകം വിളിച്ചപേരാണ് തിരുക്കുടുംബം. മറിയവും ജോസഫും സഹവസിക്കുന്നതിന് മുൻപേ അവൾ ഗർഭിണിയായി കാണപ്പെട്ടു. (മത്താ. 1:18). സംശയിക്കാനുള്ള സാധ്യത മുന്നിലുണ്ട്. ജോസഫിന്റെ സ്വപ്നത്തിൽ ദൂതൻ പ്രത്യക്ഷപ്പെട്ട് മറിയത്തെ ഭാര്യയായി സ്വീകരിക്കാൻ പറയുന്നുണ്ട്. (മത്താ. 1:20). ചോദ്യങ്ങൾക്ക് മറുചോദ്യം ചോദിക്കാൻ സാധ്യതയുണ്ട്. മറിയത്തിനോട് ദൂതൻ നീ ഒരു പുത്രനെ പ്രസവിക്കും. അവന് യേശു എന്ന് പേരിടണം എന്ന് പറയുന്നുണ്ട്. (ലൂക്കാ. 1:31). ഇതെങ്ങനെ സംഭവിക്കും എന്ന ചോദ്യംകൊണ്ട് ദൈവഹിതം നിഷേധിക്കാനുള്ള സാധ്യത മുന്നിലുണ്ട്. സത്രത്തിൽ പോലും ഇടം കിട്ടാതെ അലയുമ്പോൾ (ലൂക്കാ. 2:7) ദൈവത്തിന്റ ഈ പദ്ധതിയെ വെറുക്കുവാനുള്ള സാധ്യത മുന്നിലുണ്ട്. ദൂതൻ ശിശുവിനേയും അമ്മയേയും കൂട്ടി ഈജിപ്തിലേക്ക് പലായനം ചെയ്യണം എന്നുപറഞ്ഞപ്പോൾ (മത്താ. 2:13) വേദനിക്കുവാനുള്ള സാധ്യതയുണ്ട്. പന്ത്രണ്ടാം വയസ്സിൽ ബാലനായ യേശുവിനെ കാണാതെ പോയപ്പോൾ (ലൂക്കാ. 2:43) പരസ്പരം കുറ്റപ്പെടുത്തുവാനുള്ള സാധ്യതയുണ്ട്. കാൽവരിയാഗം വരെ കരയുവാനും നിലവിളിക്കുവാനും തള്ളിപ്പറയുവാനും തകരുവാനും സാധ്യതകൾ ഏറെ ഉണ്ടായിരുന്ന കുടുംബം, കരം ചേർത്തുപിടിച്ച് ദൈവഹിതത്തിന് വഴങ്ങിയപ്പോൾ തിരുക്കുടുംബമായിമാറി. തകരുവാനുള്ള സാധ്യതകളെ അതിജീവിക്കുന്ന കുടുംബമാണ് തിരുക്കുടുംബം. സാധ്യതകളെ സാധ്യമാക്കുന്ന കുടുംബങ്ങൾ തിരികെട്ട കുടുംബങ്ങളാണ്.

> കുടുംബങ്ങളിൽ വളരെ കരുതലോടെ കാണേണ്ട ഭാഗം പരസ്പരം ബന്ധത്തെ കുറിച്ചാണ്. ഇന്നും നമ്മുടെ സങ്കടം കേൾക്കപ്പെടാത്ത പ്രാർത്ഥനയെക്കുറിച്ചും വിട്ടുമാറാത്ത കണ്ണീരിനെ കുറിച്ചുമാണ്. പ്രഭാഷകന്റെ പുസ്തകം 3:5 വാക്യം വായിച്ച് ധ്യാനിക്കണം.

കുടുംബങ്ങളിൽ വളരെ കരുതലോടെ കാണേണ്ട ഭാഗം പരസ്പരം ബന്ധത്തെ കുറിച്ചാണ്. ഇന്നും നമ്മുടെ സങ്കടം കേൾക്കപ്പെടാത്ത പ്രാർത്ഥനയെക്കുറിച്ചും വിട്ടുമാറാത്ത കണ്ണീരിനെ കുറിച്ചുമാണ്. പ്രഭാഷകന്റെ പുസ്തകം 3:5 വാക്യം വായിച്ച് ധ്യാനിക്കണം. പിതാവിനെ ബഹു

മാനിക്കുന്നവനെ അവന്റെ മക്കൾ സന്തോഷിപ്പിക്കും അവന്റെ പ്രാർത്ഥന കർത്താവ് കേൾക്കും. തീർന്നില്ല, അവൻ ദീർഘകാലം ജീവിക്കും എന്നുകൂടി വചനം ഓർമ്മിപ്പിക്കുന്നുണ്ട്. (പ്രഭാ. 3:6). കേൾക്കപ്പെടാത്ത പ്രാർത്ഥനക്കും ഒഴുക്കുന്ന കണ്ണീരിനും ഉത്തരം പിതാവിനോടുള്ള ബഹുമാനമാണെന്ന് തിരിച്ചറിയേണ്ട കാലത്താണ് നമ്മൾ.

കുടുംബ ജീവിതത്തിലെ സുന്ദരമായ ജീവിതത്തിന് പരസ്പരം ക്ഷമിക്കണമെന്നും (കൊളോ. 3:13) പരസ്പരം സ്നേഹിക്കണമെന്നും (കൊളോ. 3:14) വാശിപിടിക്കുന്നത് പൗലോസ് അപ്പസ്തോലനാണ്. ക്രിസ്തുനാഥൻ ഓർമപ്പെടുത്തിയ രണ്ടല്ല, ഒറ്റശരീരമായിരിക്കും (മത്താ. 19:6) എന്ന ഓർമപ്പെടുത്തൽ ഈ സ്നേഹത്തിലും ക്ഷമയിലുമാണ് (കൊളോ 3:15). പുരുഷന്റെ വാരിയെല്ലിൽ നിന്ന് രൂപം കൊണ്ടതുകൊണ്ട് സ്ത്രീ ഹൃദയത്തോട് ചേർന്ന് വിധേയപ്പെട്ട് ജീവിക്കണം (കൊളോ. 3:18).

ശരീരത്തിൽ നിന്ന് രൂപംകൊണ്ടതുകൊണ്ട് സ്ത്രീയെ ജീവനുതുല്യം പുരുഷൻ സ്നേഹിക്കണം (കൊളോ. 3:19). മാതാപിതാക്കന്മാരുടെ സ്നേഹത്തിൽ ജനിക്കുന്ന മക്കൾ അനുസരണയുള്ളവരായിരിക്കണം (കൊളോ. 3:20). ക്കുടുംബം തിരുകുടുംബമാകാൻ ഇതിൽ കൂടുതൽ എന്താവേണ്ടത്!

സുവിശേഷത്തിൽ ദേവാലയത്തിൽ വച്ച് കാണാതാകുന്ന ബാലനായ യേശുവിനെക്കുറിച്ച് നാം വായിക്കുന്നുണ്ട് (ലൂക്കാ 2:41-52). നമ്മുടെ മക്കളൊക്കെ നഷ്ടപ്പെടേണ്ട ഒരിടം ദേവാലയമാണ്. അവിടെ അവർ ശ്രേഷ്ഠമായ കാര്യങ്ങളെക്കുറിച്ച് സംസാരിക്കട്ടെ. പിതാവിന്റെ കാര്യത്തിൽ വ്യാപൃതരാകട്ടെ (ലൂക്കാ. 2:49). നമ്മുടെ മക്കൾ എവിടെയാണ് നഷ്ടമായിക്കൊണ്ടിരിക്കുന്നത്. എന്തിനെക്കുറിച്ചാണ് സംസാരിച്ചുകൊണ്ടിരിക്കുന്നത്. ആരുടെ കാര്യത്തിലാണ് വ്യാപൃതരായിക്കൊണ്ടിരിക്കുന്നത്. ഒരൊറ്റ ചോദ്യം ഇന്നും ബാക്കിയാണ്, നമ്മുടെ കുടുംബ തിരുക്കുടുംബമാകാൻ ഇനി എത്രദൂരം സഞ്ചരിക്കണം? ■

# പ്രത്യക്ഷീകരണ തിരുനാൾ

**പ്രത്യക്ഷീകരണ തിരുനാൾ (ജനു. 2)** ഏശ. 60: 1-6, എഫെ. 3: 2-3, 5-6. മത്താ. 2: 1-12

**ഫാ. ലോറൻസ് കുലാസ്**

**സർവ്വലോകത്തിനും വേണ്ടിയുള്ള ദൈവത്തിന്റെ വെളിപെടുത്താലാണ് യേശു എന്ന സത്യം സമർത്ഥിക്കുവാനാണ് പ്രത്യക്ഷീകരണതിരുനാൾ ദിനത്തിൽ നമ്മുടെ ചിന്തയ്ക്കായി ഈ സുവിശേഷഭാഗം നല്കപ്പെടുന്നത്.**

പേർഷ്യൻ അഥവാ ബാബിലോണിയൻ പുരോഹിതഗണത്തിൽ ഉൾപ്പെടുന്ന ജ്ഞാനികൾ ജ്യോതിഷത്തിലും സ്വപ്ന വ്യാഖ്യാനത്തിലും പ്രഗൽഭരായിരുന്നു. ജ്ഞാനികൾ അന്യദേശത്ത് നിന്നു വരുന്നവരാകയാൽ വിജാതിയലോകത്തെ അവർ പ്രതിനിധാനം ചെയ്യുന്നു. അവർക്ക് 'നിയമത്തിന്റെ' (തോറ) വെളിപ്പെടുത്തൽ ലഭ്യമായിരുന്നില്ല. ഒരു പ്രകാശത്തെ നോക്കികൊണ്ട് അവർ ജെറുസലേമിലേക്ക് വരുന്നു. അവരുടെ ലക്ഷ്യം നവജാതനായ രാജാവിന് ആരാധന അർപ്പിക്കുക എന്നതാണ്. ജ്ഞാനികൾ പിൻതുടരുന്നത് ഒരു നക്ഷത്രത്തെയാണ്. നക്ഷത്രത്തെ ദൈവത്തിന്റെ ഇടപെടലിലൂടെ അത്ഭുതാവഹമായ ഒരു ഘടകമായി മത്തായി സുവിശേഷകൻ തന്റെ ശ്രോതാക്കൾക്ക് നല്കുന്നത്. കാരണം ജ്ഞാനികൾ ജെറുസലേമിൽ ആയിരിക്കുമ്പോൾ ഈ നക്ഷത്രം നിശ്ചലമാകുന്നു. തുടർന്ന് അവരെ ബെത്‌ലേഹമിലേക്ക് നയിക്കുന്നു. മാത്രമല്ല അവിടെ ശിശുവായ യേശു കിടക്കുന്ന നിശ്ചിതസ്ഥാനത്ത് നിലകൊള്ളുന്നു. വിജാതീയവിശ്വാസത്തിൽ പുതിയ രാജാവിന്റെ ജനനം ആകാശനക്ഷത്രങ്ങളിലെ മാറ്റങ്ങളുമായി ബന്ധപ്പെട്ടിരിക്കുമ്പോൾ യഹൂദ പാരമ്പര്യത്തിൽ യാക്കോബിൽ നിന്നും പുറപ്പെടുന്ന നക്ഷത്രവുമായി (സംഖ്യ 24:17) ഇത് ചേർന്ന് നിൽക്കുന്നു. നക്ഷത്രവും ജ്ഞാനികളുമായി പാരമ്പര്യവും വിശ്വാസവും ഇത്തരത്തിൽ ബന്ധപ്പെട്ട് കിടക്കുമ്പോൾ മത്തായിയെ സംബന്ധിച്ചിടത്തോളം ദൈവശാസ്ത്രപരമായ ഒരു കാഴ്ചപാടുണ്ട്: യേശുവിലൂടെ ദൈവം ഒരുക്കിയിരിക്കുന്ന രക്ഷ സകല ജനതയ്ക്കും വേണ്ടിയുള്ളതാണ് (28:19).

യേശുവിന്റെ ജനനത്തിനും ജ്ഞാനികളുടെ സന്ദർശനത്തിനും ദൈവീകമായ ഇടപെടൽ ഉള്ളപ്പോഴും അവയ്ക്ക് ലൗകീകതയും കൈവരുന്നുണ്ട്. ഹെറോദേസ് ഈ ലൗകീകതയാണ് പ്രതിനിധീകരിക്കുന്നത്. മഹാനായ ഹെറോദേസ് രാജാവ് ഒരു ഇദുമയ വംശജനാണ്. റോമക്കാരുടെ സഹായത്തോടെ സൈനീക നടപടിയിലൂടെ യഹൂദരെ ആക്രമിച്ച് ജെറുസലേമിൽ വാഴുകയാണ്. രക്തചൊരിച്ചിലിലൂടെയും റോമക്കാരുടെ സഹായത്തോടെയും അധികാരം കൈയടക്കിയ ഹെറോദേസിന്റെ ഭരണത്തോട് യഹൂദജനതയ്ക്ക് അമർഷവും വിദ്വേഷവും ഉണ്ടായിരുന്നു. എന്നാൽ മത്തായി വെളിപ്പെടുത്താൻ ആഗ്രഹിക്കുന്നത് ഈ കഥയിലെ ഹെറോ

ദേസ് എന്ന കഥാപാത്രത്തിന്റെ പ്രതികരണത്തെയാണ്. ഒരു പുതിയ രാജാവ് ജനിച്ചുവെന്ന് കേൾക്കുമ്പോൾ 'അസ്വസ്ഥമായ' പ്രതികരണമാണ് ഹെറോദേസിൽനിന്ന് ഉണ്ടാകുന്നത് (2:3). ഹെറോദേസ് എന്ന കഥാപാത്രത്തിന്റെ മനശാസ്ത്രത്തെ അപഗ്രഥിക്കാനല്ല മത്തായി ശ്രമിക്കുന്നത്. മറിച്ച്, യേശുവിന്റെ വരവോടെ സംജാതമാകുന്ന രണ്ട് രാജ്യങ്ങൾ (ദൈവരാജ്യം, ലൗകീകരാജ്യം) തമ്മിലുള്ള സംഘർഷമാണ്. 'അവനോടൊപ്പം ജറുസലേം മുഴുവനും' (2:3) അസ്വസ്ഥമാകുന്നതായി മത്തായി സൂചിപ്പിക്കുമ്പോൾ രാജാവിനോടൊപ്പം യഹൂദസംസ്ക്കാരത്തിന്റെ തലസ്ഥാനനഗരിയായ ജെറുസലേമും യേശുവിന്റെ ക്രിസ്തുത്വത്തെ (messiahhip) തിരസ്കരിക്കുന്നുവെന്ന് അർത്ഥമാക്കുന്നു (21:5,10; 23:37-38; 27:15-23). യേശുവിന്റെ പീഢാനുഭവത്തെ മത്തായി ഇവിടെ മുന്നിൽ കാണുന്നു.

പുതിയ രാജാവിന്റെ ജനനത്തോടുള്ള ഹെറോദേസിന്റെ പ്രതികരണം ഇപ്രകാരമായിരുന്നു വെങ്കിലും നവജാതനായ രാജാവിനെ അന്വേഷിച്ചുള്ള ജ്ഞാനികളുടെ യാത്ര തുടരുന്നു. ഇപ്പോൾ അവർ യാത്രതുടരുന്നത് നക്ഷത്രത്തിന്റെയും പ്രവാചകഗ്രന്ഥത്തിന്റെയും (2:5-6) വെളിച്ചത്തിലാണ്. യഹൂദമതഗ്രന്ഥത്തിന്റെ പിൻബലമില്ലാതെ യാത്ര തിരിച്ച ജ്ഞാനികൾ ഇപ്പോൾ അതിന്റെ സഹായത്തോടെ ലക്ഷ്യസ്ഥാനത്തേക്ക് നീങ്ങുന്നു. യഹൂദപ്രമാണികൾ ക്രിസ്തുവിന്റെ ജനനം എവിടെ ആയിരിക്കുമെന്ന് വായിച്ച് അറിയുന്നുണ്ടെങ്കിലും ആ അറിവ് അവരെ അന്വേഷണത്തിലേക്ക് നയിക്കുന്നില്ല. എന്നാൽ ജ്ഞാനികൾ അറിയുകമാത്രമല്ല അന്വേഷിക്കുകയും ചെയ്യുന്നു. അന്വേഷണം അവരെ ബത്‌ലഹേമിൽ മറിയത്തിന്റെയും ജോസഫിന്റെയും 'ഭവനത്തിൽ' കൊണ്ടെത്തിക്കുന്നു. അവിടെ അവർ തങ്ങളുടെ യാത്രയുടെ ലക്ഷ്യം പൂർത്തീകരിക്കുന്നു - ആരാധന (2:2,11). ലക്ഷ്യം കണ്ട സന്തോഷത്തിന്റെ അടയാളമായി അവർ വിലയേറിയ സമ്മാനങ്ങൾ കാഴ്ചവെയ്ക്കുന്നു. കാഴ്ച വസ്തുക്കൾക്ക് പിൽകാലത്ത് ലഭിച്ച പ്രതീകാത്മകവ്യാഖ്യാനങ്ങൾ - പൊന്ന്: യേശുവിന്റെ രാജത്വം; കുന്തുരുക്കം: യേശുവിന്റെ ദിവ്യത്വം; മീറ: യേശുവിന്റെ മർത്യത - മത്തായി വിഭാവന ചെയ്തതല്ല. മൂന്ന് കാഴ്ചവസ്തുക്കൾ നല്കിയതിനാലാകാം ജ്ഞാനികളുടെ എണ്ണം മൂന്നായി പരിമിതപെടുത്തിയത്. ജ്ഞാനികളുടെ മടക്കവും ദൈവത്തിന്റെ മറ്റൊരു ഇടപെടലായി മാറുന്നു (2:12). അത് ഹെറോദേസിന്റെ അവസരവാദപരമായ നിലപാടിന് വെല്ലുവിളിയാകുന്നു.

സർവ്വലോകത്തിനും വേണ്ടിയുള്ള ദൈവത്തിന്റെ വെളിപെടുത്താലാണ് യേശു എന്ന സത്യം സമർത്ഥിക്കുവാനാണ് പ്രത്യക്ഷീകരണതിരുനാൾ ദിനത്തിൽ നമ്മുടെ ചിന്തയ്ക്കായി ഈ സുവിശേഷഭാഗം നല്കപ്പെടുന്നത്. വിജാതീയരായ ജ്ഞാനികൾ വിദേശ ദേശത്ത് നിന്ന് രക്ഷകനെത്തേടി എത്തുന്നത് യഹൂദകേന്ദ്രമായ ജെറുസലേമിലേയ്ക്കാണ്. യഹൂദപാരമ്പര്യത്തിലും കാഴ്ചപാടിലുമാണ് ജ്ഞാനികൾ യേശുവിനെ അന്വേഷിക്കുന്നത്. യേശുവിന്റെ ജനനത്തിൽ തന്നെ വിഭാഗീയതയുടെ എല്ലാ മതിൽ കെട്ടുകളും ഭേദിച്ചുകൊണ്ടും എല്ലാവർക്കും ഐശ്വര്യം യേശുവിലൂടെ സംജാതമാകുമെന്ന ശുഭപ്രതീക്ഷ സാർത്ഥകമാകുന്നു. ■

# പുതിയ മനുഷ്യനാകൂ !

**ജ്ഞാനസ്നാന തിരുനാൾ (ജനുവരി. 9)**

ഏശ. 40: 1-5, 9-11. തീത്തോ. 2: 11-14, 3: 4-7, ലൂക്ക. 3: 15-16, 21, 22

**ഫാ. ഡൈസൻ**

ഒരുവൻ ക്രൈസ്തവനാകുന്നത് ജ്ഞാനസ്നാനമെന്ന കൂദാശയിലൂടെയാണ്. അതുകൊണ്ടാണ് ജ്ഞാനസ്നാനമെന്ന കൂദാശയെ ക്രൈസ്തവ ജീവിതത്തിന്റെ ആരംഭവും അടിസ്ഥാനവുമെന്ന് വിളിക്കുന്നത്. ഈ കൂദാശ സ്വീകരണത്തിലൂടെ മറ്റു കൂദാശകൾ സ്വീകരിക്കാനുള്ള യോഗ്യതയും അർഹതയും ഒരു വ്യക്തിക്ക് സംലഭ്യമാകുന്ന കാരണത്താൽ ഇതിനെ കൂദാശകളുടെ കവാടമെന്ന് വിളിക്കപ്പെടുന്നു.

## 1. ജ്ഞാനസ്നാനം രണ്ടാം ജനനം

ജലത്താലും പരിശുദ്ധാരൂപിയാലുമുള്ള രണ്ടാം ജനനമാണ്, പുനർ ജനനമാണ് ജ്ഞാനസ്നാനം (യോഹ 3:5). രണ്ടാം ജനനത്തിലൂടെ നാം പുതിയ സൃഷ്ടികളായി മാറുകയാണ്. പൗലോസ് അപ്പോസ്തലൻ പറയുന്നു: പഴയതു കടന്നുപോയി. ഇതാ, പുതിയതു വന്നു കഴിഞ്ഞു (2 കൊറി 5:17).

ഹൈന്ദവ വിശ്വാസപ്രകാരം ഒരു ബ്രാഹ്മണന് രണ്ടുതരം ജന്മങ്ങളുണ്ട്. ഒന്ന് അമ്മയുടെ ഉദരത്തിൽ നിന്നുമുള്ള സ്വാഭാവിക ജനനം. രണ്ടാമത്തെ ജന്മം പ്രാർത്ഥനയുടെ പുണ്യസ്നാനം കഴിഞ്ഞ് ഇരട്ടപ്പിരിയുള്ള പൂണൂൽ ദേഹത്തു ചുറ്റുമ്പോൾ അവൻ പുതുജന്മം ലഭിച്ച ബ്രാഹ്മണനാകുന്നു. ഒരു മുസ്ലീമിനും രണ്ടു ജന്മങ്ങളുണ്ട്. സ്വാഭവിക ജനനം കൂടാതെ, പരിച്ഛേദനകർമ്മം വഴി ദൈവത്തിന് സമർപ്പിതനാകുമ്പോൾ അവൻ മറ്റൊരു മനുഷ്യനാകുന്നു.

ഒരു ക്രൈസ്തവനും രണ്ട് ജന്മ

ങ്ങളുണ്ട്. ഒന്നാമത്തെ ജന്മമെന്നുള്ളത് ശാരീരിക ജന്മം. രണ്ടാമത്തെ ജന്മം ജ്ഞാനസ്നാനവേളയിൽ ആത്മാവിനാലും ജലത്താലും സംഭവിക്കുന്ന പുതിയൊരു ജന്മം. ജ്ഞാനസ്നാനം ആത്മാവിനെക്കൊണ്ട് നിറയുവാനുള്ള സുവർണ്ണാവസരമാണ്. ആകാശം പിളരുകയും സ്വർഗ്ഗം തുറക്കുകയും ആത്മാവ് അർത്ഥിയുടെ മേൽ ആവസിക്കുകയും ചെയ്യുന്ന അനർഘനിമിഷമാണ്. ജ്ഞാനസ്നാനം വഴിയുള്ള രണ്ടാമത്തെ ജന്മത്തിൽ പാപം നിറഞ്ഞ പഴയ മനുഷ്യൻ നശിപ്പിക്കപ്പെടുകയും ഒരു പുതിയ മനുഷ്യൻ സംജാതനാകുകയും ചെയ്യുന്നു.

അർത്ഥി ജ്ഞാനസ്നാനജലത്തിൽ മുങ്ങുമ്പോൾ പാപത്തിന്റെ പഴയ മനുഷ്യനെ ജലത്തിന്റെ അഗാധതയിൽ തള്ളുന്നു. അങ്ങനെ പഴയ മനുഷ്യനെ അർത്ഥി തന്നിൽ നിന്നും പൊളിച്ചുമാറ്റി പുതിയ മനുഷ്യനായി രൂപാന്തരപ്പെട്ട് ജലത്തിന്റെ ആഴങ്ങളിൽനിന്ന് മുകളിലേക്ക് തിരികെ വരുന്നു.

## 2. ജ്ഞാനസ്നാനം സഭാപ്രവേശന കൂദാശ

ജ്ഞാനസ്നാനം എന്ന അനുഷ്ഠാനം വഴി പുതുജീവൻ പ്രാപിക്കുന്ന ഒരുവൻ തിരുസ്സഭയിൽ അംഗമായി മാറുന്നു. പ്രാചീന ഗോത്രങ്ങളിലും മതങ്ങളിലും മതപരമായ സംഘടനകളിലും അംഗമാകുന്നതിന് ജ്ഞാനസ്നാനം പോലുള്ള ആചാരങ്ങളും അനുഷ്ഠാനങ്ങളും നടത്തേണ്ടിയിരുന്നു. പ്രാചീന റോമാക്കാർ തങ്ങളുടെ യുവത്തിടമ്പുകളെ പുരുഷ പ്രാപ്തിയുടെ വസ്ത്രം ധരിപ്പിക്കുക വഴി അവരുടെ സമൂഹത്തിലെ അംഗമായി അംഗീകരിക്കുന്നു. ആറുവയസ്സായ ബ്രാഹ്മണകുഞ്ഞിനെ പൂണൂൽ ധരിപ്പിക്കുക വഴി ബ്രാഹ്മിൻ സമൂഹത്തിലെ അംഗമാക്കുന്നു. അതുപോലെ ഒരുവൻ ക്രിസ്തുമതത്തിലെ ഔദ്യോഗിക അംഗമാകുന്നത് ജ്ഞാനസ്നാനം എന്ന പ്രാരംഭകൂദാശ വഴിയാണ്.

പരിഛേദനം യഹൂദന് ദൈവാലായ പ്രവേശനത്തിന് അർഹത നല്കുന്നതു പോലെ ജ്ഞാനസ്നാനം ദൈവത്തിന്റെ ആലയമായ സഭയിൽ ക്രിസ്ത്യാനിക്ക് പ്രവേശനം നല്കുന്നു. ബെനഡിക്റ്റ് 16-ാമൻ മാർപാപ്പാ സഭാപ്രവേശനത്തെക്കുറിച്ച് ഇങ്ങനെ പറയുന്നു: ജീവിതത്തിലോ, മരണത്തിലോ ഒരിക്കലും ഉപേക്ഷിക്കാത്ത സുഹൃത്തുക്കളുടെ സമൂഹത്തിലേക്ക് മാമ്മോദീസാവഴി ശിശു പ്രവേശിപ്പിക്കപ്പെടുന്നു.....ഇപ്പോൾ ശിശുവിനു പ്രവേശനം ലഭിച്ചിരിക്കുന്ന ഈ സുഹൃദ് സമൂഹം ഈ ദൈവകുടുംബം, എപ്പോഴും അവനോടൊപ്പം സഞ്ചരിക്കും. സഹനങ്ങളിൽപ്പോലും ജീവിതത്തിന്റെ ഇരുണ്ട രാത്രികളിൽപ്പോലും അങ്ങനെ ചെയ്യും. അത് അവന് ആശ്വാസവും സ്വസ്ഥതയും പ്രകാശവും നല്കും.

## 3. ജ്ഞാനസ്നാനം പാപികളുടെ മോചനം

ജ്ഞാനസ്നാനം പാപികൾക്കുള്ള കർമ്മമാണെങ്കിൽ ഒരു പാപവും ചെയ്യാത്ത യേശു എന്തിന് ജ്ഞാനസ്നാനം സ്വീകരിക്കണം? പാപക്കറയില്ലാത്ത ദൈവത്തിന്റെ കുഞ്ഞാടായ യേശു എന്തുകൊണ്ട് മാനസാന്തരത്തിന്റെയും അനുതാപത്തിന്റെയും ജ്ഞാനസ്നാം സ്വീകരിക്കണം? പുരോഹിതൻ ബലിമൃഗത്തെ പാപപരിഹാരബലിയായി അർപ്പിക്കുന്നത് ബലിമൃഗത്തിന്റെ പാപം ഇല്ലാതാക്കാനല്ല, പാപം ചെയ്ത മനുഷ്യന്റെ പാപം ഇല്ലാതാക്കാനാണ്. യേശുവും ദൈവത്താൽ പാപപരിഹാരബലിക്കുവേണ്ടി നിശ്ചയിക്കപ്പെട്ട ബലിമൃഗമായ ആട്ടിൻകുട്ടിയാണ്. ആരാധകൻ ബലിമൃഗത്തിന്റെ പുറത്ത് കൈകൾവച്ച് പാപമെല്ലാം അതിനെ കൂട്ടിയേല്പ്പിക്കുന്നു. അവൻ ബലിമൃഗത്തിന്റെ തലയിൽ കൈവയ്ക്കണം. അത് അവന്റെ പാപങ്ങളുടെ പരിഹാരത്തിനായി സ്വീകരിക്കപ്പെടും (ലേവ്യ 1:4). യേശുവാകുന്ന ബലിമൃഗത്തിന്റെ മേൽ ലോകത്തിന്റെ പാപമെല്ലാം കെട്ടിയേല്പിക്കപ്പെട്ടു. അതുകൊണ്ടാണ് ദിവ്യബലിയിൽ നാം ഇങ്ങനെ പറയുന്നത് ഇതാ ദൈവത്തിന്റെ കുഞ്ഞാട്, ഇതാ ലോകത്തിന്റെ പാപം നീക്കുന്നവൻ . ലോകത്തിന്റെ പാപം സ്വന്തം ചുമലിൽ ഏറ്റെടുത്ത യേശു പാപിയല്ല. കാരണം പാപം അവനറിയില്ലായിരുന്നു. അതുകൊണ്ട് ഹെബ്രായരുടെ പുസ്തകം പറയുന്നു. പിന്നെയോ, അവൻ ഒരിക്കലും പാപം ചെയ്തിട്ടില്ല (ഹെബ്രാ 4:15).

യോഹന്നാന്റെ ജ്ഞാനസ്നാനം സ്വീകരിക്കുക വഴി യേശു പാപിയാണെന്ന് ഏറ്റുപറയുകയല്ല ചെയ്തത്. നേരെമറിച്ച് ലോകത്തിന്റെ പാപങ്ങൾ സ്വന്തം ചുമലിൽ ഏറ്റെടുക്കുക വഴി യേശു പാപികളായ മനുഷ്യരുമായി താദാത്മ്യം പ്രാപിച്ചു. പാപികളായ മനുഷ്യരുമായി ഒന്നായതു കാരണം പാപികൾക്കുവേണ്ടിയുള്ള അനുതാപത്തിന്റെ ജ്ഞാനസ്നാനം യേശു യോഹന്നാനിൽ നിന്നും സ്വീകരിക്കുന്നു. യേശു സ്വന്തം പാപം നീക്കാനല്ല,

**ജീവിതത്തിലോ, മരണത്തിലോ ഒരിക്കലും ഉപേക്ഷിക്കാത്ത സുഹൃത്തുക്കളുടെ സമൂഹത്തിലേക്ക് മാമ്മോദീസാവഴി ശിശു പ്രവേശിപ്പിക്കപ്പെടുന്നു.....ഇപ്പോൾ ശിശുവിനു പ്രവേശനം ലഭിച്ചിരിക്കുന്ന ഈ സുഹൃദ് സമൂഹം ഈ ദൈവകുടുംബം, എപ്പോഴും അവനോടൊപ്പം സഞ്ചരിക്കും. സഹനങ്ങളിൽപ്പോലും ജീവിതത്തിന്റെ ഇരുണ്ട രാത്രികളിൽപ്പോലും അങ്ങനെ ചെയ്യും. അത് അവന് ആശ്വാസവും സ്വസ്ഥതയും പ്രകാശവും നല്കും**

ലോകത്തിന്റെ മുഴുവൻ പാപം നീക്കാനാണ് യോഹന്നാനിൽനിന്ന് ജ്ഞാനസ്നാനം സ്വീകരിക്കുന്നത്. കാരണം യേശുവിൽ ഒരു പാപവും ഇല്ലായിരുന്നു.

പരിശുദ്ധ ത്രിത്വത്തിലെ മൂന്നു ആളുകളെയും ഈ ലോകത്തിന് വെളിപ്പെടുന്ന ദിനമാണ് കർത്താവിന്റെ ജ്ഞാനസ്നാന തിരുന്നാൾ. മനുഷ്യന്റെ ആദ്യപാപത്താൽ അടയ്ക്കപ്പെട്ട സ്വർഗ്ഗം (ഉൽപ്പത്തി 3:23.24). തുറക്കപ്പെടുന്നത് യേശുവിന്റെ ജ്ഞാനസ്നാനത്തോടെയാണ് (മത്താ 3:16). തുറക്കപ്പെട്ട സ്വർഗ്ഗത്തിൽ നിന്ന് പരിശുദ്ധാത്മാവ് പ്രാപിന്റെ രൂപത്തിൽ യേശുവിന്റെമേൽ ഇറങ്ങി വന്നു. ആദിയിൽ ജലത്തിന്റെമേൽ ചലിച്ചുകൊണ്ടിരുന്ന ദൈവത്തിന്റെ ചൈതന്യം ആദ്യസൃഷ്ടി നടത്തിയെങ്കിൽ ക്രിസ്തുവിലൂടെ പുതിയ സൃഷ്ടി കർമ്മം ആരംഭിക്കുവാൻ വേണ്ടി പരിശുദ്ധാത്മാവ് ക്രിസ്തുവിന്റെ മേൽ ആവസിക്കുന്നു. ആത്മാവിന്റെ അഭിഷേകത്തിലൂടെ യേശു മിശിഹായായി ദൗത്യം ആരംഭിക്കുന്നു. ഈ ദൗത്യത്തിന് പിതാവായ ദൈവം അംഗീകാരം നല്കുന്നത് സ്വർഗ്ഗത്തിൽനിന്നുമുണ്ടായ സ്വരത്തിലൂടെയാണ്. ഇവൻ എന്റെ പ്രിയപുത്രൻ; ഇവനിൽ ഞാൻ പ്രസാദിച്ചിരിക്കുന്നു.

# വെള്ളം വീഞ്ഞാകണമെങ്കിൽ

**ആണ്ടുവട്ടം 2-ാം ഞായർ (ജനു. 16)**

ഏശ 62:1-5, 1 കൊറി. 12: 4-11, യോഹ. 2: 1-11

**ഫാ. വിക്ടർ എവരിസ്റ്റസ്**

**നമ്മുടെ ജീവിതം ആഘോഷമായി മുന്നേറുകയാണ്. ആഘോഷങ്ങളുടെ നടുവിൽ വീഞ്ഞു തീർന്നു പോകുന്ന അനുഭവങ്ങൾ നമുക്കുണ്ടാകാറുണ്ട്. പരാജയത്തിന്റെയും, രോഗത്തിന്റെയും, സാമ്പത്തിക തകർച്ചയുടെയും, പരിത്യക്താനുഭവത്തിന്റേതുമായ വീഞ്ഞുതീരുന്ന അനുഭവങ്ങൾ എന്തു ചെയ്യണമെന്നറിയാത്ത നൊമ്പരത്തിന്റെ നിമിഷങ്ങൾ!**

കേട്ടുപതിഞ്ഞ ഒരു കഥ പറയാം. യുദ്ധത്തിൽ പരാജിതനായ ഒരു രാജാവ് പടയാളികളെയും അനുയായികളെയും വിട്ട് പിന്തിരിഞ്ഞ് ഓടുകയാണ്. ശത്രുസൈന്യം പുറകെയും. ജീവൻ രക്ഷിക്കാനുള്ള അവസാന ശ്രമമാണ് പിന്തിരിഞ്ഞോട്ടം. അതും വിഫലമാകുമെന്ന് തോന്നിയ നിമിഷം. പരാജയവും മരണവും ഒരുമിച്ച് മനസ്സിനെ കീഴടക്കുന്ന സമയം.

പെട്ടെന്ന് മുന്നിലൊരു വൻവൃക്ഷം. പ്ലാവ്! അതിനൊരു പൊത്ത്. കഷ്ടിച്ച് ഒരാൾക്ക് ഉള്ളിൽ കടന്നിരിക്കാം. ചിന്തിച്ചു നിന്നില്ല. നിമിഷനേരം കൊണ്ട് മഹാരാജൻ പൊത്തിനുള്ളിൽ കടന്നു. ശ്വാസമടക്കിപ്പിടിച്ചിരുന്നപ്പോഴാണ് പൊത്തിന്റെ മൂലയ്ക്കൊരു ചിലന്തി രാജാവിന്റെ കണ്ണിൽപ്പെട്ടത്. മറ്റാരും കൂട്ടില്ലാത്ത ഏകാന്തതയിൽ ചിലന്തിയായി രാജാവിന്റെ കൂട്ട്.

അദ്ദേഹം ചിലന്തിയെ ശ്രദ്ധിച്ചു. അവൻ വല നെയ്യാനുള്ള ശ്രമത്തിലാണ്. ഒരു മൂലയിൽ നിന്നും മറ്റൊരു മൂലയിലേക്ക് അവൻ ചാടി... പരാജയപ്പെട്ട് താഴെ വീണു! രാജാവിന് സങ്കടം വന്നു. "പാവം കഷ്ടമായല്ലോ!

പക്ഷേ, ചിലന്തി സാവധാനം പിന്നെയും കയറിവന്നു. അടുത്ത ശ്രമം. 'പ്ളും' ഇത്തവണയും അവൻ താഴെ വീണു. ഇപ്പോഴത്തെ വീഴ്ച വലുതായിരുന്നു. ഇനിയവൻ എഴുന്നേൽക്കാൻ പോകുന്നില്ലെന്ന് രാജാവ് കരുതി. അൽപ്പം കഴിഞ്ഞപ്പോൾ, ദാ, ചിലന്തി പിന്നെയും കയറിവരുന്നു, അടുത്തചാട്ടത്തിനായി. വീണ്ടും പരാജയം. ഇത് ആറുതവണ ആവർത്തിച്ചു. ഏഴാമത്തെ ചാട്ടത്തിൽ അവൻ വിജയിക്കുകയും ചെയ്തു. ഇത് രാജാവിന്റെ കണ്ണുതുറപ്പിച്ചു. മനോവിശ്വാസം നിറഞ്ഞ മഹാരാജൻ മരപ്പൊത്തിൽ നിന്നും പുറത്തിറങ്ങി. ചിതറിപ്പോയ സൈന്യനിരയിൽ രാജാവിന്റെ ആത്മവിശ്വാസം ശക്തിയായി പടർന്നു കയറി. യുദ്ധവിജയത്തിലാണ് രാജാവിന്റെ ആത്മവിശ്വാസം ചെന്നുനിന്നത്.

നമ്മുടെ ജീവിതം ആഘോഷമായി മുന്നേറുകയാണ്. ആഘോഷങ്ങളുടെ നടുവിൽ വീഞ്ഞു തീർന്നു പോകുന്ന അനുഭവങ്ങൾ നമുക്കുണ്ടാകാറുണ്ട്. പരാജയത്തിന്റെയും, രോഗത്തിന്റെയും, സാമ്പത്തിക തകർച്ചയുടെയും, പരിത്യക്താനുഭവത്തിന്റേതുമായ വീഞ്ഞുതീരുന്ന അനുഭവങ്ങൾ എന്തു ചെയ്യണമെന്നറിയാത്ത നൊമ്പരത്തിന്റെ നിമിഷങ്ങൾ! അപ്പോൾ നാം എന്തുചെയ്യും?

ഈ ജീവിത സാഹചര്യത്തിന് മാതാവിന്റെ മാതൃകയാണ് ഉത്തരം. വീഞ്ഞുതീരുമ്പോൾ മറിയം കണ്ണുമടച്ച് യേശുവിൽ വിശ്വസിക്കുയാണ് ചെയ്യുന്നത് (2:3). തടസം പറയുന്ന യേശുവിൽ നിർബന്ധബുദ്ധിയോടെ അവൾ ശരണപ്പെടുകയാണ്. "അവൻ പറയുന്നത് ചെയ്യുക എന്ന മരിയ വചനത്തിന്റെ" (2:5) പൊരുൾ അതാ

ണ്. നീ എന്തുപറഞ്ഞാലും നീയല്ലാതെ മറ്റാരും എനിക്ക് ശരണമില്ലെന്നാണ് ഇതിന്റെ വ്യംഗ്യം. ഈ വിശ്വാസത്തിന്റെയും ശരണപ്പെടലിന്റെയും ആഴങ്ങളിലാണ് സമൃദ്ധിയുടെ പുതിയ സാധ്യതകൾ തുറക്കുന്നത്; വറ്റിയ കൽഭരണികളിൽ വെള്ളം നിറയുന്നതും നിറഞ്ഞ വെള്ളം മുന്തിയ വീഞ്ഞാകുന്നതും ഈ വിശ്വാസം കൊണ്ടാണ്.

ഇന്നത്തെ വചനസന്ദേശം വളരെ ലളിതമാണ്. ജീവിതത്തിൽ വീഞ്ഞ് തീർന്നുപോകുമ്പോൾ, വിശ്വസിക്കുക; യേശുവിൽ വിശ്വാസം അർപ്പിക്കുക. പരാജയവും വീഴ്ചകളും കൺമുൻപിലെ വാതിലുകളെല്ലാം അടയുമ്പോഴും അടയ്ക്കപ്പെടുമ്പോഴും യേശുവിൽ വിശ്വസിക്കുക. അങ്ങനെയെങ്കിൽ അത്ഭുതസാധ്യതകൾ പൊട്ടിമുളയ്ക്കുന്നത് നിനക്ക് കാണാനാകും.

ഇവിടെ മറക്കരുതാത്ത ഒരു കാര്യമുണ്ട്. നീ വിശ്വാസമർപ്പിക്കേണ്ട യേശു നിന്റെ ഉള്ളിൽ തന്നെയാണ്. ഉത്ഥിതൻ ഉള്ളിലാണ് സന്നിഹിതനാകുന്നത്. അതിനാൽ പരാജയത്തിന്റെ നടുവിലും മറക്കാതെ വിശ്വാസിക്കുക യേശു നിന്റെ ഉള്ളിലുണ്ട്. ഇതാണ് ക്രിസ്തു ശിഷ്യന്റെ ആത്മവിശ്വാസത്തിന്റെ അടിസ്ഥാനം. നിന്റെ ഉള്ളിലും കൂടെയുമുള്ള യേശുവിൽ വിശ്വാസമർപ്പിക്കുക. എങ്കിൽ ഒന്നിനും നിന്നെ പരാജയപ്പെടുത്താനാവില്ല. ഏഴല്ല, എഴുപതു പ്രാവശ്യം താഴെ വീണാലും പിന്നെയും നിനക്ക് വിജയിക്കാനാകും. മറക്കരുതാത്ത മറ്റൊരു സത്യം: ഈ വിശ്വാസമർപ്പിക്കേണ്ട യേശു നിന്റെ സഹചരനിലുമുണ്ട്; നിന്റെ സ്നേഹിതൻ/സ്നേഹിത, കൂടപ്പിറപ്പ്, ജീവിതപങ്കാളി, മക്കൾ ഇവരിലൊക്കെ യേശു സാന്നിധ്യമാണ് ഒളിഞ്ഞിരിക്കുന്നത്.

എത്രവലിയ പരാജയത്തിന്റെ നടുവിലും വിശ്വസിച്ച് ശരണപ്പെടാൻ ഒരു കൂട്ടുണ്ടായിരിക്കുക; എത്രവലിയ സങ്കടത്തിലും തലചായ്ച്ച് പൊട്ടിക്കരയാൻ ഒരു തോളുണ്ടായിരിക്കുക; ഏത് ഏകാന്തതയിലും കയറിച്ചെല്ലാൻ ഒരു ഭവനമുണ്ടായിരിക്കുക; ഏതു പാതകത്തിന് ശേഷവും ഏറ്റുപറയാൻ ഒരു കുമ്പസാരക്കൂട് ഉണ്ടായിരിക്കുക. ജീവിതത്തിൽ അത്ഭുതങ്ങളുടെ നന്മയുണർന്നുവരുവാൻ മറ്റൊന്നും ആവശ്യമില്ല.

ചുരുക്കത്തിൽ, വീഞ്ഞ് തീർന്നുപോകുന്ന പരാജയാനുഭവനങ്ങളിൽ പ്രത്യാശയുടെ അത്ഭുതങ്ങൾ മുഴുപ്പിക്കാൻ അവശ്യം വേണ്ടത് വിശ്വാസമാണ്. ആത്മവിശ്വാസവും, വിശ്വസിച്ച് ശരണപ്പെടാവുന്ന സൗഹൃദങ്ങളും വളർത്തിയെടുക്കാനായാൽ ശൂന്യമായ കൽഭരണികളിലൊക്കെ മുന്തിയ വീഞ്ഞ് നിറയുന്ന അത്ഭുതം ആവർത്തിക്കപ്പെടും.

# അഛേ ദിൻ ആനേ വാലേ ഹയ്

**ആണ്ടുവട്ടം 3-ാം ഞായർ (ജനു. 23)** നെഹെ. 8:2-4, 5-6, 8-10. 1 കൊറി. 12: 12-30, ലൂക്ക. 1: 1-4, 4: 14-21

**ഫാ. വിക്ടർ എവരിസ്റ്റസ്**

**നമ്മുടെ ദൈവാലയങ്ങളും ബലിയും നോമ്പും പ്രാർത്ഥനയും പെരുനാളും ധ്യാനവുമെല്ലാം നീതിയും കരുണയും വിശ്വസ്തതയും ഒഴുകുന്ന വറ്റാത്ത നീർച്ചാലുകളായി മാറണം. അപ്പോൾ കർത്താവിന് സ്വീകാര്യമായ വത്സരം, ദൈവരാജ്യം, നമ്മൾ ആഗ്രഹിക്കുന്ന നല്ല കാലം തനിയെ വന്നുകൊള്ളും.**

എല്ലാ രാഷ്ട്രീയപ്പാർട്ടികളും തിരഞ്ഞെടുപ്പിന് തൊട്ടുമുമ്പ് തങ്ങളുടെ പ്രകടനപത്രിക /കർമ്മപദ്ധതി ആഘോഷമായി പുറത്തിറക്കാറുണ്ട്. തങ്ങളുടെ പാർട്ടി അധികാരത്തിൽ വന്നാൽ എന്ത് സാമ്പത്തിക, സാമൂഹിക നയങ്ങളാണ് സ്വീകരിക്കാൻ പോകുന്നത്; എന്ത് അടിസ്ഥാനപരമായ കർമ്മപദ്ധതികളാണ് തങ്ങൾക്കുള്ളത് എന്നതാണ് പ്രകടനപത്രികയിൽ പറയുന്നത്. എന്നാൽ പലപ്പോഴും അത് പാലിക്കപ്പെടാറില്ല. അതുകൊണ്ടാണ് അഞ്ചു വർഷം കഴിയുമ്പോൾ വീണ്ടും ജനങ്ങൾ മറ്റു പാർട്ടികളിലേക്ക് ഉറ്റുനോക്കുന്നത്.

ഇവിടെയിതാ യേശുവിന്റെ കാലത്തും അന്നത്തെ യഹൂദർ എന്തൊക്കെയോ പ്രതീക്ഷിച്ചുകൊണ്ട് യേശുവിലേക്ക് ഉറ്റുനോക്കുന്നു.

യേശുവിന്റെ പരസ്യ ജീവിതത്തിന്റെ അജണ്ട അഥവാ പ്രോഗ്രാം വ്യക്തമാക്കുക എന്നതാണ് ഈ സുവിശേഷഭാഗത്തിന്റെ ലക്ഷ്യം. തുടർന്നു വരുന്ന വിവരണങ്ങൾ ഇതിന്റെ വിശദാംശങ്ങളാണ്. ദരിദ്രരോട് സുവിശേഷം അറിയിക്കുക, ബന്ധിതർക്ക് മോചനവും അടിച്ചമർത്തപ്പെട്ടവർക്ക് സ്വാതന്ത്ര്യവും അന്ധർക്ക് കാഴ്ചയും നൽകുക, കർത്താവിന്റെ സ്വീകാര്യമായ വത്സരം പ്രഖ്യാപിക്കുക എന്നിവയാണ് ഇനി യേശു ചെയ്യാൻ പോകുന്ന കാര്യങ്ങൾ. എന്നാൽ അതൊന്നും യേശുവിന്റെ സ്വന്തം പരിപാടികളോ കണ്ടുപിടിത്തങ്ങളോ അല്ല. പിതാവ് നിശ്ചയിച്ചതും ഏശയ്യാ പ്രവാചകനിലൂടെ പ്രഖ്യാപിച്ചതുമാണ്. (ഏശ.61:1,2).

യേശുവാകട്ടെ അവരെ നിരാശപ്പെടുത്തുന്നില്ല. അവർക്കുവേണ്ടത് കൂടുതൽ നിയമങ്ങളോ സിനഗോഗുകളോ റബ്ബിമാരോ അല്ലായെന്ന് യേശു മനസ്സിലാക്കി. ഉള്ളതിനെ വീണ്ടെടുക്കുകയാണ് വേണ്ടത്. നഷ്ടപ്പെട്ട അതിന്റെ ആത്മാവിനെ കണ്ടെത്തുകയും വീണ്ടെടുക്കുകയും പു

നരവതരിപ്പിക്കുകയുമാണ് ചെയ്യേണ്ട ത്. അതുകൊണ്ടാണ് യേശു താൻ വ ളർന്ന സ്ഥലമായ നസറത്തിലെ സി നഗോഗിൽ ഒരു തനി യഹൂദനായി മാ റുന്നത്. അവിടെ അത്ഭുതങ്ങൾ ഒന്നും ചെയ്യുന്നില്ല; പുതുതായി ഒന്നും പഠി പ്പിക്കുന്നില്ല. ഏശയ്യാ പ്രവാചകന്റെ പു സ്തകം എടുത്തു വായിക്കുന്നു. അ തിൽ നിന്നുതന്നെ തന്റെ പ്രകടന പ ത്രിക, കർമ്മപദ്ധതി, രക്ഷാകരദൗത്യം അവതരിപ്പിക്കുന്നു. കർത്താവിന്റെ ആ ത്മാവ് എന്റെ മേൽ ഉണ്ട്. ദരിദ്രരെ സു വിശേഷം അറിയിക്കാൻ അവിടുന്നെ ന്നെ അഭിഷേകം ചെയ്തിരിക്കുന്നു. ബന്ധികർക്ക് മോചനവും അന്ധർക്കു കാഴ്ചയും അടിച്ചമർത്തപ്പെട്ടവർക്കു സ്വാനന്ത്ര്യവും കർത്താവിനു സ്വീകാ ര്യമായ വത്സവും പ്രഖ്യാപിക്കാൻ അ വിടുന്നെന്നെ അയച്ചിരിക്കുന്നു (വാ.18,19).

പ്രവാചകന്മാർ പണ്ടേ പറ ഞ്ഞു വച്ചിരിക്കുന്ന കാര്യമാണിത്. യ ഹൂദർക്ക് നഷ്ടപ്പെട്ടുപോയ ഈ നീ തി, കാരുണ്യം, വിശ്വസ്തത എന്നി വയെപ്പറ്റിത്തന്നെയാണല്ലോ യേശു ഏശയ്യാ പ്രവാചകനെ ഉദ്ധരിച്ചുകൊ ണ്ട് പറഞ്ഞത്. അതും തന്റെ പരസ്യ ജീവിതത്തിന്റെ ആരംഭത്തിൽതന്നെ, താൻ വളർന്ന നഗരമായ നസ്രത്തിൽ തന്നെ, താൻ ബാലനും യുവാവുമാ യിരുന്നപ്പോൾ പോയിരുന്ന് വചനം ശ്രവിച്ചിരുന്ന സിനഗോഗിൽ വച്ചുത ന്നെ ഏശയ്യാ പ്രവാചകന്റെ വചന ങ്ങൾ തന്റെ മാനിഫെസ്റ്റോയായി അ വതരിപ്പിച്ചു.

ഇതുതന്നെയല്ലോ യേശു ത ന്റെ പരസ്യജീവിതത്തിലുടനീളം പ റയുകയും പ്രവർത്തിക്കുകയും ചെയ്യു ന്ന നീതി, കാരുണ്യം, വിശ്വസ്തത? ഇതുതന്നെയല്ലേ മനുഷ്യാവതാരത്തി ലൂടെ ദൈവപുത്രനായ യേശുവഴി ദൈവം പ്രഖ്യാപിച്ച കർത്താവിനു സ്വീ കാര്യമായ വത്സരം? .

നാം ഓണം ആഘോഷിക്കു ന്നു നല്ലകാലം വീണ്ടെടുക്കാൻ; സർ ക്കാർ പ്രഖ്യാപിക്കുന്നു നല്ലകാലം വ രുന്നു (അഛേ ദിൻ ആനേ വാലേ ഹ യ്) ദൈവാലയങ്ങളിൽ ദൈവപ്രീതി ക്കായി നേർച്ചകാഴ്ചകളർപ്പിക്കുന്നു നല്ല കാലത്തിനായി. നല്ല കാലം കർ ത്താവിനു സ്വീകാര്യമായ കാലമായി മാറുന്നത് നീതിയും കാരുണ്യവും വി ശ്വസ്തതയും നമ്മുടെ ഹൃദയങ്ങ ളിൽ, നാട്ടിൽ വന്നു നിറഞ്ഞു കവി യുമ്പോഴാണ്. ഈ കാലത്തെപ്പറ്റി ആ മോസ് പ്രവാചകൻ പറയുന്നു: നീതി ജലം പോലെ ഒഴുകട്ടെ സത്യം വറ്റാ ത്ത നീർച്ചാലു പോലെയും (ആമോ 5/24).

കർത്താവിന്റെ ദിനമെന്നു പ റഞ്ഞു കാണിച്ചു കൂട്ടുന്ന കാര്യങ്ങ ളെപ്പറ്റിയും ആമോസ് പ്രവാചകൻ പ റയുന്നു: കർത്താവിന്റെ ദിനത്തിനായി കാത്തിരിക്കുന്നവരെ നിങ്ങൾക്കു ദുരി തം! എന്തിനാണ് നിങ്ങൾക്ക് കർത്താ വിന്റെ ദിനം. അത് അന്ധകാരമാണ്, പ്രകാശമല്ല. നിങ്ങളുടെ ഉത്സവങ്ങളോ ട് എനിക്ക് വെറുപ്പാണ്, അവജ്ഞയാ ണ്. നിങ്ങളുടെ മഹാസമ്മേളനത്തിൽ എനിക്കു പ്രസാദമില്ല. നിങ്ങൾ ദഹ നബലികളും ധാന്യബലികളും അർ പ്പിച്ചാലും ഞാൻ സ്വീകരിക്കുകയില്ല. സമാധാന ബലിയായി നിങ്ങളർപ്പിക്കു ന്ന കൊഴുത്ത മൃഗങ്ങളെ ഞാൻ നോ ക്കുകയില്ല. നിങ്ങളുടെ ഗാനങ്ങളുടെ ശബ്ദം എനിക്കു കേൾക്കേണ്ട. നിങ്ങ ളുടെ വീണാനാദം ഞാൻ ശ്രദ്ധിക്കു കയില്ല. നീതി ജലം പോലെ ഒഴുക ട്ടെ. സത്യം ഒരിക്കലും വറ്റാത്ത നീർ ച്ചാലുപോലെയും (ആമോ 5 18-24).

നാം ആഗ്രഹിക്കുന്ന നല്ലകാ ലം നമ്മുടെ ഇടവകയിൽ, നാട്ടിൽ, രാ ജ്യത്ത് വരുന്നില്ലെങ്കിൽ അതിന് പ്ര തിവിധി തേടി പുത്തൻ ഇടങ്ങളിലേ ക്കും ആൾ ദൈവങ്ങളിലേക്കും അന്ധ വിശ്വാസങ്ങളിലേക്കും ആത്മീയതയു ടെ പുത്തൻ പാക്കേജുകൾ വച്ചു നീ ട്ടുന്ന വിഭാഗങ്ങളിലേക്കും പൊള്ള വാ ഗ്ദാനങ്ങൾ നൽകുന്ന രാഷ്ട്രീയ, പ്ര ത്യയശാസ്ത്ര പ്രസ്ഥനങ്ങളിലേക്കു മൊന്നു പോകണ്ട. പ്രവാചകന്മാരുടെ വചനങ്ങളിലേക്കും, എല്ലാറ്റിലുമുപരി യായി, യേശുക്രിസ്തുവെന്ന ദൈവ ത്തിന്റെ വിപ്ലവകാരിയുടെ ഇന്നു നാം വായിച്ചുകേട്ട മാനിഫെസ്റ്റോയിലേ ക്കും ജീവിതത്തെതിരിച്ചാൽ മതി.

നമ്മുടെ ദൈവാലയങ്ങളും ബലിയും നോമ്പും പ്രാർത്ഥനയും പെരുനാളും ധ്യാനവുമെല്ലാം നീതി യും കരുണയും വിശ്വസ്തതയും ഒ ഴുകുന്ന വറ്റാത്ത നീർച്ചാലുകളായി മാ റണം. അപ്പോൾ കർത്താവിന് സ്വീകാ ര്യമായ വത്സരം, ദൈവരാജ്യം, നമ്മൾ ആഗ്രഹിക്കുന്ന നല്ല കാലം തനിയെ വന്നുകൊള്ളും. ഇതിനപ്പുറത്ത് മറ്റൊ രു വിപ്ലവമില്ല, സോഷ്യലിസമില്ല, പ്ര ത്യാശയുടെ പ്രത്യയശാസ്ത്രമില്ല. നി ങ്ങൾ ആദ്യം അവിടുത്തെ രാജ്യവും നീതിയും അന്വേഷിക്കുക അതോടൊ പ്പം മറ്റുള്ളവയെല്ലാം നിങ്ങൾക്കു ല ഭിക്കും (മത്താ 6 33).

# പ്രവചനങ്ങൾ കാത്തിരുന്ന മിശിഹാ

**ആണ്ടുവട്ടം 4-ാം ഞായർ (ജനു. 30)** ജെറെ. 1:4-5, 17-19. 1 കൊറി. 12: 31, 13:13 . ലൂക്ക. 4: 21-30

**ഫാ. വർഗീസ് ജോസഫ്**

പ്രവചനങ്ങളൊക്കെ പിതാവിൽ നിന്നാ ണ്. പ്രവചിക്കുന്നത് പ്രവാചകനാണ്. പ്രവ ചനങ്ങളുടെ പൂർത്തീകരണം മനുഷ്യപു ത്രനിലും. ഈ മൂന്നുകാര്യങ്ങളും വളരെ കൃത്യമായി നടക്കുന്നതിലൂടെയാണ് രക്ഷാകര ചരിത്രം ധന്യമാകുന്നത്. പിതാ വിന്റെ ഇഷ്ടം തെരഞ്ഞെടുക്കപ്പെട്ട പ്രവാ ചകൻ വഴി നൽകപ്പെടുന്നത് മുന്നറിയി

പ്പിന്റെ സൂചനയാണ്. ഒരുക്കക്കാത്തിരിപ്പിനുള്ള മുന്നറിയിപ്പാണ് പ്രവചനങ്ങൾ. പ്രവചനങ്ങൾക്കൊക്കെ പൂർത്തീകരണം നൽകുന്നത് മനുഷ്യപുത്രന്റെ പരസ്യജീവിതമാണ്.

ജറെമിയാ പ്രവാചകന്റെ പുസ്തകത്തിലെ ജറെമിയ പ്രവാചകനുള്ള വിളിയാണ് ഒന്നാം വായന. കർത്താവ് എന്നോട് അരുളിചെയ്തു (ജെറ. 1:4) എന്ന വചനം വ്യക്തിപരമാണ്. ഒരു ജനതയോടോ ഒരു സമൂഹത്തോടോ അല്ല, മറിച്ച് ഒരു വ്യക്തിയോട് കർത്താവ് സംസാരിക്കുന്നതാണ് വചനഭാഗം.

ജ്ഞാനസ്നാനം സ്വീകരിച്ച എല്ലാവരും ക്രിസ്തുവിന്റെ പ്രവാചകദൗത്യത്തിൽ പങ്കുകാരാണ് എന്നത് മറന്നുപോകരുത്. വ്യക്തിപരമായി ദൈവം നൽകിയ നിയോഗം കേൾക്കുവാനും അത് പൂർത്തീകരിക്കുവാനും നമുക്ക് സാധിക്കണം. അമ്മയുടെ ഉദരത്തിൽ നിനക്ക് രൂപം നൽകുന്നതിന് മുൻപേ ഞാൻ നിന്നെ അറിഞ്ഞു (ജെറെ. 1:5) എന്ന കർത്താവിന്റെ വചനം ഏറെ ശ്രദ്ധേയമാണ്. 'രൂപം നൽകുന്നതിന് മുൻപേ' വചനത്തിൽ രൂപം നൽകുന്നത് ഉൽപ്പത്തി പുസ്തകം 2:74 ൽ കാണുന്നുണ്ട്. സൃഷ്ടിയുടെ ആരംഭത്തിന് മുൻപ് അറിഞ്ഞു എന്ന ഓർമപ്പെടുത്തലാണത്. 'അറിഞ്ഞു' എന്ന വചനം ഗാഢമായ വ്യക്തിബന്ധത്തെയാണ് സൂചിപ്പിക്കുന്നത്. ജനിക്കും മുൻപേ ഞാൻ നിന്നെ വിശുദ്ധീകരിച്ചു (ജറെ. 1:4) എന്ന വചനത്തിലെ വിശുദ്ധി ഏറെ ശ്രേഷ്ഠമായ പദമാണ്. ഇസ്രായേൽ ജനതയ്ക്ക് ഈ പദം ഏറെ സുപരിചിതമാണ്: സാബത്ത് വിശുദ്ധമായി ആചരിക്കണ (പുറപ്പാട് 20:8) മെന്ന് കർത്താവ് അവരെ പഠിപ്പിച്ചിട്ടുണ്ട്. വിശുദ്ധമായത് കർത്താവാണെന്ന് (പുറ 15:11) അവർ തിരിച്ചറിഞ്ഞു. അതുകൊണ്ട് കർത്താവിന്റെ പ്രവാചകൻ വിശുദ്ധനായിരിക്കണം.

വിശുദ്ധീകരിച്ച പ്രവാചകനെ ജനതകൾക്കായി നിയോഗിച്ചു. ജനങ്ങളുടെ സന്തോഷത്തിനും രക്ഷയ്ക്കുമായി പ്രവാചകൻ നിയോഗിക്കപ്പെടുന്നു. (ജറെ. 5:38, 7.6, 8.10: 15:8, 22.3, 16.17, 49:11).

പ്രവചനങ്ങളുടെ പൂർത്തീകരണം ക്രിസ്തുവിലാണ്. നിങ്ങൾ കേട്ടിരിക്കെത്തന്നെ ഇന്ന് ഈ തിരുവെഴുത്ത് നിറവേറിയിരിക്കുന്നു. പ്രവാചകൻ നാളയെക്കുറിച്ച് പറയുമ്പോൾ ക്രിസ്തു ഇന്നിൽ അത് പൂർത്തീകരിക്കുന്നു. കാത്തിരിപ്പിന് അവസാനം ക്രിസ്തുവിലാണ്. മിശിഹായെ നൂറ്റാണ്ടുകളായി കാത്തിരുന്ന ജനത ഈ പൂർത്തീകരണം തിരിച്ചറിയണം എന്നതുകൊണ്ട് തന്നെ പലയാവർത്തി ക്രിസ്തു അത് ഓർമപ്പെടുത്തുന്നുമുണ്ട് (ലൂക്ക. 11:20, 16-16, 17:20-21). പ്രവചനങ്ങളുടെ പൂർത്തീകരണം തിരിച്ചറിയാൻ തക്കവിധത്തിൽ തുറവിയുണ്ടാകണം. തുറവി നഷ്ടപ്പെട്ട ജനത മനുഷ്യപുത്രനോടു ജോസഫിന്റെ മകനല്ലേ എന്ന മട്ടിൽ കുറച്ചുകാണുന്നു. വിലകുറഞ്ഞ ചിന്തക്കൊടുവിൽ പ്രവാചകൻ സ്വന്തം നാട്ടിൽ സ്വീകരിക്കപ്പെടുന്നില്ല (ലൂക്ക 4:24) എന്ന വേദന നിറഞ്ഞ വാക്കോടെ ക്രിസ്തു സങ്കടപ്പെടുന്നുണ്ട്. ഇത് കാലത്തിന്റെ തികവിൽ ക്രിസ്തുപറഞ്ഞതാണ്. പ്രവാചകന്മാരെ അവഗണിച്ച വലിയൊരു ചരിത്രം ഇസ്രായേൽ ജനതക്കുണ്ട് (2 ദിന 36:16; ജെറെ 2:30; ആമോസ് 2:12). തുടർന്ന് 1 രാജാക്കന്മാരുടെ പുസ്തകം 17-ാം അധ്യായത്തിൽ ഏലിയാ പ്രവാചകൻ സീദോനിലെ വിധവയുടെ അടുക്കലേക്ക് അയക്കപ്പെട്ടത് ജനക്കൂട്ടത്തെ ഓർമ്മിപ്പിക്കുന്നു. ശേഷം രാജാക്കന്മാരുടെ പുസ്തകത്തിൽ 5. 1-14 വരെയുള്ള വാക്കുകളിൽ ഏലീശാ പ്രവാചകൻ സുഖപ്പെടുത്തിയ സിറിയാക്കാരനായ നാമാനെയും ഓർമ്മിപ്പിക്കുന്നു. കോപാകുലരായവർ ക്രിസ്തുവിനെ പട്ടണത്തിൽ നിന്ന് പുറത്താക്കുകയും മലയുടെ ശൃംഗത്തിൽ നിന്ന് താഴേക്ക് തെള്ളിയിടാനായി കൊണ്ടുപോവുകയും ചെയ്തു. ശാപവാക്കുപറഞ്ഞവനെയാണ് അന്നത്തെ നിയമം അനുസരിച്ച് പുറത്താക്കേണ്ടത് (ലേവ്യർ 24:14). എന്നാൽ ക്രിസ്തുവിന്റെ സദ്വാർത്തയെ പോലും ശാപവാക്കായി അവർ കരുതി. ക്രിസ്തുവിന്റെ വാക്കുകളെ സദ്വാർത്തയായി സ്വീകരിക്കാനാവാത്തതാണ് എല്ലാ കാലത്തിന്റെയും വേദന. പ്രവാചക ദൗത്യത്തിൽ പങ്കുചേർന്ന നാം നമ്മുടെ നിയോഗം ക്രിസ്തുവിലാണ് പൂർത്തീകരിക്കേണ്ടത്. അതാണ് നമ്മുടെ നിയോഗം.



Happy Christmas & New Year
Paulines
Daughters of St. paul
Althara - Thiruvananthapuram

## വചനജ്വാല

2022 ജനുവരി മാസം ബി.സി.സി. കൂട്ടായ്മകളിൽ ഉപയോഗിക്കാൻ തയ്യാറാക്കിയത്



# ‘വ്യക്തികൾ-കുടുംബം-കൂട്ടായ്മ: അജപാലന ദൗത്യം ബിസിസികളിൽ’

**ഫാ.സുരേഷ് പയസ്**
ബി.സി.സി. എക്സിക്യൂട്ടീവ് സെക്രട്ടറി

**1. പരിശുദ്ധാത്മാവിന്റെ ഗാനം**

**2. സ്വാഗതം: കുടുംബ നാഥൻ/നാഥ**

**3. യേശുവിനെ ക്ഷണിക്കൽ**

കുടുംബങ്ങൾ രക്ഷ പ്രാപിക്കാൻ കർത്താവായ യേശുവിൽ വിശ്വസിക്കുക എന്ന പൗലോസ് അപ്പസ്തോലന്റെ ആഹ്വാനം സ്മരിക്കാം. യേശുവിലുള്ള വിശ്വാസം ഓരോ കുടുംബങ്ങളും ആഴപ്പെടുത്തുകയും പരിപോഷിപ്പിക്കുകയും ബലപ്പെടുത്തുകയും ചെയ്യുകവഴി, കുടുംബങ്ങൾ നന്മയിൽ വളരുകയും അനുദിനം നവീകൃതരായി വിശുദ്ധിയിൽ ജീവിക്കുകയും ചെയ്യുന്നതിന് വേണ്ടി ഈശോയെ ഈ കൂട്ടായ്മയിലേക്ക് ക്ഷണിക്കാം...

**4. വചന ഗീതി**

**5. ദൈവ വചന പാരായണം:**
**മത്താ. 10:1–15**

**6. വചന വിചിന്തനം**

പുതിയ വർഷം ഒരു വെള്ളക്കടലാസുപോലെയാണ്. ദൈവകൃപയിൽ ആശ്രയിച്ചു ഒരു പുതിയ അദ്ധ്യായം എഴുതാനുള്ള അവസരമാണിത്. കഴിഞ്ഞ നാളുകളിലെ പരാജയങ്ങൾ മറന്നുകൊണ്ട് ഒരു പുതിയ കാൽവെപ്പിനായ് തയ്യാറാകുവാനുള്ള സമയം. ഓരോ ദിവസവും നിരാശപ്പെടുത്തുവാൻ വിവിധ സാഹചര്യങ്ങൾ വെളിപ്പെടാം. എന്നാൽ ഇപ്പോൾ എടുക്കുന്ന ചില തീരുമാനങ്ങൾ അതിനെ എല്ലാം മറികടക്കുവാൻ ശക്തി തരും. ഫ്രാൻസിസ് പാപ്പ പ്രഖ്യാപിച്ച സിനഡാത്മക സഭയിലെ അരൂപിയുടെ സ്വരം എല്ലാവരുടെയും ഹൃദയങ്ങളെ ഏകോപിപ്പിക്കുവാനും ഒന്നിച്ചു സഞ്ചരിക്കുവാനുള്ള വഴിയായിത്തീരട്ടെ. ഈ പുതുവത്സര നിറവിൽ അടിസ്ഥാന ക്രൈസ്തവ സമൂഹങ്ങളിൽ (ബി.സി.സി.) സൗഹൃദത്തിന്റെയും മനുഷ്യബന്ധങ്ങളുടെയും

കൂട്ടായ്മയും പങ്കാളിത്തവും പ്രേഷിതത്വവും യാഥാർത്ഥ്യമാകുവാൻ ക്രിസ്തുമാർഗ്ഗം സ്വീകരിക്കാം.

"അപ്പസ്തോലൻ" എന്ന വാക്കിന്റെ അർത്ഥം അയക്കപ്പെട്ടവൻ എന്നാണ്. പന്ത്രണ്ടുപേരുടെ പ്രേഷിത പ്രവർത്തനം യേശുവിന്റേതു തന്നെയാണ്. യേശു ചെയ്തതുപോലെ ദൈവരാജ്യം പ്രസംഗിക്കാനും, രോഗങ്ങൾ സുഖപ്പെടുത്താനും, മരിച്ചവരെ ഉയിർപ്പിക്കാനും, പിശാചുക്കളെ ബഹിഷ്ക്കരിക്കാനും അവർക്ക് അധികാരം നൽകപ്പെടുന്നു. യേശുവിന്റെ ദൗത്യം തുടരാൻ അയക്കപ്പെടുന്നവരാണവർ എന്നു ചുരുക്കം. യേശുവിന്റെ നിർദ്ദേശങ്ങളിൽ സമൂലമായ ദാരിദ്രവും പൂർണ്ണമായ വിയോഗവും ഉൾപ്പെടുന്നു. യാത്രയ്ക്കൊരുക്കമായി പണമോ ഭക്ഷണമോ ഒന്നിലധികം വസ്ത്രമോ എടുക്കരുത്. പ്രതിഫലം വാങ്ങരുതെന്ന കല്പനയും അതോടൊപ്പം ചേർക്കപ്പെടണം. "ദാനമായി നിങ്ങൾക്ക് കിട്ടി, ദാനമായി കൊടുക്കുവിൻ". ഇത്തരം ഒരു ജീവിതം തന്റെ പ്രേഷിതരിൽ നിന്ന് ആവശ്യപ്പെടാൻ യേശുവിന് പല കാരണങ്ങളുണ്ട്. പ്രേഷിതവേല പ്രധാനപ്പെട്ടതാണ്; അടിയന്തിരമാണ്; അതിനാൽ പൂർണ്ണമായ ശ്രദ്ധയും അതിന് കൊടുക്കണം. മിഷനറിമാർ അർഹനായ ഒരു ആതിഥേയനെ കണ്ടെത്തി അയാളുടെ കൂടെ താമസിക്കണം. അർഹനായവൻ അവരെയും അവരുടെ സന്ദേശത്തെയും സ്വീകരിക്കുന്നവനാകണം. ശിഷ്യരുടെ സമാധാനാശംസ നഷ്ടപ്പെടുന്നില്ല; സ്വീകരിക്കപ്പെടുകയോ അതേപ്പോലെ തിരിച്ച് വരുകയോ ചെയ്യുന്നു. അവരെ സ്വീകരിക്കാതെ വീടോ ഗ്രാമമോ വിട്ടുപോകുമ്പോൾ പാദങ്ങളിലെ പൊടിപ്പോലും തട്ടിക്കളയണമെന്ന് തന്റെ സന്ദേശവാഹകരോട് യേശു പറയുന്നു. സോദോമും ഗൊമോറയും ദൈവത്തിന്റെ സന്ദേശകരെ സ്വീകരിച്ചില്ല. അതിലും കഷ്ടമായിരിക്കും യേശുവിന്റെ സന്ദേശകരെ സ്വീകരിക്കാത്തവർക്ക്.

എതിർപ്പും സഹനവും ശിഷ്യർക്ക്/നമ്മൾക്ക് സാക്ഷ്യം വഹിക്കാനുള്ള അവസരമാണ്. അപ്പോൾ എങ്ങനെ സ്വയം സംരക്ഷിക്കണമെന്നതിനെക്കുറിച്ചോ എന്തുപറയണമെന്നതിനെക്കുറിച്ചോ ആകുലപ്പെടേണ്ട. സ്വർഗ്ഗസ്ഥനായ പിതാവിന്റെ അരൂപി നമ്മളിലൂടെ സംസാരിക്കും. എല്ലാവരാലും വെറുക്കപ്പെട്ടാലും നിരാശരാകരുത്. ശാരീരിക പീഢകൾ, ഒറ്റിക്കൊടുക്കൽ, വിദ്വേഷം, പീഡനം എന്നിവയുടെ മദ്ധ്യേ നമ്മൾ സ്ഥിരതയുള്ളവരായിരിക്കണം. "അവസാനം വരെ സഹിച്ചു നിൽക്കുന്നവൻ രക്ഷപ്പെടും" യഥാർത്ഥ ശിഷ്യൻ യേശുവിനെ കുരിശുവരെ അനുഗമിക്കാൻ തയ്യാറാവണം. അവിടുത്തോടുള്ള വിശ്വസ്തതയെക്കുറിച്ചു പറയുമ്പോൾ, രക്തസാക്ഷിത്വം തന്നെയാണ് യേശു ആവശ്യപ്പെടുന്നത്.

ഇക്കൊല്ലം ബി.സി.സി.കളിൽ നമ്മുടെ ദൃഷ്ടി കേന്ദ്രം വ്യക്തി – കുടുംബം – കൂട്ടായ്മ അജപാലന കർമ്മമായിരിക്കട്ടെ. നഷ്ടപ്പെട്ട വ്യക്തികളെയും കുടുംബങ്ങളെയും സുവിശേഷമാകുന്ന ക്രിസ്തുവിന്റെ വാതിലിലൂടെ പ്രവേശിപ്പിച്ച് മുറിവേറ്റവരെയും ഹൃദയം നുറുങ്ങിയവരെയും ശ്രവിച്ചും കൂടെ സഞ്ചരിച്ചും വ്യത്യസ്തതകളെ അംഗീകരിച്ച് സകലരെയും സമന്വയിപ്പിക്കുന്ന ക്രൈസ്തവ സമൂഹത്തെ രൂപപ്പെടുത്താം. പരിശുദ്ധാരൂപിയുടെ നവീകരണ പ്രക്രിയകളോടു തുറവിയോടും വിശ്വസ്തതയോടും വ്യാപരിക്കാം.

**7. റിപ്പോർട്ട്**

**8. ഹാജർ**

**9. ചർച്ച**

1) നമ്മുടെ സാഹചര്യങ്ങളിൽ എത്ര മാത്രം യേശുവിന്റെ അനുഗാമികളും സന്ദേശവാഹകരുമാണ് നമ്മൾ? സഹനവും ക്രൈസ്തവ ദൗത്യവും നാം എപ്രകാരമാണ് കോർത്തിണക്കുന്നത്?

2) ജീവൻ കൊടുത്ത് ജീവൻ ലഭ്യമാക്കണമെന്ന യേശുവിന്റെ പ്രബോധനം അന്വർത്ഥമാക്കാൻ നമ്മുടെ അനുദിന ജീവിതത്തിൽ നമുക്ക് എന്തു ചെയ്യാൻ സാധിക്കും?

**10. പൊതു അറിയിപ്പ്, ശുശ്രൂഷാ സമിതികളുടെ പ്രവർത്തനങ്ങളും വിലയിരുത്തലും**

**11. വിശ്വാസികളുടെ പ്രാർത്ഥന**

**12. സമാപന ഗാനം**

**13. നന്ദി**

## ചിത്രരചന പരിശീലനത്തിന് തുടക്കംക്കുറിച്ചു

പുല്ലുവിള: ഫെറോന വിദ്യാഭ്യാസ ശുശ്രൂഷ സമിതിയുടെ നേതൃത്വത്തിൽ ഫെറോനയിലെ വിവിധ ഇടവകയിലെ LP, UP, HS വിഭാഗം കുട്ടികൾക്കായുള്ള ചിത്രരചന പരിശീലനത്തിന് തുടക്കംക്കുറിച്ചു. പുല്ലുവിള ഫെറോന വിദ്യാഭ്യാസ കോഓർഡിനേറ്റർ ഫാ. പ്രദീപ് ജോസഫിന്റെ അധ്യക്ഷതയിൽ ചേർന്ന പ്രസ്തുത പരിപാടി അധ്യാപകനും, ഗിന്നസ് വേൾഡ് റെക്കോർഡ് ജേതാവുമായ വില്യം പനിപ്പിച്ച ഉദ്ഘാടനം ചെയ്തു. കുട്ടികളിൽ അന്തർലീനമായിരിക്കുന്ന കഴിവുകളെ പുറത്തുകൊണ്ടുവരുവാൻ ഈ പരിശീലനങ്ങൾ ഉപകരിക്കട്ടെ എന്ന് അധ്യക്ഷപ്രസംഗത്തിൽ ഫാ. പ്രദീപ് ജോസഫ് പറഞ്ഞു.



*പുല്ലുവിള: ഫെറോന വിദ്യാഭ്യാസ ശുശ്രൂഷ സമിതിയുടെ നേതൃത്വത്തിൽ നടന്ന ചിത്രരചനാ പരിശീലന പരിപാടിയിൽ നിന്ന്*

# Madonna® ELECTRONICS

Since 1987

**PULSATOR:** A device to ring existing church bells automatically, remotely or manually.
**CHANT:** This is a unique system of automatic, manual or remote controlled Church Bell Ringer using the existing amplifier of the Church. No need to use CDs, Pen Drives etc.
**ALTAR CURTAIN AUTOMATION:** A device to fold / unfold the existing church veils, remotely or manually.
**TUNED CHURCH BELLS:** Imported Quality Church Bells are available.
**SCHOOL BELL AUTOMATION:** System of automatically ringing the existing school bells.
**THURICOAL AUTOMATION:** Using coal and fire in same thurifer without any hardles of it.
**HOLY WATER TOUCHLESS:** Automatic one drop holy water touchless system.
**PURIFION:** Automatic touchless sanitizer system.

**Call: Felix Madonna - 98953 99881, 98952 98951**
Watch Pulsator channel in Youtube or visit: www.madonnapulsator.com

Pulsator® Patent
The Church Bell Ringer
*ISO 9001-2008 Certified Company*

Madonna Electronics
Madonna Building,
South Chittoor, Cochin - 682 027.
Kerala, India.
felixmadonna@gmail.com




**നേർക്കാഴ്ച**

ജെ.സി.

# സിൽവർലൈൻ പദ്ധതി പാരിസ്ഥിതിക സാമൂഹികാഘാതങ്ങൾ

2027 ൽ പൂർത്തീകരിക്കാൻ ലക്ഷ്യമിടുന്ന റെയിൽപദ്ധതിയുടെ അടങ്കൽത്തുക ഏകദേശം 64,000 കോടിരൂപയാണ്. യഥാർത്ഥ ചെലവ് ഇതിന്റെ രണ്ടോ മൂന്നോ ഇരട്ടിയായിരിക്കുമെന്ന് നീതി ആയോഗ് (കേന്ദ്ര പ്ലാനിംഗ് കമ്മീഷൻ) തന്നെ പറഞ്ഞിട്ടുണ്ട്. 90 ശതമാനത്തിലധികം വായ്പയിലൂടെയാണ് കണ്ടെത്തുക. ഇതിലെ യാത്രക്കാർ നൽകുന്ന പണം കൊണ്ട് പലിശ പോലും തിരിച്ചടയ്ക്കാൻ കഴിയില്ല എന്നാണ് വിദഗ്ധ അഭിപ്രായം. സാധാരണ നിരക്കിന്റെ അഞ്ചും ആറും മടങ്ങ് നിരക്ക് നൽകി എത്രപേർ ഈ പുതിയ തീവണ്ടിയിൽ യാത്രചെയ്യും. ഭാവി കേരളത്തിന്റെ വികസനത്തിൽ നിർണായക പങ്കുവഹിക്കുമെന്ന് സർക്കാർ പറയുന്ന റെയിൽ പദ്ധതിയാണ് സിൽവർലൈൻ. വിശദമായ പാരിസ്ഥിതിക പഠനം നടത്താത്തതും കേന്ദ്രാനുമതി ലഭിക്കാത്തതും പദ്ധതിയുടെ വിശ്വാസ്യതയ്ക്ക് കോട്ടം തട്ടുന്നതാണ്. കുടിയൊഴിക്കപ്പെടുന്നവരുടെ ആശങ്കകൾക്ക് മുകളിലാണ് ഈ പദ്ധതി നടപ്പിലാക്കാൻ പോകുന്നത്. പദ്ധതി എത്രപേരെ ബാധിക്കുമെന്നതുൾപ്പെടെയുള്ള കാര്യങ്ങൾ ഭൂമി വേർതിരിക്കുന്നതോടെ മാത്രമേ കൃത്യമായി മനസ്സിലാക്കാൻ കഴിയുവെന്നാണ് സർക്കാർ വാദം. ഭൂമി ഏറ്റെടുക്കലിനോട് ഇതിനോടകം തന്നെ എതിർപ്പുകൾ ശക്തമായിട്ടുണ്ട്. ഹരിത ട്രിബ്യൂണലിൽ കേസ് തുടരുമ്പോൾ തന്നെയാണ് പദ്ധതിക്കെതിരെ ജനങ്ങൾ ഒറ്റക്കെട്ടായി മുന്നിട്ടിറങ്ങിയിരിക്കുന്നത്.

കേരളത്തിന് ഈ പദ്ധതിയുണ്ടാക്കുന്ന ആഘാതങ്ങൾ ശരിയായി വിലയിരുത്തുക പോലും ചെയ്യാതെ ജനങ്ങളുടെ, വീടും പുരയിടങ്ങളും തൊഴിലിടങ്ങളുമെല്ലാം ഏറ്റെടുക്കുകയാണ് സർക്കാർ. 1226.45 ഹെക്ടർ ഭൂമിയാണ് ഏറ്റെടുക്കേണ്ടത്. 20000 ലധികം കുടുംബങ്ങൾ കുടിയൊഴിക്കപ്പെടും. ഇതിന് മുൻപ് കുടിയൊഴിപ്പിക്കപ്പെട്ടവർ പലരും ഇപ്പോഴും അഭയാർത്ഥി ക്യാമ്പുകളിലാണ്. അടിക്കടി ഉണ്ടാകുന്ന പ്രളയവും ഉരുൾപൊട്ടലും കേരളത്തിന്റെ പരിസ്ഥിതിയെ ഇതിനോടകം താറുമാറാക്കിക്കഴിഞ്ഞു. ഇതോടൊപ്പം കെ-റെയിൽ എന്ന ബ്രഹത് പദ്ധതികൂടി വരുന്നതോടുകൂടി ഉണ്ടാകുന്ന പ്രത്യാഘാതങ്ങൾ ചിന്തിക്കുന്നതിലും അപ്പുറമാണ്. ഈ പാത മുന്നൂറ് കിലോമീറ്റർ ദൂരം മണ്ണിട്ട് നികത്തിയ മതിലിന് മുകളിൽകൂടിയാണ് പോകുന്നത്. വെള്ളപ്പൊക്ക രേഖയിൽ നിന്ന് നാലുമീറ്റർ ഉയരത്തിൽ തെക്കുവടക്ക് കിടക്കുന്ന ഈ മതിലിന് പടിഞ്ഞാറ് വശത്തേക്ക് കിഴക്കു നിന്ന് വരുന്ന ജലം എങ്ങനെ ഒഴുകിപോകും എന്ന ആശങ്കമാത്രം മതി ദുരന്തത്തിന്റെ തീവ്രത മനസ്സിലാക്കാൻ. ഈ പുതിയ പാതയുടെ നിർമാണ ചിലവ് കിലോമീറ്ററിന് 121 കോടി രൂപയാണ് ഇന്ത്യൻ റെയിൽവേയുടെ ഒരു കിലോമീറ്റർ ബ്രോഡ്ഗേജ് പാതയുടെ നിർമാണ ചിലവ് കേവലം 20 കോടി രൂപമാത്രം. കാസർകോഡ് നിന്ന് അഞ്ചു മണിക്കൂർ കൊണ്ടു തലസ്ഥാനത്ത് എത്താം. ഈ സാഹചര്യത്തിൽ 200 കിലോമീറ്റർ വേഗതക്കായി ഇത്രയധികം പണം മുടക്കേണ്ടതുണ്ടോ എന്നതാണ് ചോദ്യം.

റെയിൽവേയുടെ വന്ദേഭാരത് എക്സ്പ്രസ് എന്ന മറ്റൊരു പദ്ധതി വരുന്നുണ്ട്. നിലവിലുള്ള റെയിൽവേ ലൈനിന് സമാന്തരമായി ഒരു ലൈനുണ്ടാക്കുകയാണ് ലക്ഷ്യം. ഇതിനായി വളവുകൾ നേരെയാക്കുക, സിഗ്നൽ സംവിധാനം മെച്ചപ്പെടുത്തുക, റെയിൽവേ സ്റ്റേഷൻ മെച്ചപ്പെടുത്തുക ഇവയൊക്കെ ചെയ്യാൻ കെ. റെയിൽവേ പദ്ധതിക്കായി നീക്കിവയ്ക്കാൻ പോകുന്ന പണത്തിന്റെ ഏഴിലൊന്നും, പത്തിലൊന്ന് സ്ഥലവും എടുത്താൽ മതിയാവും. യാതൊരു പരിസ്ഥിതി പ്രശ്നവുമില്ലാതെ ഇത് നടപ്പിലാക്കാൻ കഴിയും. ഇത്രയേറെ ചെലവേറിയ ഒരു പദ്ധതി നടപ്പിലാക്കുന്നതിന് മുമ്പേ സമഗ്രമായ ഒരു ഗതാഗത നയം രൂപവൽക്കരിക്കണം. ഏറ്റവും ചുരുങ്ങിയത് സർക്കാർ തന്നെ പ്രഖ്യാപിച്ചിരിക്കുന്ന പാരിസ്ഥിതിക സാമൂഹിക ആഘാതപഠനഫലം വരുന്നതുവരെയെങ്കിലും കാത്ത് നിൽക്കാനുള്ള സാവകാശം സർക്കാർ കാണിക്കണം. പാരിസ്ഥിതികാഘാത പഠനം നടത്താതെ സാമ്പത്തിക സാധ്യത മുന്നിൽ കാണാതെ, കേന്ദ്രാനുമതി കിട്ടാതെ ഈ പദ്ധതിയുമായി സർക്കാർ എന്തിന് വേണ്ടിയാണ് മുന്നോട്ടുപോകുന്നത്? വിശദമായ പഠനങ്ങൾ നടത്താതെ ഭൂമി ഏറ്റെടുക്കൽ നടപടികളുമായി സർക്കാർ മുന്നോട്ടുപോകരുത്. ■

## തീർത്ഥാടന തിരുനാൾ

# സെന്റ് ജൂഡ് ദൈവാലയം

## കിള്ളിപ്പാലം, തിരുവനന്തപുരം

**2022 ജനുവരി 27 മുതൽ ഫെബ്രുവരി 3 വരെ**

കിള്ളിയാറിന്റെ തീരത്ത് അരികിലണയുന്ന അനേകായിരങ്ങൾക്ക് ശാന്തിദൂതുമായി അസാധ്യകാര്യങ്ങളുടെ മധ്യസ്ഥനായും തീരാവ്യാധികളിൽ വേദനിക്കുന്നവർക്ക് ആശ്വാസമായും ലോകം മുഴുവൻ അറിയപ്പെടുന്ന വിശുദ്ധ യൂദാശ്ലീഹായുടെ തീർത്ഥാടന തിരുനാൾ 2022 ജനുവരി മാസം 27 മുതൽ ഫെബ്രുവരി 3 വരെ തിയതികളിൽ കിള്ളിപ്പാലം സെന്റ് ജൂഡ് ദേവാലയത്തിൽ ആഘോഷിക്കുമ്പോൾ ഈ വിശുദ്ധന്റെ പ്രത്യേക മധ്യസ്ഥതയിൽ അനുഗ്രഹങ്ങൾ പ്രാപിക്കുവാൻ ഏവരെയും ഹൃദയപൂർവ്വം ക്ഷണിക്കുന്നു.

**കൊടിയേറ്റ് ജനുവരി 27 വൈകിട്ട് 6 ന്**

റവ. ഫാ. ശാന്തപ്പൻ മരിയദാസ് (റെക്ടർ , സെന്റ് ജൂഡ് ശ്രൈൻ)

**തിരുനാൾ ദിനങ്ങളിൽ:** വൈകു. 5.00 ന് ജപമാല, നൊവേന, ദിവ്യബലി

**തിരുനാൾ ദിനം ഫെബ്രുവരി 3 ന് വൈകു. 5.00 ന്**

**ആഘോഷമായ പൊന്തിഫിക്കൽ ദിവ്യബലി**

മുഖ്യകാർമ്മികൻ

**ബിഷപ്പ് ഡോ. ക്രിസ്തുദാസ് ആർ.**

(തിരുവനന്തപുരം ലത്തീൻ അതിരൂപത സഹായമെത്രാൻ)



റെക്ടർ, പാരിഷ് കൗൺസിൽ & തിരുനാൾ കമ്മറ്റി

Total Page 56
Pub. Date : 01.01.2022
RNI Registered NO. 36056/81 REG NO. KL/TV(S)266/2021-2023. WPP NO. KL/TV(S)WPP/171/2021-2023 JEEVANUM VELICHAVUM Rs. 25.00




Printed and Published by Fr. Eugine H. Pereira the Archdiocese of Trivandrum, Printed at Jeevajyothi Offset Press,
Vellayambalam, TVM - 695003. Phone: 0471-2311620. Published at Trivandrum, Animation Centre, Vellayambalam-695003. Editor : Fr. Deepak Anto